പത്രാധിപർ:
കെ. നാരായണക്കുറുപ്പ്.

മാനേജിംഗ് എഡിറ്റർ:
കലവറ കൃഷ്ണൻനായർ B A.

O.N.V. Kurup.
Chavara.

ചവറ





വിഷയവിവരം

മഹാകവി ഉള്ളൂർ
ശ്രീ. എൻ. ബാപ്പുരാവു ബി. എ., ബി. എൽ.

മതവും, തത്വശാസ്ത്രവും, ശാസ്ത്രവും
വിവ: ശ്രീ. മുഖത്തല എൻ. രാഘവൻ പിള്ള
ബി. എ., എൽ. റ്റി.

രാമരാജ്യം—(കവിത)
യുക്കോടിത്താനം,
ശ്രീ. ഗോപിനാഥൻനായർ ബി. എ.

സംസ്കാരത്തിന്റെ ഉത്ഭവസ്ഥാനങ്ങൾ
പ്രഫസർ ഡാ കെ. ഭാസ്കരൻനായർ.

ഇന്നത്തെ തൊഴിൽത്തർക്കങ്ങൾ
തൂവയൂർ ശ്രീ. ജി. ഫാബേൽ.

ആത്മനിരീക്ഷണം—(കവിത)
പുതുക്കാട്ട് ശ്രീ. പി. കൃഷ്ണകുമാർ.

ടാഗോർ—
നമ്മുടെ ദേശീയപുനരുദ്ധാരകൻ
ശ്രീ. കെ. കൃഷ്ണൻനായർ, ശാന്തിനികേതനം.

പരിവർത്തനത്തിന്റെ നെടുവീർപ്പ്—
(കവിത)
ശ്രീ. ഒ. എൻ. വി. കുറുപ്പ്.

സാഹിത്യകലയിലെ മിസ്റ്റിസിസ്സം
ശ്രീ. കെ. സി. പിള്ള എം. എ., ബി. റ്റി.

കരീന്ദ്രൻ
ശ്രീ. കോന്നിയൂർ ഗോവിന്ദപ്പിള്ള.

"ശ്രീമതി"യും "ചിത്രാംഗദ"യും—
(ഒരാസ്വാദനം)
"വി"

ചതുമ്മാനലോകം—ഒരു പരിചിന്തനം
ശ്രീ. കെ. സി. എൻ. വാഴന്നവർ, N. മലബാർ

ഡെൽഹി—(കവിത)
ശ്രീ. എസ്. പുരുഷോത്തമൻനായർ.

കേരളീയകലകളുടെ ശാസ്ത്രീയത
ശ്രീ. വടക്കുംകൂർ രാജരാജവർമ്മ.

പ്രിൻസിപ്പാൾ
ശ്രീ: എൻ. ഗോപാലപിള്ള
(ഒരു തൂലികാചിത്രം)
ശ്രീ. ആദി. കേശവൻ.

സപ്തദേവത
വിവ: ശ്രീ. ജെ. ഹെൻറി ബി.എ., വടക്കാഞ്ചേരി.

"ഇതാണെന്റെ പ്രാർത്ഥന"(ഒരു കത്തു)
വിവ: എൻ. ബി. ആർ.

"ഇനിയാരു"—"
വിവ. എൻ. ബി. ആർ.

സ്വതന്ത്ര ഫാർമസി

Regd: H. O. ചാലക്കുടി (Cochin State)

Chief Branches:-കോഴിക്കോട്ട് Y. M. C. A. റോഡ് & വക്കല, തിരുവിതാംകൂർ.

വാവുതോറും വളഞ്ഞുകനിഞ്ഞിരുന്ന പ്രാവിൻകൂടിന്റെ പ്രതീതി ജനിപ്പിക്കുന്ന "ഘുർഘുർ" ശബ്ദത്തോടുകൂടി മേലോട്ടു വലിക്കുന്ന വലി കാണികളുടെ മനസ്സുലിയിക്കും. വലിയും ചുമയുംകൊണ്ടു വലയുന്നവർക്ക് ഒരു ബന്ധുവുണ്ട്. ഞങ്ങളുടെ

കരിംകുരങ്ങുരസായനം

റാത്തൽ 1-ന് രൂ. 5. പാക്കിംഗ് പോസ്റ്റേജ് വേറെ.

അകാരണമായ ക്ഷീണം, തളർച്ച, പാരവശ്യം, ദാഹം, കുത്തിഎറിച്ചിൽ എന്നീ ലക്ഷണങ്ങളും ഒരു സ്ത്രീയിൽ കാണുമ്പോൾ, ലജ്ജകൊണ്ടു മൂടിവച്ചിരിക്കുന്ന ഹൃദ്രോഗത്തിന്റെ പ്രതിഫലനമാണെന്നു മനസ്സിലാക്കണം. സ്ത്രീക്കായാലും പുരുഷനായാലും ഹൃദ്രോഗങ്ങളും ബാധിച്ചാൽ

ഹിമാംശുപ്രകാശം

സേവിച്ചു പരിപൂർണ്ണസുഖം പ്രാപിക്കാം. റാത്തൽ 1-ന് രൂ: 5. പാക്കിംഗ് പോസ്റ്റേജ് വേറെ.
പൂർണ്ണ ശാസ്ത്രീയനിഷ്കർഷയോടുകൂടി തയാർചെയ്തിട്ടുള്ള എല്ലാ ഔഷധങ്ങളും തയാറുണ്ട്.

പ്രൊപ്രൈറർ, വി. ഗംഗാധരൻവൈദ്യർ, വൈദ്യകലാനിധി.

ശ്രീധന്വന്തരിമഠം വൈദ്യശാല

പുത്തൻചന്ത,
തിരുവനന്തപുരം.

101 ആവർത്തിച്ചക്ഷീരബലാതൈലം, കസ്തൂര്യാദിഗുളിക, ദശമൂലാരിഷ്ടം, മാനസമിത്രം മുതലായ ഔഷധങ്ങൾ വി. പി. യായും അയയ്ക്കപ്പെടും.

ക്യാറ്റലോഗിന് 2 ണ. സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ.

'കമലാ സോപ്പുകൾ'

വാഷിംഗ് & ടോയിലറ്റ്

ശാസ്ത്രീയമായി നിർമ്മിച്ചു ഏറ്റവും ചുരുങ്ങിയവിലയ്ക്കു വിതരണംചെയ്തുവരുന്നു.

നിർമ്മാതാക്കൾ:—

സഹകരണ സെൻട്രൽ സ്റ്റോർ സോപ്പുവർക്ക്സ്

പുത്തിയിൽ ബിൽഡിംഗ്സ്,
ഹരിപ്പാട്.

സബ് ഏജൻറന്മാരെ ആവശ്യമുണ്ട്.
വിവരങ്ങൾക്ക് എഴുതുക:- സെക്രട്ടറി,
സെൻട്രൽ കോവാപ്പറേറ്റീവ് സൊസൈറ്റി,
No. 2413, ഹരിപ്പാട്.

കേരളവർമ്മസ്മാരകം – ഉപഹാരമാല

കേരളവർമ്മദേവന്റെ ശതവർഷോത്സവക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ
പ്രസിദ്ധപ്പെടുത്തിയ കൈരളിയുടെ ഒരു അമൂല്യസമ്പത്ത്.

കേരളത്തിലെ കേമന്മാരായ കവികളുടെ സൂര്യപുരുഷനെപ്പറ്റിയുള്ള ഉപന്യാസങ്ങളും, അനവധി ഹാഫ്ടോൺചിത്രങ്ങളും, മുഖചിത്രമായി ചേർത്തിരിക്കുന്ന ത്രിവർണ്ണാങ്കിതമായ മയൂരസന്ദേശചിത്രവും ഏറ്റവും ഹൃദ്യതരം. ഡമ്മി $\frac{1}{4}$ വലിപ്പത്തിൽ 160-ൽപരം പേജുകൾ!

വില രൂ: 2 ണ: 8.

ലേഖനമാല

ഗ്രന്ഥകർത്താ, സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ.

അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഭിന്നവിഷയങ്ങളെ അധികരിച്ച് പലപ്പോഴായി രചിച്ചിട്ടുള്ള ലേഖനപമ്പരകളുടെ ഒരു സമൃദ്ധസമാഹാരം! കൈരളിയുടെ ഒരു അമൂല്യസമ്പത്ത്!! സഹൃദയന്മാർക്ക് ഒരു അനശ്വരമായ സംഭാവന!!! വില രൂ: 2 ണ: 8.

രാമായണം, ഭാഗവതം, ഭാരതം, ഭഗവദ്ഗീത, ദേവീഭാഗവതം, ഉപനിഷത്തുകൾ എന്നിങ്ങനെയുള്ള ആദ്ധ്യാത്മികഗ്രന്ഥങ്ങളും അനവധി നോവലുകളും, പ്രചാരമുള്ള എല്ലാ ഹിന്ദീപുസ്തകങ്ങളും എപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്.

മാനേജർ, **ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.**

കലാനിധി

ഒരു കഥാമയസാഹിത്യമാസിക

പ്രധാന പത്രാധിപർ:—
ശ്രീ. ആർ. നാരായണപ്പണിക്കർ B. A. L. T.

ഓരോ മലയാളമാസവും 1-നു തന്നെ ക്രൌൺ $\frac{1}{4}$ സൈസിൽ 100-ൽപരം പേജുകളോടുകൂടി തിരുവനന്തപുരം റെഡ്യാർപ്രസ്സിൽനിന്നും ശ്രീ. റ്റി. സുബ്ബയ്യാറെഡ്യാരുടെ ഉടമസ്ഥതയിൽ പുറപ്പെടുവിക്കുന്ന ഈ മാസികയ്ക്ക് ഭാരതത്തിൽ മാത്രമല്ല, സിലോൺ, സിംഗപ്പൂർ, ഇറാൻ, ഇംഗ്ലണ്ട്, അമേരിക്ക, ചൈന മുതലായ മറുനാടുകളിലും ധാരാളം പ്രചാരം ലഭിച്ചുവരുന്നു. കലാനിധിയിൽ പരസ്യംചെയ്യൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തുക.

ഒരുകൊല്ലത്തേക്ക്	രൂപാ 6	ആറുമാസത്തേക്ക്	രൂപാ 3 ണ. 8
ഒറ്റപ്രതിക്ക് (ഏജൻസിവഴി)	ണ. 8	ഇൻഡ്യയ്ക്കു വെളിയിൽ	,, 8 ,, 0

മാനേജർ, "കലാനിധി" റെഡ്യാർപ്രസ്സ്, തിരുവനന്തപുരം.

— ഞങ്ങൾ വരുന്നു —

ഏഴുവർഷങ്ങളായി പ്രശസ്തനിലയിൽ നടന്നുവരുന്ന

ദീനബന്ധു

എറണാകുളത്തുനിന്നും പുറപ്പെടുന്ന പ്രഭാതദിനപ്പത്തിപ്പ്. കൊച്ചി—തിരു. സംയോജനത്തിനുശേഷം ഓരോ ദിവസവും മദ്ധ്യാഹ്നത്തിനുമുമ്പായി നിങ്ങൾക്കും "ദീനബന്ധു" വായിക്കാം.

മലയാളഹരിജൻ

മഹാത്മജിയുടെ ഹരിജൻ വാരികയുടെ മലയാളപ്പതിപ്പ്. എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധപ്പെടുത്തുന്നു. ഏജൻസി ഇല്ലാത്തസ്ഥലങ്ങളിലേക്ക് ഏജൻറുമാരെ ആവശ്യമുണ്ട്. ഏജൻസിനിബന്ധനകൾക്കും പരസ്യനിരക്കുകൾക്കുംമറ്റും എഴുതിച്ചോദിക്കുക.

മാനേജർ, ദീനബന്ധു, എറണാകുളം.

'അശ്രുധാര'യിലൂടെ

ഉന്മിഷൽക്കാവ്യപ്രകാശം വിതറിയോ-
രുജ്ജ്വലരത്നപ്രദീപം പൊലിഞ്ഞുപോയ്;
ഏകാന്തവീഥിയിൽത്തോരണംചാർത്തിയ-
ക്കേകാമുഖരം മയൂരം പറന്നുപോയ്
സുന്ദരകാവ്യകലാശ്ലിഷ്ടസഞ്ചാര-
സന്ദേശശംഖനിനദം നിലച്ചുപോയ്
യത്നസംലബ്ധമനന്തപുരത്തിലെ
രത്നനിർഗ്ഗാഹാദപാരമടഞ്ഞുപോയ്.
ഏറും നവനവപ്രജ്ഞയും, പാഴ്നര-
കേറിവലയ്ക്കാത്തൊരാർദ്രതയുമവും,
കൃത്തൃമൗത്സുക്യമുള്ള ഗവേഷണബുദ്ധിയും,
ക്ലേശകൃഷ്ടമാം പ്രതിഭാപ്രസരവും,
സമ്മാന്യമൗദാര്യശീലവും, ക്ഷാന്തിയും,
ജന്മാന്തരാർജ്ജിതവാസനാശക്തിയും,
അർത്ഥിക്കു കല്പകമാകും വചനവും,
അർത്ഥഗംഭീരമാം നേത്രചലനവും
ഒക്കെയും ചാമ്പൽ ഞൊടികൊണ്ടു, ചെ-
നക്കിമിനുക്കിജ്വലിക്കും ചിതാഗ്നിയിൽ!
കാലംപിഴച്ചുവോ കോമരമില്ലാത്ത
കാവായിരുണ്ടുവോ കേരളസാഹിതി?

* * *



ഒപ്പമടങ്ങീ കളിവിളക്കിൻതിരി;
തല്പദംചിന്നും മണിക്കിലുക്കങ്ങളും;
ചേണെഴുമാട്ടം കഴിഞ്ഞു, യവനിക
വീണു; കിരീടമഴിച്ചു മഹാനടൻ
താപത്രയമറും വിശ്രമമേൽക്കയായ്,
ശ്രീപത്മനാഭപദകമലങ്ങളിൽ!

ശ്രീ. പി. കുഞ്ഞിരാമൻനായർ—(മാതൃഭൂമിയിൽനിന്നും)

ടാഗോർ

പുസ്തകം ൪ | 1949 ജൂൺ—ജൂലായ്. 124 ഇടവം—മിഥുനം. | ലക്കം ൫

മഹാകവി ഉള്ളൂർ

എൻ. ബാപ്പുറാവു, ബി എ., ബി. എൽ.

ഉള്ളൂർ—മലയാളത്തിനു് മറക്കുവാനരുതാത്ത പേരു്—

അദ്ദേഹം ലോകരംഗത്തുനിന്നു മറഞ്ഞു നിത്യശാന്തി വരിച്ചിരിക്കുന്നു. ആ ശാന്തി അഭംഗം തുടരുമാറാകട്ടേ!

ഉള്ളൂർ—അദ്ദേഹം മലയാളഭാഷയ്ക്കും മലയാളസാഹിത്യത്തിനുംവേണ്ടി എന്തു ചെയ്തു? സമകാലികന്മാരുടെ ഉത്തരങ്ങൾ വിവിധങ്ങളായിരിക്കും; വിവിധങ്ങളായേതീരൂ. എന്നാൽ ഒരു അമ്പതുകൊല്ലം കഴിയുമ്പോൾ അന്നത്തെ ഭാഷാചരിത്രകാരൻ, സാഹിത്യചരിത്രകാരൻ ശരിയായ ഉത്തരം രേഖപ്പെടുത്തും. അന്നു മൂല്യകല്പനകളുടെ തോതുകൾക്കു ഒരു സ്ഥിരതകിട്ടിക്കഴിഞ്ഞിരിക്കും. നിരുപണങ്ങളിൽ ഇഷ്ടാനിഷ്ടങ്ങളുടെ സ്ഥാനത്തു ശാസ്ത്രീയമായ വിശകലനബുദ്ധി പ്രതിഷ്ഠാപിച്ചുകഴിഞ്ഞിരിക്കും. ഇവയുടെ എല്ലാം ഫലമായി നാം നേരിനോടോ നേരു നമ്മോടോ കൂടുതൽ അടുത്തുകഴിഞ്ഞിരിക്കും. അന്നു ചരിത്രകാരൻ ഏതാണ്ടു താഴെപ്പറയുന്ന ആശയങ്ങൾ രേഖപ്പെടുത്താതിരിക്കയില്ലെന്നാണു് വിശ്വാസം.

"—സകല മണ്ഡലങ്ങളിലും ഭാരതന്ത്ര്യം ഉരുക്കുമുഷ്ടി ഉറപ്പിച്ചുകഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽ, മലയാളക്കരയിലെ ജനസമൂഹവും ഭാഷയും സാഹിത്യവും സ്വാതന്ത്ര്യകാംക്ഷയുടെയും സ്വാതന്ത്ര്യപ്രാപ്തിക്കുള്ള കഴിവിന്റെയും നിരാക്ഷേപമായ തെളിവുകൾ പ്രകാശിപ്പിച്ചിരുന്ന എങ്കിലും അവ പ്രവർത്തനമായി രൂപം പ്രാപിച്ചു തുടങ്ങുകമാത്രം ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ രംഗപ്രവേശം ചെയ്ത ഒരു പ്രവർത്തനനിരതനായിരുന്ന ഉള്ളൂർ. എഴുപത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം ലോകം വിട്ടപ്പോൾ നമ്മുടെ പാരതന്ത്ര്യങ്ങളെല്ലാം ഏറെക്കുറെ നീങ്ങിക്കഴിഞ്ഞിരുന്നു. ഗാന്ധിയുഗം ഇൻഡ്യയുടെ സ്വാതന്ത്ര്യം നേടി

ക്കഴിഞ്ഞു. സാമൂഹ്യജീവിതം നൂതനങ്ങളായ നിയമങ്ങൾ അനുസരിച്ചു രൂപംപ്രാപിച്ചുതുടങ്ങി. മലയാളഭാഷയ്ക്കു നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു ഗദ്യശൈലിയും പദ്യശൈലിയും കാലാനുക്രമങ്ങളായ ഗുണവിശേഷങ്ങളോടുകൂടി ഉറച്ചുകഴിഞ്ഞു. അന്യഭാഷകളുമായുള്ള സമ്പർക്കം സ്വന്തം വളർച്ചയ്ക്കായി വിനിയോഗിക്കുവാനുള്ള കഴിവും വൈഭവവും ഭാഷ സ്വായത്തമാക്കി. താരതമ്യേന നിസ്സാരമെങ്കിലും പ്രസ്താവാർഹമായ ഒരു കായ്മുക്രടി. മലയാളം പ്രസംഗം സാധ്യമായ ഒരു ഭാഷയാണോ എന്നശങ്ക നീങ്ങി എന്നു മാത്രമല്ല, ആ ഭാഷയുടെ സർവതോമുഖമായ കഴിവുകർഷം പ്രയോഗതലത്തിൽ പൂർണ്ണത പ്രാപിച്ചുവന്നു. മലയാളസാഹിത്യം പഴമയുടെ ഇരുമ്പുകോട്ടയ്ക്കുള്ളിൽനിന്നു പുതുമയുടെ അനന്തവികാസമണ്ഡലത്തിൽ സ്വച്ഛന്ദസഞ്ചാരം നിർവഹിച്ചുകൊണ്ടിരുന്നു. ഗജേന്ദ്രവൃന്ദംഗഗനേ പറന്ന സമസ്യാപൂരണയുഗത്തിൽനിന്നു വിശ്വമഹാകവികളുടെയും വിശ്വമഹാചിന്തകന്മാരുടെയും ആശയസമ്പത്തുകളെ ഉപജീവിച്ചു വിവിധശാഖകളിൽ വളർച്ചനേടി.

ജനസമുദായത്തിന്റെ ഈ വളർച്ചയിൽ ഉള്ളൂർ നിർവഹിച്ചഭാഗം എന്തായിരുന്നു? ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ മഹാകവികർം പഴമയെ മുഴുവൻ ഉപയോഗിച്ചു, ഉപജീവിച്ചു, പുതുമയ്ക്കു പ്രാണപ്രതിഷ്ഠ നൽകിയവരിൽ പ്രഥമഗണനീയരാണു്. സംഹാരത്തിലധികം സംസ്കാരമായിരുന്നു അവരുടെ ഉന്നം. ഒരുപക്ഷേ ആ കാലഘട്ടത്തിലെ മഹാപുരുഷന്മാരെല്ലാംതന്നെ ഈ പരിപാടിയിൽ തന്നെയാണു് ലീനചിത്തരായിരുന്നതു്. വളരുവാനുള്ള ക്ഷുത്തു് അത്യൽകടമായിരുന്ന ആ കാലഘട്ടത്തിൽതന്നെ നിശ്ലേഷസംഹാരവും പുനഃസൃഷ്ടിയും എന്ന ആശയഗതി ഉറച്ചുറച്ചുകൊണ്ടിരുന്നു. എങ്കിലും ഉള്ളൂർ പഴയ ഏട്ടുകളിൽ ഉറച്ചുനിന്നുകൊണ്ടു പുതുമയിലേക്കുള്ള ദ്രുതപ്രയാണത്തെ അറിഞ്ഞും അറിയാതെയും സഹായിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ബഹുഭാഷാപാണ്ഡിത്യം, നിരന്തരമായ പ്രയത്നസന്നദ്ധത, വിജ്ഞാനതൃഷ്ണ, പലപ്പോഴും ഉച്ചകോടിയിലെത്തിയിരുന്ന സഹൃദയത്വം, ഗവേഷണനൈപുണ്യം എന്നിവ അനേകമനേകം പ്രബന്ധങ്ങളായും ഗ്രന്ഥങ്ങളായും കാവ്യങ്ങളായും സമഗ്രമായ ഒരു ഭാഷാചരിത്രഗ്രന്ഥമായും നമ്മുടെ മുമ്പിൽ വർത്തിക്കുന്നു. ഹീര, വിശ്വവിജയം എന്നിങ്ങനെയുള്ള കാവ്യങ്ങളിൽ സൗന്ദര്യാനുഭൂതിക്കുള്ള അദ്ദേഹത്തിന്റെ കഴിവുകർം തെളിഞ്ഞുകാണുന്നു. ലളിതഭാഷ അദ്ദേഹത്തിനു വശമായിരുന്നു എന്നു 'ചിത്രശാല' തെളിയിക്കും. ഉള്ളസമയം മുഴുവൻ ക്ലേശിച്ചു ജോലിചെയ്യേണ്ടിയിരുന്ന ഉദ്യോഗജീവിതത്തിനിടയിൽ ഭാഷയ്ക്കുവേണ്ടി സാഹിത്യത്തിനുംവേണ്ടി അദ്ദേഹം നിർവഹിച്ചിട്ടുള്ള സേവനങ്ങർം അളവിൽതന്നെയുംഅത്ഭുതാവഹമാണു്. 'കണ്ണിനു തീണ്ടോതിടുവാൻ മറന്ന കാലേയകാലംകനിവറ്റതല്ല' എന്നു അന്നു അദ്ദേഹം പാടിയിരുന്നതിന്റെ പൊരുളറിയുവാൻ അന്നത്തെ അസമതാപൂർണ്ണമായ സാമൂഹ്യജീവിതത്തെപ്പറ്റി നാം ശരിക്കു പഠിക്കേണ്ടിയിരിക്കുന്നു. കാലത്തിന്റെ സൃഷ്ടിയും കാലത്തിന്റെ സ്രഷ്ടാവുമാണു് കവിയെന്ന അനുമാനത്തെ അദ്ദേഹവും സ്ഥിരീകരിക്കുന്നു.—"

ഭാവിയിലെ ചരിത്രകാരൻ എഴുതാവുന്ന ഈ വരികർം മഹാകവിയുടെ നേട്ടങ്ങളെപ്പറ്റി എന്നും ആരും ഓർമ്മിക്കുന്നവയും ഓർമ്മിക്കേണ്ടവയുമായിരിക്കും.

മഹാകവി ഉള്ളൂർ നിത്യശാന്തിയിൽ വിജയിക്കുന്നു!

* മതവും, തത്വശാസ്ത്രവും, ശാസ്ത്രവും

മുഖാന്തല, എൻ. രാഘവൻപിള്ള, ബി. എ., എൽ. ററി.

മാനവവർഗ്ഗത്തിന്റെ വികാസത്തിനു വളരെ സഹായിച്ചിട്ടുള്ളവയാണു മതങ്ങൾ. ജീവിതത്തിന്റെ മൂല്യങ്ങളും മാനദണ്ഡങ്ങളും അവ നിർദ്ദേശിക്കുകയും ജീവിതം വിജയപൂർവം നയിക്കുന്നതിനുള്ള തത്വങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. മതങ്ങൾ ഇങ്ങനെ പല ഗുണങ്ങളും നൽകിയിട്ടുണ്ടെങ്കിലും, സത്യത്തെ ചില നിയത രൂപങ്ങളിൽ ബന്ധിച്ചിടുവാനും, കാലക്രമേണ നിരർത്ഥകങ്ങളായി പരിണമിച്ചിട്ടുള്ള പല ചടങ്ങുകളെയും ആചാരങ്ങളെയും പ്രോത്സാഹിപ്പിക്കുവാനും അവ ശ്രമിച്ചിട്ടുണ്ടെന്നുള്ളതും മറക്കാവുന്നതല്ല. മനുഷ്യനെ ആവരണംചെയ്തിരിക്കുന്ന അമേയതയുടെ ഗാംഭീര്യത്തെയും മായാമയതയെയും പററി അവനെ ഉൽബുദ്ധനാക്കുന്നതോടൊപ്പം, ആ അജ്ഞാതസത്തയെ അറിയാനുള്ള ശ്രമങ്ങളെയും സാമുദായികങ്ങളായ ശ്രമങ്ങളെയും അവ നിരുത്സാഹപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചിന്തയെയും ജിജ്ഞാസയെയും ഉദ്ദീപിപ്പിക്കുന്നതിനുപകരം, അവ, പ്രകൃതിയോടും നിലവിലിരിക്കുന്ന സാമുദായികസ്ഥിതിയോടും മറെറല്ലാറിനോടും ഒരു വിധേയത്വം പ്രസംഗിക്കുകയും സിദ്ധാന്തിക്കുകയുമാണു ചെയ്തിട്ടുള്ളതു്. സർവ്വനിയാമകവും പ്രകൃത്യതീതവുമായ ഒരു കർത്തൃത്വത്തിലുള്ള ഈ വിശ്വാസം സാമുദായികതലത്തിൽ ഉത്തരവാദിക്കുറവിനു വഴികാണിക്കുകയും, സയുക്തികമായ ചിന്തയുടെയും അന്വേഷണബുദ്ധിയുടെയും സ്ഥാനത്തു വികാരത്തെയും ആശയതരളതയെയും അവരോധിക്കുകയും ചെയ്തിട്ടുണ്ട്. അസംഖ്യം മനുഷ്യജീവികൾക്കു ആശ്വാസമരുളുവാനും മാനുഷികഗുണങ്ങളുടെ മൂല്യങ്ങൾ നിർണ്ണയംചെയ്തു സാമുദായികസ്ഥിതിയെ ബലീഷ്ണുമാക്കുവാനും മതങ്ങൾ അത്യധികം സഹായിച്ചിട്ടുണ്ടെങ്കിലും, പരിവർത്തനത്തിനും പുരോഗമനത്തിനുമുള്ള മാനവസമുദായത്തിന്റെ നൈസർഗ്ഗികങ്ങളായ പ്രേരണകളെ അവ തടഞ്ഞിട്ടുണ്ടെന്നുള്ളതും സമ്മതിച്ചേതീരൂ.

തത്വശാസ്ത്രമാകട്ടെ, മേൽപറഞ്ഞ പല പാഴ്ക്കുഴികളും ഒഴിഞ്ഞുമാറിനിന്നു, ചിന്തയേയും അന്വേഷണത്തേയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നാൽ, ജീവിതത്തിൽനിന്നു വളരെ വളരെ അകന്നു, ദൈനംദിനങ്ങളായ ജീവൽപ്രശ്നങ്ങളുമായി ബന്ധംപോലുമില്ലാതെ, അന്തിമോദ്ദേശ്യങ്ങളിൽ ചിന്തയും കേന്ദ്രീകരിച്ചു, ഒന്നിനിമ്മിതമായ തന്റെ ഗോപുരത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ തത്വചിന്ത അങ്ങനെ ലാലസിക്കുകയാണു്. മീമാംസയും യുക്തിയും അതിന്റെ മാർഗ്ഗദർശികളായിരുന്നു. അവ അതിനെ നാനാദിക്കുകളിലേക്കും ബഹുദൂരം നയിച്ചിട്ടുമുണ്ട്. പക്ഷേ ആ യുക്തി, പ്രധാനമായി മനസ്സിന്റെ സൃഷ്ടിമാത്രമായിരുന്നു; ഭൗതികവസ്തുതകളെ അതു തീരെ ശ്രദ്ധിച്ചിരുന്നില്ല.

Discovery of India-യിൽനിന്നു്, ഏകദേശവിവർത്തനം. അവകാശം വിവർത്തകനു്.

ഭൗതികശാസ്ത്രത്തിന്റെ കഥ മറെറാന്നാണു്. അന്തിമോദ്ദേശ്യങ്ങളെ തീരെ അവഗണിച്ചു് വസ്തുതകളെമാത്രം അതു ലക്ഷ്യീകരിച്ചു. അതു ലോകത്തെ മുന്നോട്ടു കുതിപ്പിച്ചു; തിളങ്ങുന്ന ഒരു പരിഷ്കാരം കെട്ടിപ്പടുത്തു; വിജ്ഞാനം പുരോഗമിക്കുന്നതിനു നിരവധി നിരത്തുകൾ തെളിച്ചു; മനുഷ്യന്റെ ശക്തികളെ അതു സീമാതീതമായി വർദ്ധിപ്പിച്ചു് ഭൗതികസാഹചര്യങ്ങളെ വെല്ലുവാനും ഇച്ഛാനുസാരം അവയെ രൂപപ്പെടുത്തുവാനും അവനു കഴിയുമെന്നു ആത്മവിശ്വാസമായി അവനെ ബോധ്യപ്പെടുത്തി. രാസികമായും ഭൗതികമായും മറെറാ പലപ്രകാരേണയും ഭൂമുഖത്തെ പരിവർത്തനംചെയ്യുന്ന ഒരു ഭൗതികശക്തിയായി മനുഷ്യനെ അതു മാറെറടുക്കഴിഞ്ഞിരിക്കുന്നു. എങ്കിലും ഈ ദുരന്തങ്ങളായ ഭൗതികപദ്ധതികൾ അവന്റെ കയ്യിലമർന്നുകഴിഞ്ഞുവെന്നും, അവയെ യഥേഷ്ടം കരുപ്പിടുപ്പിക്കുവാൻ കഴിയുമെന്നും അവനു തോന്നിത്തുടങ്ങിയപ്പോഴേതന്നെ, അവയുടെ ഏതോ ജീവത്തായ, അതിപ്രധാനമായ ഒരംശം അവങ്കൽനിന്നു പിടിയിൽ പെടാതെ അവശേഷിക്കുന്നതായി അവനു ബോധ്യംവന്നു. ജീവിതത്തിന്റെ അന്തിമോദ്ദേശ്യങ്ങളെപ്പററിയോ ആസന്നോദ്ദേശ്യങ്ങളെക്കുറിച്ചുപോലുമോ, യാതൊരറിവും അവനില്ല. ഭൗതികശാസ്ത്രം ജീവിതോദ്ദേശ്യങ്ങളെക്കുറിച്ചു യാതൊന്നും പറഞ്ഞിട്ടുമില്ല. മാത്രമല്ല, പ്രകൃതിയെ നിയന്ത്രിക്കുവാൻ ഇത്ര കരുത്തനായ മനുഷ്യനു് തന്നത്താൻ നിയന്ത്രിക്കുന്നതിനുള്ള കഴിവില്ലാതെയുംപോയി. അവൻ സൃഷ്ടിച്ച ആ ബീഭത്സശാസ്ത്രീയത പരക്കെപ്പായാൻതുടങ്ങി. ജീവശാസ്ത്രത്തിലും മനഃശാസ്ത്രത്തിലും താദൃശങ്ങളായ ശാസ്ത്രങ്ങളിലും വരാവുന്ന വികാസങ്ങളും അവയുടെ നൂതനങ്ങളായ വ്യാഖ്യാനങ്ങളും അവനവനെപ്പററി പഠിക്കുന്നതിനും കൂടുതൽ കൂടുതൽ നിയന്ത്രിക്കുന്നതിനും മനുഷ്യനെ ഒരുപക്ഷേ സഹായിച്ചേക്കാം. അഥവാ, ഇപ്രകാരമുള്ള പുരോഗതികൾ മനുഷ്യജീവിതത്തെ ബാധിക്കുവാനിടയാകുന്നതിനു മുമ്പുതന്നെ, അവൻ കെട്ടിപ്പടുത്ത ആ പരിഷ്കാരസൗധത്തെ തച്ചുടച്ചു്, അതിന്റെസ്ഥാനത്തു് മറെറാന്നു പണിയുവാൻ അവൻ തുടങ്ങിയെന്നുംവന്നേക്കാം.

അഭിവൃദ്ധിക്കുള്ള അവസരം നിർബ്ബാധം ലഭിക്കുന്നപക്ഷം ശാസ്ത്രത്തിനുണ്ടാകാവുന്ന പുരോഗതിക്കു് ദൃശ്യമായ ഒരതിരും കല്പിക്കുക സാദ്ധ്യമല്ല. എന്നാൽ മനുഷ്യന്റെ നാനാമുഖങ്ങളായ അനുഭവങ്ങളിലെല്ലാം ഈ ശാസ്ത്രീയനിരീക്ഷണരീതി എപ്പോഴും പ്രയോഗിക്കുകയെന്നതും സാദ്ധ്യമല്ല. ജീവിതത്തെ വലയംചെയ്യുന്ന ആ അത്ഭുത പാരാവാരത്തെ തരണംചെയ്യാനുള്ള കഴിവു് ഈ ശാസ്ത്രത്തിനതീതവുമാണു്. എന്നാൽ തത്വശാസ്ത്രത്തിന്റെ സഹായത്തോടുകൂടി അതു് അല്പം മുന്നോട്ടുകടന്നു് ആ മഹാസാഗരം താണ്ടാൻ സാഹസപ്പെട്ടുഎന്നും വന്നേക്കാം. ശാസ്ത്രവും തത്വശാസ്ത്രവും ഒരുപോലെ ഇക്കാര്യത്തിൽ നിഷ്പ്രയോജനമായി തീരുമ്പോൾ നമുക്കുള്ള മറുവല്ല വിജ്ഞാനഗ്രഹണസാദ്ധ്യതകളെയും നാം ആശ്രയിക്കേണ്ടതായി വരും. എന്തെന്നാൽ ഈ ശാസ്ത്രങ്ങളുടെ സ്രഷ്ടാവായ മനസ്സിന്റെയും യുക്തിയുടെയും ഇന്നുള്ള കഴിവുകൾക്കു അലംഘ്യമായ ഒരു നിശ്ചിതപരിധിയുണ്ടെന്നു തോന്നുന്നു.

ബുദ്ധിക്കും ശാസ്ത്രരീതിക്കും ഇപ്രകാരമുള്ള പരിമിതികളെല്ലാമുണ്ടെന്നു് അറിഞ്ഞുംകൊണ്ടുതന്നെ നാം, നമ്മുടെ സർവ്വശക്തികളുമുപയോഗിച്ചു് അവയോടു പററിപ്പിടിച്ചുനിൽക്കേണ്ടിയുമിരിക്കുന്നു; എന്തെന്നാൽ ആ സുസ്ഥിരമായ അടിസ്ഥാനവും പശ്ചാത്തലവുമില്ലെങ്കിൽ സത്യത്തിന്റെയോ യാഥാർത്ഥ്യത്തിന്റെയോമേൽ നമുക്കു ഒരു പിടിയും ഉണ്ടായിരിക്കുകയില്ല. സത്യത്തിൽ അല്പമെങ്കിലുമറിഞ്ഞു് അതു ന

മ്മുടെ ജീവിതത്തിൽ പ്രയോഗിക്കുന്നതു്, സത്യം അല്പംപോലുമറിയാതെ നിഗ്രഥങ്ങളായ പ്രാപഞ്ചികരഹസ്യങ്ങളെ തുള്ളച്ചുകയറാനുള്ള വൃഥാശ്രമത്തിൽ നിസ്സംഹായനായി പിടയുന്നതിനെക്കാൾ എത്രയോ നല്ലതാണു്! ശാസ്ത്രത്തിന്റെ പ്രായോഗികഫലങ്ങൾ എല്ലാരാജ്യങ്ങൾക്കും ജനതകൾക്കും ഇന്നു് അനുപേക്ഷണീയങ്ങളാണു്. എന്നാൽ അതിന്റെ കേവലമായ പ്രയോഗത്തിനുമപരിയായി മറെറാരുകാര്യംകൂടി നമുക്കു് ആവശ്യമായിരിക്കുന്നു. ശാസ്ത്രീയമായ ഒരഭിഗമനം, ശാസ്ത്രത്തിന്റെ സാഹസികവും എന്നാൽ നിശിതവുമായ നിരൂപണശീലം, സത്യത്തിന്റെയും നൂതനവിജ്ഞാനത്തിന്റെയും അന്വേഷണം, ശോധനയോ പരീക്ഷണമോ ക്ലേശാതെ ഏതൊന്നും സ്വീകരിക്കാനുള്ള വിസമ്മതം, പുതിയതെളിവുകളുടെ വെളിച്ചത്തിൽ പൂർവ്വനിഗമനങ്ങളെ മാറുന്നതിനുള്ള കഴിവു്, പുരാചിന്തിതങ്ങളായ സിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കാതെ നിരീക്ഷിതവസ്തുതകളിൽമാത്രമുള്ള ആശ്രയീഭാവം, സർവ്വോപരി മനസ്സിന്റെ കക്ശവിനയം—ഇവയെല്ലാം ശാസ്ത്രത്തിന്റെ പ്രയോഗത്തിനുമാത്രമല്ല, ജീവിതത്തിനും അതിലെ പലപ്രശ്നങ്ങളുടെ പരിഹാരത്തിനും ആവശ്യമായിരിക്കുന്ന ശാസ്ത്രംകൊണ്ടു സത്യംചെയ്യുന്ന ഇന്നത്തെ പല ശാസ്ത്രജ്ഞന്മാരും അവരുടെ പ്രത്യേകമണ്ഡലങ്ങൾക്കു വെളിയിലുള്ള കാര്യങ്ങളിൽ ഈ ശാസ്ത്രമനോഭാവം അശേഷം പ്രദർശിപ്പിച്ചു കാണുന്നില്ലെന്നുള്ളതു് അത്ഭുതാവഹമായിരിക്കുന്നു. ശാസ്ത്രീയാഭിഗമനവും ശീലവും ഒരു ജീവിതചര്യയാണു്, ചിന്തയുടെ ഒരു മാർഗ്ഗമാണു്, മനുഷ്യസഹോദരങ്ങളുമായി പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനുള്ള ഒരു വഴിയാണു്, അതപ്രകാരം ആയിട്ടില്ലെങ്കിൽ അങ്ങനെ ആകേണ്ടിയിരിക്കുന്നു. ഇതൊരു മഹാപ്രസ്ഥാനമാണു്. ചുരുക്കംപേർക്കു പോലും അതിൽ ഭാഗികമായെങ്കിലും വിജയിക്കാൻ കഴിയുമോ എന്നു സംശയവുമാണു്. എങ്കിലും, തത്വശാസ്ത്രവും മതവും നമ്മോടു സിദ്ധാന്തിച്ചിട്ടുള്ള അനുശാസനങ്ങളിലെല്ലാം ഈ നിരൂപണബുദ്ധി ഇത്രത്തോളമോ ഇതിൽ കവിഞ്ഞതോതിലോ പ്രയോഗിക്കേണ്ടതു് ആവശ്യംതന്നെ. ശാസ്ത്രശീലം മനുഷ്യന്റെ സഞ്ചാരപഥം ഇന്നതായിരിക്കണമെന്നു നിർദ്ദേശിക്കുന്നു. ഈ ശാസ്ത്രീയമനോഭാവം തികച്ചും ഒരു മുകുരന്റെ പ്രകൃതമാണു്. നാം ഒരു ശാസ്ത്രീയയുഗത്തിൽ ജീവിക്കുന്നവരാണെന്നുപറയുന്നു; പക്ഷേ, മേൽപറഞ്ഞ ശീലത്തിന്റെ പ്രകടനം ഏതെങ്കിലും ഒരു ജനതയിലാകട്ടെ, അവരുടെ നേതാക്കന്മാരിൽപോലുമാകട്ടെ എത്രയോ വിരളമായിരിക്കുന്നു!

പ്രമേയമായ വിജ്ഞാനസാമ്രാജ്യത്തിൽ ശാസ്ത്രം വ്യാപരിക്കുന്നു; അതു് ഉളവാക്കേണ്ട ശീലമാകട്ടെ അതിലുമപ്പുറം കടക്കുന്നു. വിജ്ഞാനംനേടുക, സത്യമറിയുക, നന്മയും സൗന്ദര്യവുമാസ്വദിക്കുക, ഇവയെല്ലാമാണു് മനുഷ്യന്റെ അന്തിമോദ്ദേശ്യങ്ങളെന്നുപറയാം. വസ്തുനിഷ്ഠമായ ശാസ്ത്രാന്വേഷണരീതി ഇവയിലും, അതിന്റെ വ്യവഹാരമണ്ഡലത്തിനു വെളിയിലുള്ള മറെറ പല പ്രധാനകാര്യങ്ങളിലും പ്രയോഗിക്കാവുന്നതല്ല. കലയുടെയും കവിതയുടെയും പ്രചോദനാത്മകതത്വം, സൗന്ദര്യം സംജാതമാക്കുന്ന വികാരാനുഭൂതി, നന്മയുടെ ആന്തരികമായ അംഗീകാരം ഇവയെല്ലാം അതിന്റെ പരിധിക്കു വെളിയിലാണു്. ഒരു വേള, സസ്യശാസ്ത്രജ്ഞനും ജന്തുശാസ്ത്രജ്ഞനും പ്രകൃതിയുടെ മനോഹാരിതയോ സൗന്ദര്യമോ ഒരിക്കലും അറിഞ്ഞിട്ടില്ലെന്നുവരാം. സാമൂഹ്യശാസ്ത്രജ്ഞനു് മനുഷ്യനോടു സ്നേഹം തീരെയില്ലെന്നുംവന്നേക്കാം. എങ്കിലും, ശാസ്ത്രരീതിക്കു് അഭിഗമ്യമല്ലാത്തമണ്ഡലങ്ങളിലേക്കു നാം ഉയർന്നു് തത്വശാസ്ത്രത്തിന്റെ ആവാസരംഗമായ ഉത്തുംഗശൃംഗങ്ങളെ സന്ദർശിക്കുമ്പോഴും, മഹിത

ങ്ങളായ വികാരങ്ങൾകൊണ്ടു നമ്മുടെ വൃദ്ധയം നിർഭരമാകുമ്പോഴും; അല്ല, വിദൂരമായ ഗരിമയിൽ നാം ഭത്തദൃഷ്ടികളായി വർത്തിക്കുമ്പോഴും ശാസ്ത്രത്തിന്റെ ആ അഭിഗമനവും ശീലവും ആവശ്യമായിത്തന്നെ ഭവിക്കുന്നു.

മതത്തിന്റെ മാർഗ്ഗം ഇതിൽനിന്നു വളരെ വിഭിന്നമാണു്. വസ്തുനിഷ്ഠമായ അന്വേഷണരീതിക്കതീതമായ മണ്ഡലങ്ങളിൽ പ്രധാനമായി നിബന്ധിച്ചിരിക്കകൊണ്ടു് അതു വികാരത്തെയും അന്തർജ്ഞാനത്തെയും ആശ്രയിക്കുന്നു. എന്നിട്ടു് അതു് ആ രീതിതന്നെ ജീവിതത്തിലെ എല്ലാക്കാര്യങ്ങളിലും പ്രയോഗിക്കുന്നു. ബുദ്ധിപരമായ അന്വേഷണത്തിനും നിരീക്ഷണത്തിനും സാദ്ധ്യതയുള്ള കാര്യങ്ങളിൽപോലും അതിന്റെ പരിപാടി ഇതുതന്നെ. സംഘടിതമതം വൈദികസിദ്ധാന്തവുമായി സഖ്യംചേർന്നും, ആത്മാവിനെ സംബന്ധിക്കുന്ന കാര്യങ്ങളെ അപേക്ഷിച്ചു് സ്ഥാപിതതാല്പര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചുംനിന്നുകൊണ്ടു് ശാസ്ത്രത്തിനു നേരേവിപരീതമായ ഒരു ശീലത്തെ പ്രോത്സാഹിപ്പിക്കുകയാണു ചെയ്യുന്നതു്. അതു് സങ്കുചിതമനോഭാവവും, അസഹിഷ്ണുതയും, അന്ധവിശ്വാസവും, വികാരതരളതയും, യുക്തിരാഹിത്യവും ഉൽഭ്രതമാക്കുന്നു. മനുഷ്യന്റെ മനസ്സിനെ അടച്ചുപൂട്ടുന്നതിനും പരിമിതമാക്കുന്നതിനും ഇതു് ഇടനൽകുന്നു; ആശ്രിതന്റെയും അസ്വതന്ത്രന്റെയും പ്രകൃതം അവനിൽ ജനിപ്പിക്കുന്നു.

ദൈവം ഇല്ലെങ്കിൽതന്നെയും, അങ്ങനെയൊന്നുണ്ടെന്നു സങ്കല്പിക്കുന്നതു് ആവശ്യമായിരിക്കുമെന്നു വാഗ്ഭടന്മാർ പറഞ്ഞിട്ടുണ്ടു്, ഒരുപക്ഷേ അതു് പരമാർത്ഥമായിരിക്കാം. മനസ്സിന്റെ വളർച്ചയോടൊപ്പംതന്നെ വൃദ്ധിയെ പ്രാപിച്ചിട്ടുള്ള ഏതെങ്കിലും ഒരു മാനസികരൂപമോ ആശയമോ വിഭാവനംചെയ്യാൻ മനുഷ്യൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിന്റെ വിപരീതമായ പ്രസ്താവനയ്ക്കും അർത്ഥമുണ്ടു്. ദൈവം ഉണ്ടെങ്കിൽതന്നെയും അദ്ദേഹത്തെ ആശ്രയിച്ചുമാത്രം കഴിയാതിരിക്കുകയാണു ഭേദം. പ്രകൃത്യതീതങ്ങളായ ഈദൃശശക്തികളിലുള്ള അമിതമായ ആശ്രയീഭാവം മനുഷ്യന്റെ സ്വാശ്രയശക്തിയെ ക്ഷയിപ്പിക്കുന്നതിനും, സൃഷ്ടിപരമായ അവന്റെ കഴിവുകളെ ക്ഷീണിപ്പിക്കുന്നതിനുമാണു് ഇടയാക്കാവുള്ളതു്. അങ്ങനെ ആണെങ്കിലും, ഭൗതികലോകത്തിന്റെ വ്യാപ്തിക്കു വെളിയിലുള്ള ആദ്ധ്യാത്മികകാര്യങ്ങളിൽ കുറെയൊക്കെ വിശ്വാസം ആവശ്യമാണെന്നതോന്നുന്നു. സാന്മാർഗ്ഗികവും ആത്മീയവും അദൃശ്യപരവുമായ ആശയങ്ങളെ നാം ഏറെക്കുറെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ, നമുക്കു ജീവിതത്തിൽ ഉദ്ദേശ്യങ്ങളോ ലക്ഷ്യങ്ങളോ ആലംബമോ ഉണ്ടായിരിക്കുകയില്ല. നാം ദൈവത്തിൽ വിശ്വസിച്ചാലും ശരി, വിശ്വസിച്ചില്ലെങ്കിലുംശരി; സർവ്വവ്യാപിയായ ഏതോ ഒരു ചൈതന്യവിശേഷത്തിൽ നമുക്കു വിശ്വസിക്കാതിരിക്കാൻ തരമില്ല. സൃഷ്ട്യാത്മകമായ ജീവശക്തിയെന്നോ, സ്വയം ചലിക്കുന്നതിനും പരിവർത്തനം ചെയ്യുന്നതിനും വളരുന്നതിനുമുള്ള കഴിവു് വസ്തുക്കൾക്കു പ്രദാനംചെയ്യുകയും അവയിൽ നിർല്ലീനമായിരിക്കുകയും ചെയ്യുന്ന ഒരു മഹൽശക്തിയെന്നോ ഒക്കെ നമുക്കു് അതിനെ വിളിക്കാം. അതു് ബുദ്ധിക്കതീതമാണെങ്കിലും യഥാർത്ഥമാണു്; മരണത്തിനെതിരായി ജീവൻ എങ്ങനെ യഥാർത്ഥമായിരിക്കുന്നോ അതുപോലെ. അറിഞ്ഞോ അറിയാതെയോ നമ്മിൽ മിക്കവരും അജ്ഞേയമായ ഏതെങ്കിലും ഒരു ചൈതന്യത്തെ ഭജിക്കുന്നു; അതിന്റെ സന്നിധിയിൽ നേർച്ചകൾ സമർപ്പിക്കുന്നു—വ്യക്തിപരമോ, ദേശീയമോ, അന്തർദ്ദേശീയമോ ആയ ഒരാദർശമോ; ബുദ്ധിക്കു വിഷയീഭവിക്കാത്തതും ദൂരേത്യവുമായ ഏതോ ഒരു ലക്ഷ്യമോ; സമതാസുന്ദരമായ ഒരു ലോകത്തിന്റേയോ

പരിപൂർണ്ണനായ മനുഷ്യനേറയോ അവ്യക്തമായ ഒരു മോഹനാശയമോ ആയിരിക്കാം ആ ചൈതന്യം. പൂർണ്ണതപ്രാപിക്കാൻ ഒരുവേള നമുക്കു് അസാദ്ധ്യമായിരിക്കാം. എങ്കിലും നമ്മിൽ കുടികൊള്ളുന്ന ഒരാവേശം, അപ്രതിഹതമായ ഏതോ ഒരു ശക്തി, നമ്മെ മുമ്പോട്ടു തള്ളിപ്പിക്കുന്നു; നാം അനേകതലമുറകളായി ആ പാതയിൽക്കൂടി സഞ്ചരിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുന്നു.

വിജ്ഞാനം പുരോഗമിക്കുന്നതോടുകൂടി, അതിന്റെ സങ്കുചിതാർത്ഥത്തിൽ, മതത്തിന്റെ അധികാരമണ്ഡലം ചുരുങ്ങിവരുന്നു. നാം പ്രകൃതിയെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ക്രമേണ കൂടുതൽ അറിയുന്തോറും, പ്രകൃത്യതീതങ്ങളായ കാരണങ്ങളിലുള്ള ആശ്രയബുദ്ധി കുറഞ്ഞുവരുന്നു. കായ്യങ്ങളെ മനസ്സിലാക്കാനും നിയന്ത്രിക്കാനും നമുക്കു കഴിയുന്നതോടെ അവയെ ആവരണംചെയ്യുന്നമായ മാഞ്ഞുപോകുന്നു. നാം കഴിക്കുന്ന ആഹാരം, ഉടുക്കുന്നവസ്ത്രം, നമ്മുടെ സാമൂഹ്യബന്ധങ്ങൾ, എന്നുവേണ്ട നമ്മുടെ കായ്കികപരിപാടികളെപ്പോലും ഒരുകാലത്തു് മതത്തിന്റെയും അതിന്റെ മഹിതന്മാരായ പുരോഹിതന്മാരുടെയും അധികാരാതിർത്തിക്കുള്ളിലായിരുന്നു. അവ ക്രമേണ മതത്തിന്റെയും പുരോഹിതവർഗ്ഗത്തിന്റെയും നിയന്ത്രണത്തിൽനിന്നുനീങ്ങി, ശാസ്ത്രീയ പഠനത്തിനു വിഷയങ്ങളായി. എങ്കിലും, അവയിൽ മിക്കതും ഇപ്പോഴും അവയോടനുബന്ധിച്ചുള്ള അന്ധവിശ്വാസങ്ങളാലും മതപ്രമാണങ്ങളാലും ശക്തിയായി ബാധിക്കപ്പെട്ടുന്നുണ്ടു്. അന്തിമരഹസ്യങ്ങൾ മനസ്സിന്റെ പിടിയിൽനിന്നു വളരെ വിദൂരത്തായിത്തന്നെ ഇപ്പോഴും വർത്തിക്കുന്നു; അങ്ങനെതന്നെ തുടരാനാണിടയും. എന്നാൽ ജീവിതത്തിന്റെ പല രഹസ്യങ്ങളും ഇപ്പോൾ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു്; പലതും വ്യാഖ്യാനിക്കപ്പെടാറായിട്ടുമുണ്ടു്. അതുകൊണ്ടു് അന്തിമങ്ങളായ ആ രഹസ്യങ്ങളെക്കുറിച്ചു് അമിതമായ ഒരു ക്ലേശത്തിനു ആവശ്യമോ ന്യായമോ ഉണ്ടെന്നു തോന്നുന്നില്ല. ക്രൂരമായ ജീവിതം ഇപ്പോഴും ലോകത്തിന്റെ സൗന്ദര്യവും, അനന്തമായ ഉപജ്ഞാനപരമ്പരകളുടെ മാദകമായ മാധുര്യവും നമുക്കു പ്രദാനംചെയ്യുന്നതിനുംപുറമേ, വിവിധവൈകാരികലിതങ്ങളായ നിരവധി മോഹനചിത്രങ്ങളും നമ്മെ തുറന്നുകാണിച്ചും, പല പുതിയ പന്ഥാക്കളും ദർശിപ്പിച്ചും അതിന്റെ സൂക്ഷ്മതയും, പൂർണ്ണതയും, ധന്യതയും മാറ്റുരയ്ക്കാൻ പ്രേരിപ്പിക്കുകയാണു്.

അതുകയാൽ, ശാസ്ത്രീയമനോഭാവത്തോടും, അഭിഗമനരീതിയോടും, തത്വശാസ്ത്രസഹജമായ ബുദ്ധിയോടും ഇന്ദ്രിയാതീതങ്ങളായ എല്ലാറ്റിലും ആഭിമുഖ്യമുള്ള ഒരു മനോഭാവത്തോടുംകൂടിവേണം നാം ജീവിതത്തെ അഭിമുഖീകരിക്കേണ്ടതു്. വിപരീതദ്വന്ദ്വങ്ങളെ നിറഞ്ഞു്, ഭൂതവും വർത്തമാനവും അതിന്റെ വിപുലമായ സീമയിൽ ഒതുക്കിവച്ചിരിക്കുന്ന ഈ ജീവിതത്തിന്റെ ഒരു പൂർണ്ണമായ ദർശനം നിർമ്മിക്കുവാനും, ശാന്തിയോടുകൂടി ഭാവിയെ ദർശിക്കുവാനും ഇങ്ങനെയായാൽ നമുക്കു കഴിയും. ജീവിതത്തിലെ നിരവധി താഴ്ചകളും അനിഷേധ്യങ്ങളായി വർത്തിക്കുന്നു. നമ്മെ ആവരണംചെയ്തിരിക്കുന്ന സൗന്ദര്യത്തിന്റെ സന്തതസഹചാരിയായി ദുരിതത്തെ നാം എവിടെയും ദർശിക്കുന്നു. മനുഷ്യന്റെ ജീവിതയാത്ര സുഖദുഃഖസമ്മിശ്രമാണു്. അങ്ങനെയാണെങ്കിൽമാത്രമേ അവനു പഠിക്കാനും പുരോഗമിക്കാനും കഴിയൂ. ആത്മാവിന്റെ അദ്ധ്വാനം ഏകാന്തവും ദുരിതമയവുമായ ഒരു വ്യാപാരമാണു്. ബാഹ്യങ്ങളായ സംഭവങ്ങളും അവയുടെ ഫലങ്ങളും നമ്മെ ശക്തിയായി ബാധിക്കുന്നു. എന്നാലും നമ്മുടെ മനസ്സിനുണ്ടാകുന്ന വലിയ ഉലവുകളും ആന്തരികമായ ഭീതികളും സംഘട്ടനങ്ങളുമാണു് സംജാതമാകുന്നതു്. ജീവിക്കണമെങ്കിൽ നാം ബാഹ്യതലത്തിൽ അവശ്യം പുരോഗമിക്കണം. അങ്ങനെ പുരോഗമിക്കവേ നാം ആത്മശാന്തി നേടുകയും, പരി

രാമരാജ്യം

തൃക്കൊടിത്താനം, ഗോപിനാഥൻനായർ ബി. എ

ഭാരതാംബരമെങ്ങും മംഗളംതുളുമ്പുന്ന
ഭാവുകോജ്ജ്വലദീപ്തിവീശിയ തേജഃപുഞ്ജം,
ആർഷസംസ്കാരോദാരകേദാരഗിരിയുടെ
ശീർഷത്തിലുത്ഭാസിച്ച ശാശ്വതമണിദീപം,
അസ്തമിക്കയോ? ദിവ്യദിവ്യമത്തേജസ്സിന്റെ
നിസ്തുലപ്രഭാവീചി മാഞ്ഞുപോകുകയെന്നോ? !
കൺതുറന്നുനാം നോക്കൂ! പൂർണ്ണമാത്യാഗത്തിന്റെ
വിൺവെളിച്ചത്തിലൂടെ നിർമ്മലസ്നേഹംചുകി
ആർഷസംസ്കാരത്തിന്റെ, ആർഷചൈതന്യത്തിന്റെ
വിശ്വസൗഹൃദത്തിന്റെ തിരുമാലകംചാർത്തി
ഭാരതാന്തരീക്ഷത്തിലാവസിക്കുകയാണാ-
ഭാവുകാദർശവലി നമ്മളെയുയർത്തുവാൻ!!

ഇല്ല, നാമിന്നില്ല പാഴ്ചെളിക്കണ്ടിൽനിന്നു-
മുല്ലസൽസ്നേഹത്തിന്റെ ശുഭ്രലോകത്തെയ്യുവിനും
അന്നൊരുദിനം ഘോരവൃത്രീയപിശാചിന്റെ-
കല്മഷം വെടിയുന്നയാത്മകൈരുപംമാറി
ആത്മലാവണ്യത്തിന്റെ പാവനസ്നേഹത്തിന്റെ
ആർഷചൈതന്യത്തിന്റെ നെഞ്ചകംപിളർന്പോൾ,
കല്മഷനീരൊഴുക്കിനാം 'ഗാന്ധിജി കാട്ടിത്തന്ന
നിർമ്മലാധ്വാവിൽക്കൂടിപ്പോക' മെന്നറച്ചില്ലേ?
എന്തെല്ലാംശപഥങ്ങളന്ന ചെയ്തവയെല്ലാം
ചിന്തയിൽതന്നേ പൂട്ടിവയ്ക്കുന്ത നിർല്ലജ്ജം നാം!

ഉണരൂ! നിരോധാരാമമഹാപ്രഭാവന്റെ
ഉദകക്രിയയ്ക്കുന്നേരം നമ്മുടെ ശപഥങ്ങൾ!
എന്നെന്നുമഹിംസതൻസ്നേഹധാരയിൽത്തന്നെ
സന്തതധർമ്മത്തിന്റെ ദീപനാളങ്ങളംനീട്ടി
ത്യാഗൈശ്വര്യത്തിന്റെ കൈവിളക്കുകൾകാട്ടി
പാരിടത്തിനു മാർഗ്ഗദർശനംനൽകുവൂ നാം!
ഭാവനിർമ്മലകർമ്മനിരൂപീപ്തിയിൽ നാമീ
ഭാരതമയത്താവൂ 'രാമരാജ്യ'മായ് വീണ്ടും!!!

സമാധാനമായി രഞ്ജിക്കുകയും വേണ്ടിയിരിക്കുന്നു. ആ ശാന്തി നമ്മുടെ ഭൗതികവും കായികവുമായ ആവശ്യങ്ങൾക്കു മാത്രമല്ല, ചിന്തയുടെയും കർമ്മത്തിന്റെയും സാമ്രാജ്യങ്ങളിൽ മനുഷ്യൻ അവന്റെ അസ്വസ്ഥമായ സഞ്ചാരം ആരംഭിച്ചതിനുശേഷം അവനെ പ്രചോദിതനാക്കിത്തീർത്ത അവന്റെ ഭാവനാപരമായ പ്രേരണകൾക്കും സാഹസികാത്മകതയ്ക്കുംക്രടി ആത്മസംതൃപ്തിയരുളുന്നു. ആ യാത്രയ്ക്ക് എന്തെങ്കിലും പരമോദ്ദേശ്യങ്ങളുണ്ടോ, ഇല്ലയോ, എന്നു നമുക്കറിവില്ല. പക്ഷേ അതിനു ചില പരിഹാരങ്ങളുണ്ടെന്നു മാത്രമല്ല, അതു് നമുക്കു നേടാൻ കഴിയുമെന്നു തോന്നുന്ന സമീപവത്തികളായ പല ലക്ഷ്യങ്ങളെയും ചൂണ്ടിക്കാണിച്ചുതരികയും, പ്രാപ്തങ്ങളായിക്കഴിയുമ്പോൾ അവ പുതിയ സിദ്ധികളിലേക്കുള്ള പ്രസ്ഥാനബിന്ദുക്കളായിത്തീരുകയും ചെയ്യുന്നു.

ശാസ്ത്രം പാശ്ചാത്യലോകത്തെ ഭരിച്ചുകൊണ്ടിരിക്കുന്നു; അവിടെയുള്ള എല്ലാവരും അതിനു കപ്പം കൊടുക്കുകയും ചെയ്യുന്നു. എങ്കിലും, യഥാർത്ഥമായ ശാസ്ത്രമനോഭാവം പാശ്ചാത്യലോകത്തിനു് ഇപ്പോഴും ലഭിച്ചിട്ടില്ല. സർവ്വസമർത്ഥമായ ഒരു സമ്മേളനത്തിൽ മാംസത്തെയും ആത്മാവിനെയും അവരിനിയും ഇണക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇൻഡ്യാക്കാരായ നമുക്കു ക്രടുതൽ ദൂരം സഞ്ചരിക്കാനുണ്ടെന്നുള്ളതു് സ്പഷ്ടംതന്നെ. എങ്കിലും നമ്മുടെ മാർഗ്ഗത്തിൽ വലുതായ വിഘ്നങ്ങൾ വളരെ കുറവായിമാത്രമേ കാണുകയുള്ളൂ. എന്തെന്നാൽ അനവധി യുഗങ്ങളായി നമ്മുടെ ചിന്തയുടെ മുഖ്യമായ അടിസ്ഥാനം ശാസ്ത്രീയമനോഭാവത്തോടും അഭിഗമനരീതിയോടും അന്തർദ്ദേശീയതയോടും ചേർച്ചയുള്ളതായിരിക്കുന്നു. ശ്രേഷ്ഠതരമായ സ്വാതന്ത്ര്യത്തിലേക്കും വളർച്ചയുടെ ഉന്നതങ്ങളായ സോപാനങ്ങളിലേക്കും വ്യഷ്ടിയെയും സമഷ്ടിയെയും സ്വതന്ത്രവും സഹകരണാത്മകവുമായ അടിസ്ഥാനത്തിൽ ഉയർത്താമെന്നുള്ള ബോധത്തിലും സത്യത്തിന്റെ നിർഭയമായ മാർഗ്ഗണത്തിലും, മാനവസമുദായത്തിന്റെ ഏകയോഗക്ഷേമത്തിലും, ജീവനുള്ള എല്ലാവരിന്റെയും ഭവ്യഭാവത്തിലും ആ ചിന്ത അടിയുറച്ചുനിലകൊള്ളുന്നു.

സംസ്കാരത്തിന്റെ ഉത്ഭവസ്ഥാനങ്ങൾ

Dr. കെ. ഭാസ്കരൻനായർ

ചരിത്രകാരന്മാർക്ക് കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുള്ള പ്രാചീനസംസ്കാരങ്ങളെല്ലാം തന്നെ ചില മഹാനദികളുടെ തീരങ്ങളിലാണ് സ്ഥിതിചെയ്തിരുന്നത്. ആഫ്രിക്കയിലെ നീലനദി, പശ്ചിമഏഷ്യയിലെ യൂഫ്രട്ടീസ്-ടൈഗ്രീസ്, ഇന്ത്യയിലെ സിന്ധുനദി എന്നിവയുടെ തീരദേശങ്ങൾ മാനവസംസ്കാരത്തിന്റെ ഈറ്റില്ലങ്ങളായി ഗണിക്കപ്പെട്ടുപോരുന്നു. ഈ മഹാസരസ്സുകൾ നൂറ്റാണ്ടുകളായി കുമിച്ചുകൂട്ടിയ എക്കൽമണ്ണിന്റെ അടിയിൽനിന്നാണ് ആദിമസംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കപ്പെട്ടുന്നത്; കൃഷിക്കും ഗതാഗതത്തിനുംഉള്ള സൗകര്യമായിരിക്കണം ഇങ്ങനെ പ്രാചീനമനുഷ്യരെ ആറുതീരങ്ങളിൽ കുടിപാർക്കുവാൻ പ്രേരിപ്പിച്ചത്. ഇന്നുള്ള മിക്കസംസ്കാരങ്ങളുടെയും പുരാണങ്ങളിൽ സാധാരണമായ പ്രളയങ്ങളുടെയും കല്പാന്തങ്ങളുടെയും നിദാനം പണ്ടത്തെ ഈ നദീതലവാസംതന്നെ ആയിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ചരിത്രകാരന്മാർ അനുകൂലസിദ്ധാന്തമെന്നപോലെ കരുതിപ്പോരുന്ന ഈ പ്രാരംഭപ്രമാണത്തിന്റെ സാധുതയെ ആദ്യമായി ചോദ്യംചെയ്തത് വാമിലോവ് എന്ന ലോകപ്രസിദ്ധനായ റഷ്യൻശാസ്ത്രജ്ഞനാണ്. ഒരു സസ്യശാസ്ത്രജ്ഞനു് ചരിത്രഗവേഷണവുമായി എന്തുബന്ധമെന്നു് നാം വിസ്മയിച്ചേക്കാം. പക്ഷേ വാമിലോവിന്റെ നിഗമനങ്ങൾ ഇന്നു് ഒരു ചരിത്രകാരനും അവഗണിക്കുവാൻ കഴിയാത്ത വസ്തുതകളായിത്തീർന്നിട്ടുണ്ട്. ഗോതമ്പുചെടിയെക്കുറിച്ചുള്ള ദീർഘഗവേഷണങ്ങളിലൂടെയാണു് അദ്ദേഹം വിസ്മയാവഹമായ ഈ ചരിത്രവസ്തുതയിൽ ചെന്നെത്തിയതു്. അദ്ദേഹത്തിന്റെ ഗവേഷണങ്ങൾ ലെനിന്റെ നിർദ്ദേശപ്രകാരം, സോവിയറ്റുഗവണ്മെന്റിന്റെ ആവിർഭാവത്തോടുകൂടിത്തന്നെ, ആരംഭിച്ചവയാണു്. അടുത്ത ഇരുപതുകൊല്ലംകൊണ്ടു് വാമിലോവിന്റെ നേതൃത്വത്തിൽ റഷ്യയിലുണ്ടായ ഗവേഷണയത്നം, ശാസ്ത്രത്തിന്റെ ചരിത്രത്തിൽ ഒരു നിസ്തുലസംഭവമായി ശേഷിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലുംനിന്നു് അദ്ദേഹം ഗോതമ്പിന്റെ ജാതിയിൽപെട്ട 23,500 വർഗ്ഗം ചെടികളെ ശേഖരിച്ചു. ഇങ്ങനെ ഗോതമ്പിന്റെ വർഗ്ഗഭേദങ്ങളെ തേടിത്തേടിയാണു് അദ്ദേഹം പ്രാചീനചരിത്രത്തിൽ ചെന്നെത്തിയതു്. ജീവജാലത്തിന്റെ പരിണാമത്തെ ആധാരമാക്കി നോക്കുമ്പോൾ ഒരേ ജാതിയിൽപെട്ട ഈ ഭിന്നവർഗ്ഗങ്ങളെല്ലാം ഭൂമുഖത്തു്, ഏതോ ഒരു പ്രത്യേകസ്ഥാനത്തുനിന്നു് നാനാദേശങ്ങളിലേയ്ക്കും വ്യാപിച്ചതാവാനേ വഴിയുള്ളൂ. ഈ സ്ഥാനം ഏതെന്നു് അന്വേഷിക്കുവാൻ വാമിലോവു് നിർബന്ധിതനായിത്തീർന്നു. താൻ ശേഖരിച്ച വിവരങ്ങളിൽനിന്നു് ഇതു കണ്ടുപിടിക്കുവാനുള്ള ഉപായവും അദ്ദേഹം മനസ്സിലാക്കി. ഇങ്ങനെ നടത്തിയ അപഗ്രഥനത്തിന്റെ ഫലം അത്ഭുതകരമായിരുന്നു. മനുഷ്യൻ കൃഷിയും കുടിപാർപ്പും തുടങ്ങിയതു് നദീതീരങ്ങളിലാണെന്നാണല്ലോ ചരിത്രകാരന്മാർ പറയുന്നതു്. അതുകൊണ്ടു് ഒരു പ്രധാനകൃഷിച്ചെടിയായ ഗോതമ്പിന്റെ ഉത്ഭവവും ഈ

നദീതടങ്ങളിൽ എവിടെയോ ആയിരിക്കണമെന്നു് ന്യായമായി വിചാരിക്കാവുന്നതാണു്. പക്ഷേ പരമാത്ഥം അതല്ലെന്നാണു് വാമിലോവിന്റെ ഗവേഷണങ്ങളിൽ നിന്നു തെളിഞ്ഞതു്. ഗോതമ്പിന്റെ ഉത്ഭവം പവ്തപ്രദേശങ്ങളിലാണു്. അവിടെനിന്നാണു് അതു് മറ്റു ഭിക്കുകളിലേക്കു വ്യാപിച്ചതു്.

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ടു്. ഗോതമ്പു് എന്നപേരിൽ തികച്ചും ഭിന്നങ്ങളായ രണ്ടുജാതി (വർഗ്ഗമല്ല) ചെടികളുണ്ടു്. നാം ചമ്പാഗോതമ്പെന്നും വെള്ളഗോതമ്പെന്നും വിളിക്കുന്നവയാണു് ഈ ജാതികൾ. ഇതിൽ ആദ്യത്തേതിന്റെ അരി ചുവന്നുനീണ്ടും, മറ്റതിന്റേതു് വെളുത്തുരുണ്ടും ഇരിക്കുന്നു. ചമ്പാഗോതമ്പിന്റെ അരി കാഠിന്യമുള്ളതാണു്. അതുമാവുണ്ടാക്കുവാൻ കൊള്ളുകയില്ല. വെള്ള ഗോതമ്പു്, നേരേമറിച്ചു്, മാവുണ്ടാക്കുവാനെ കൊള്ളുകയുള്ളു. രണ്ടിനെയും ഗോതമ്പെന്നു വിളിക്കുന്നെങ്കിലും അവ വാസ്തവത്തിൽ (ജന്തുക്കളിൽ പട്ടിയും പൂച്ചയുംപോലെ) ഭിന്നജാതികളിൽപെട്ട ചെടികളാണു്. ഓരോന്നിലും ആയിരമായിരം ഭിന്നവർഗ്ഗങ്ങളുണ്ടു്—പലവർഗ്ഗം പൂച്ചകളും പട്ടികളും ഉള്ളതുപോലെ. ഈ രണ്ടുജാതി ഗോതമ്പുകളുടെയും ഉത്ഭവസ്ഥാനവും വളരെ ഭിന്നമാണു്. വെള്ളഗോതമ്പു് ഹിമാലയത്തിന്റെയും ഹിന്തുക്കുഷ്ഷിന്റെയും മടക്കിനിടയ്ക്കുള്ള പവ്തഭ്രമിയിലാണു് ഉത്ഭവിച്ചതു്. അവിടെയാണു് അതു് ആദ്യമായി കൃഷിചെയ്യപ്പെട്ടതു്. ചമ്പാഗോതമ്പിന്റെ ഉത്ഭവസ്ഥാനം മെഡിറ്ററേനിയൻതീരത്തുള്ള പവ്തപ്രദേശങ്ങളാണു്. ഈ ഉത്ഭവസ്ഥാനങ്ങൾ നദീതീരങ്ങളല്ലെന്നും പവ്തഭ്രമികളാണെന്നുമുള്ളതാണു് നമുക്കിവിടെ ശ്രദ്ധേയമായ വസ്തുത. നിഷാദജീവിതത്തിൽനിന്നു് കൃഷിയിലേയ്ക്കും കുടിപാർപ്പിലേയ്ക്കും തദ്വാരാ സംസ്കാരത്തിലേയ്ക്കുമുള്ള പരിവർത്തനത്തിന്റെ രംഗം ഏതെന്നാണു് ഗോതമ്പിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഈ ഉപദർശനം വ്യക്തമാക്കുന്നതു്. വാസ്തവത്തിൽ കൃഷിയുടെ ഉത്ഭവസ്ഥാനംതന്നെയാണു് സംസ്കാരത്തിന്റെയും ഉത്ഭവസ്ഥാനം. അതുകൊണ്ടു് മനുഷ്യൻ സംസ്കാരസരണിയിൽ മുന്നോട്ടുവെച്ച ആദ്യത്തെ കാൽചുവടു് കണ്ടെത്തുവാൻ നാം നദീതീരങ്ങളിലല്ല കുഴിച്ചുനോക്കേണ്ടതു്. നാം അവിടെ കാണുന്നതു് വളരെക്കാലം കഴിഞ്ഞതിനുശേഷമുള്ള പരിപാടികളുടെ മുദ്രകളാണു്. ആദ്യത്തെ അദ്ധ്യായങ്ങൾ പവ്തഭ്രമികളിലാണു് എഴുതപ്പെട്ടതു്. അവയുടെ ലക്ഷ്യങ്ങൾക്കുവേണ്ടി അവിടെയാണു് തിരയേണ്ടതു്. ഈ വഴിക്കു് ഇന്നുവരെ ആരും ശ്രമിച്ചിട്ടില്ല. വാമിലോവിന്റെ സസ്യശാസ്ത്രഗവേഷണങ്ങൾക്കുശേഷം മാത്രമേ ഇങ്ങനെയൊരു സാധ്യതയുണ്ടെന്നുപോലും ലോകം മനസ്സിലാക്കിയുള്ളു.

ഗോതമ്പിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾക്കുകിട്ടിയ ഈ വിജയംമൂലം വാമിലോവിനു് വളരെ ഉത്സാഹം തോന്നി. അദ്ദേഹം മറ്റു കൃഷിച്ചെടികളെക്കുറിച്ചും ഗവേഷണങ്ങൾ ആരംഭിച്ചു. പക്ഷേ ഗോതമ്പിന്റെ കാര്യത്തിൽ ചെയ്തതുപോലെ അത്ര വിപുലമായ തോതിൽ ഇതു നടത്തുവാൻ സാധിച്ചില്ല. വാമിലോവു് തീക്ഷ്ണബുദ്ധിയും മഹോദ്യമനുമായിരുന്നു. റഷ്യയിലെ എല്ലാ ഭാഷകളും പശ്ചിമയൂറോപ്പിലെ മിക്കഭാഷകളും അദ്ദേഹത്തിനു വശമായിരുന്നു. നാലുമണിക്കൂർനേരം ഉറങ്ങിയാൽ അദ്ദേഹത്തിനു തൃപ്തിയായി. ബാക്കി ഇരുപതുമണിക്കൂറും ഇളവില്ലാതെ ജോലിചെയ്യും. ഏറിയക്കൂറും കഷ്ടകൃത്തികൊണ്ടു പുലന്ന റഷ്യൻജനതയ്ക്കു് ആധുനികശാസ്ത്രത്തിന്റെ അനുഗ്രഹങ്ങൾ കൈവരുത്തുന്നതിനുവേണ്ടിയാണു് അദ്ദേഹം പാടുപെട്ടതു്. എങ്കിലും 1940 നോടടുത്തു്,

ഈ മഹാശാസ്ത്രജ്ഞൻ സോവിയറ്റുശാസ്ത്രജ്ഞന്മാരുടെ അപ്രീതിക്കു പാത്രമാവുകയും അദ്ദേഹത്തിന്റെ കാലക്രമത്തുകളായ ഗവേഷണങ്ങളും ജാജ്വല്യമാനമായ ജീവിതവും അതോടെ, പരമദയനീയമായ രീതിയിൽ പര്യവസാനിക്കുകയും ചെയ്തു. 1946-ൽ അമേരിക്കയിലെ റഷ്യൻസ്ഥാനപതിയോടു് ചില ശാസ്ത്രജ്ഞന്മാർ വാമിലോവിനെക്കുറിച്ചു് എഴുതിച്ചോദിച്ചു. അങ്ങിനെയൊരാളെക്കുറിച്ചു് തനിക്കോ തന്റെ ഗവമെന്റിനോ അറിവില്ലെന്നാണു് ഈ അന്വേഷണത്തിനു ലഭിച്ച മറുപടി? സോക്രട്ടീസിന്റെയും ഗലീലിയോവിന്റെയും അനുഭവം ഈ ഇരുപതാംനൂറ്റാണ്ടിലും ജ്ഞാനത്തിന്റെ ഉപാസകന്മാക്കു ലഭിക്കുമെന്നാണു് ഈ സംഭവം തെളിയിക്കുന്നതു്. അതു പോകട്ടെ ശാസ്ത്രത്തിൽ വ്യക്തികളെ ആരും ഗൗനിക്കാറില്ല. അതും ഒരുവിധത്തിൽ, അപൗരുഷേയമായ ജ്ഞാനമാണു്.

മറ്റു കൃഷിച്ചെടികളെപ്പറ്റിയും അത്ഥവത്തായ അനേകം വസ്തുതകളും നൽകുവാൻ വാമിലോവിനു സാധിക്കയുണ്ടായി. ആകപ്പാടെ അഞ്ചാവസ്ഥാനങ്ങളിൽനിന്നാണു് ഇവയെല്ലാം മറ്റു ഭിക്കുകളിലേയ്ക്കു വ്യാപിച്ചിട്ടുള്ളതെന്നു് അദ്ദേഹം പറയുന്നു. ഇവയിൽ രണ്ടെണ്ണത്തേപ്പറ്റി പറഞ്ഞുകഴിഞ്ഞു. വെള്ളഗോതമ്പിന്റെ ഉത്ഭവസ്ഥാനമായ അഫ്ഗാനിസ്ഥാൻതന്നെയാണു് പയറുവർഗ്ഗങ്ങളും, പഞ്ഞി, ചണം, ടർണിപ്പു്, കാരറ്റു്, ആപ്രിക്കോട്ടു്, പീച്ചു് എന്നിവയെയും ജനിപ്പിച്ചതു്. രണ്ടാമത്തേതായ മെഡിറ്ററേനിയൻപ്രദേശത്തു് ചമ്പാഗോതമ്പിനോടൊപ്പം ബീറ്റ്റൂട്ടു്, ഒലീവു്, അത്തി എന്നിവയും ഉത്ഭവിച്ചു. മൂന്നാമത്തെ സ്ഥാനം തെക്കുകിഴക്കേ ഏഷ്യയിലാണു്. ഇവിടെ ബാർലി, ചാമ മുതലായ ചെറുതരം ധാന്യങ്ങൾ, സോയാബീൻ, പലതരം ഫലവൃക്ഷങ്ങൾ എന്നിവയും ഉണ്ടായി. അബിസീനിയയിലാണു് നാലാമത്തെ സ്ഥാനം. അവിടത്തെ മുഖ്യമായ ഉല്പന്നം വളർത്തുമൃഗങ്ങളുടെ ആഹാരമായ പുല്ലുകളും, യൂറോപ്യൻബാർലിയും, ചിലതരം പയറുകളുമാണു്. അഞ്ചാമതായി മധ്യദക്ഷിണ അമേരിക്ക, ചോളം ഉരുളക്കിഴങ്ങു്, പുകയില, മരച്ചീനി, നിലക്കടല, റബ്ബർ, കൊക്കോ, ടൊമാറ്റോ, കൊയിനാമരം എന്നിവയെല്ലാം അവിടെനിന്നു തുടവിച്ചവയാണു്. ഇതെല്ലാം പ്രാചീന മനുഷ്യൻ കൃഷിചെയ്തിരുന്നു എന്നു് അർത്ഥമാക്കേണ്ടതില്ല. കൃഷിയുടെ ആദ്യരംഗങ്ങളെന്നനിലയിലാണു് ഇപ്പറഞ്ഞ പ്രദേശങ്ങൾ ശ്രദ്ധേയങ്ങളായിരിക്കുന്നതു്. ഇപ്പറഞ്ഞ അഞ്ചുസ്ഥാനങ്ങളും ക്രൂടാതെ ഫിലിപ്പൈൻദ്വീപുകളിലുള്ള ആറാമതൊരു സ്ഥാനമാണു് നെല്ലിന്റെ ഈറ്റില്ലമെന്നു് വാമിലോവു് പറയുന്നു. പക്ഷേ ഇതേക്കുറിച്ചുള്ള ഗവേഷണങ്ങൾ മുഴുവനാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു എന്നു തോന്നുന്നില്ല.

ലോകപ്രസിദ്ധനായ ഈ റഷ്യൻശാസ്ത്രജ്ഞന്റെ നിഗമനങ്ങളും മാനവസംസ്കാരത്തിന്റെ പ്രാരംഭഘട്ടങ്ങളെക്കുറിച്ചു് അന്വേഷിക്കുന്ന ചരിത്രകാരനു് അതിമാത്രം അത്ഥവത്താകുന്നു. മോഹൻജോദാരോ, ഊർ, സുമർ എന്നീ പേരുകളിൽ അറിയപ്പെടുന്ന സംസ്കാരദശയ്ക്കു പിന്നിലേക്കു കടന്നുചെല്ലുവാൻ ചരിത്രഗവേഷണത്തിനു് ഇന്നുവരെ സാധിച്ചിട്ടില്ല. സമതലങ്ങളിലേക്കും നദീതടങ്ങളിലേക്കും നീങ്ങുന്നതിനു മുമ്പു് മനുഷ്യവർഗ്ഗം എത്രകാലം പർവ്വതഭൂമികളിൽ ജീവിതം നയിച്ചു എന്നു് നമുക്കു് യാതൊരറിവുമില്ല. ചരിത്രത്തിന്റെ ഈ ആദ്യദശയെക്കുറിച്ചു് ഗവേഷണം നടത്തുന്നതിനുള്ള ഉൽബോധനമാണു് വാമിലോവിന്റെ ഉപദേശനങ്ങളും ഉൾക്കൊള്ളുന്നതു്.

ഇന്നത്തെ തൊഴിൽതക്കങ്ങൾ

ക്രൂട്ടമസമ്പ്രദായംകൊണ്ട് പരിഹരിക്കപ്പെടുമോ?

(തുവയൂർ ജി. ഫാബേൽ)

ഒരു രാഷ്ട്രത്തിന്റെ അഭിവൃദ്ധി ഏറിയ ക്രമം അവിടത്തെ വ്യവസായത്തിന്റെ സുസ്ഥിതിയെആണ് ആശ്രയിച്ചിരിക്കുന്നത്. മുതലാളികളുടെയും തൊഴിലാളികളുടെയും മദ്ധ്യേ ഇന്നു നിലവിലിരിക്കുന്ന തൊഴിൽപരമായ അസ്വാസ്ഥ്യങ്ങൾ അത്യന്തം അപായങ്ങളും വ്യവസായത്തിന്റെ വേരറുക്കുന്നവയുമാണ്. വ്യവസായലോകത്തിലെ രണ്ടു പ്രബലകക്ഷികളായ തൊഴിലാളിയും മുതലാളിയും ചേരിതിരിഞ്ഞുനിന്നുകൊണ്ടു ഇന്നുനടത്തുന്ന ഈ "സന്ധിയില്ലാത്ത സമരം" ഇങ്ങനെ തുടരുന്നപക്ഷം വ്യവസായസൗധം തകർന്നു തരിപ്പണമാകയും തദ്വാരാ രാഷ്ട്രത്തിന്റെ ഭാവി അപകടത്തിലാകയും ചെയ്യുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. തങ്ങളുടെ നില സാധൂകരിക്കുന്നതിനായി ഉഭയപക്ഷീയരും പരസ്പരം ചൊരിയുന്ന ആരോപണങ്ങളിലും കെട്ടുകഥകളിലും ഭ്രമാത്മകവും അടിസ്ഥാനരഹിതങ്ങളോ അതിശയോക്തികളോ ആണെന്നിരുന്നാലും ഇരുഭാഗക്കാരും അതു പൂർണ്ണമായി വിശ്വസിക്കയും തൽഫലമായി സൗമനസ്യാന്തരീക്ഷം വളരെയധികം വഷളായിത്തീരുകയും ചെയ്യുന്നു. മുതലാളിസംഘടനകളും ട്രേഡ്യൂണിയൻസംഘടനകളും തങ്ങളുടെ താല്പര്യസംരക്ഷണത്തിനായി ദാക്ഷിണ്യമനോഭാവംകൂടാതെ ചിന്തിക്കയും പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ പരിണതഫലമായി പണിമുടക്കുനടത്തുവാൻ തൊഴിലാളികളും ലാക്കൗട്ടുനടത്തുവാൻ മുതലാളികളും വെമ്പിക്കൊണ്ടിരിക്കുന്നുവോ എന്നു തോന്നുമാറു സ്ഥിതിഗതികൾ ക്രമേണ ഗൗരവാവഹമായിത്തീർന്നിട്ടുണ്ട്. ഈ ദുരവസ്ഥ രാഷ്ട്രഗാത്രത്തെ വല്ലാതെ വ്രണപ്പെടുത്തിക്കൊണ്ടിരിക്കുന്നുഎന്നുപറയാതെ തരമില്ല. നിർഭാഗ്യകരമായ ഈ മാത്സര്യമനോഭാവം വ്യവസായരംഗത്തുനിന്നു നിർമ്മാർജ്ജനംചെയ്തു ഒരു ശുദ്ധികർമ്മംനടത്തുവാൻ എങ്ങനെ കഴിയുംഎന്നുള്ളതു നമ്മുടെ മാത്രമല്ല സമസ്തലോകത്തിന്റെയും ഒരു പ്രശ്നമായിരിക്കുന്നു. ഏതായാലും ഒരുകാര്യം ബോധപ്പെട്ടുകഴിഞ്ഞു—തൊഴിൽതക്കങ്ങളുടെ പരിഹാരത്തിനുവേണ്ടിയുള്ള ക്രടിയാലോചനകൾ ഇന്നു നിലവിലിരിക്കുന്ന അടിസ്ഥാനത്തിൽ തുടരുന്നതുകൊണ്ടു ശാശ്വതമായയാതൊരുപ്രയോജനവും സിദ്ധിക്കുന്നതല്ല.

വിപ്ലവം മതിയായമാർഗ്ഗമാണോ?

വിപ്ലവത്തിൽക്രടി സകലവും പിടിച്ചുപറിക്കാമെന്ന സിദ്ധാന്തത്തിൽ എനിക്കു വിശ്വാസമില്ല. അക്രമാധിഷ്ഠിതമായ വിപ്ലവംമുഖേന ലഭ്യമാകുന്ന നേട്ടങ്ങൾ കാലാന്തരത്തിൽ അക്രമംമുഖേനതന്നെ തകരുമെന്നുള്ളതിനു ചരിത്രത്തിൽ പല തെളിവുകളുമുണ്ട്. ലക്ഷ്യത്തെപ്പോലെതന്നെ മാർഗ്ഗവും ആദരണീയമായിരിക്കുന്നില്ല എങ്കിൽ ജനകീയഭരണമെന്ന കരുതപ്പെടുന്ന ഭരണം നിലനിർത്തുന്നതിനു ഒരു സ്വേച്ഛാധിപത്യഭരണംതന്നെ ആവശ്യമായിവരും. റഷ്യയുടെ ഇന്നത്തെ ചരിത്രം ഇതിനു മതിയായ തെളിവാണ്. വിശിഷ്ടമായ ആദർശങ്ങൾ ജനതാഹൃദയങ്ങളിൽ വേരുറയ്ക്ക

യും നിയമംമൂലം ക്രമേണ സോഷ്യലിസ്റ്റ് സിദ്ധാന്തത്തിൽ എത്തിച്ചേരുകയും ചെയ്യുന്നതിനു അക്രമരഹിതമാർഗ്ഗത്താൽ ധാരാളം സാധിക്കുമെന്നാണു് എന്റെ അടിയുറച്ച വിശ്വാസം.

അനതിദൂരഭാവിയിൽ സംഭവിച്ചേക്കാവുന്ന ആ പരിവർത്തനത്തിനുമുമ്പായി തല്ക്കാലവ്യവസ്ഥിതിയിൽ തൊഴിൽത്തക്കങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതു് എങ്ങനെ എന്നുള്ളതാണു് ഈ ലേഖനത്തിനു വിഷയമായ പ്രശ്നം. നമ്മുടെ രാഷ്ട്രീയവും വൈയവസായികവുമായ പരമോന്നത ലക്ഷ്യം രാഷ്ട്രത്തേയും ജനതയേയും ഒരു ഏകലോകവ്യവസ്ഥിതിയിൽ എത്തിക്കുകയും, ജനങ്ങളുടെ ജീവിതത്തോതിലുള്ള അനഭിലഷണീയമായ ഏറ്റക്കുറച്ചിലുകൾ അവസാനിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണു്.

കൂട്ടുടമസമ്പ്രദായം

പല പരിഷ്കൃത രാഷ്ട്രങ്ങളിലും ഇന്നു നിലവിലിരിക്കുന്നതും അനുഭവത്തിൽ വിജയപ്രദമെന്നു് ബോധ്യംവന്നിട്ടുള്ളതുമായ കൂട്ടുടമസമ്പ്രദായം (Co-partnership in Industry) നമ്മുടെ തൊഴിൽശാലകളിലെല്ലാം പ്രാവർത്തികമാക്കുന്നതു് മേൽപറഞ്ഞ അനർത്ഥത്തിലെത്തുവാൻ പലതുകൊണ്ടും പര്യാപ്തമായ ഒരു പുരോഗമനപദ്ധതിയാണെന്നു് നിഃശങ്കം പ്രസ്താവിക്കുവാൻ കഴിയും. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾപോലും അനുവദിച്ചുകൊടുക്കുവാൻ മനഃസ്സില്ലാത്ത ചുരുക്കം ചില മുതലാളികൾ ഇതിനും 'കടകം' നിന്നേക്കാമെങ്കിലും കാലഗതി ശരിക്കു ഗ്രഹിക്കുവാൻ കഴിവുള്ള സകലരും ഈ പദ്ധതി പരിശോധിച്ചുനോക്കുവാൻ സന്നദ്ധരായി മുന്നോട്ടുവരേണ്ടതാണു്.

വ്യവസായത്തിൽ ഈ കൂട്ടുടമപദ്ധതി എങ്ങനെയാണു് പ്രായോഗികമാക്കുന്നതു്? ഉല്പാദകർ, ഉപഭോക്താക്കൾ, തൊഴിലാളികൾ ഇങ്ങനെ മൂന്നു വിഭാഗക്കാരാണു് ഓരോ വ്യവസായത്തോടും അനുബന്ധിക്കപ്പെട്ടിട്ടുള്ളതു്. ഉല്പാദകകോടിയിൽപെട്ട ധനനിക്ഷേപകന്മാർക്കു് തങ്ങളുടെ നിക്ഷേപത്തിനു് എത്രയും ലാഭം കിട്ടാമോ അത്രയും എങ്ങനെയെങ്കിലും തട്ടിയെടുക്കണമെന്നുള്ളതാണു് സ്വാഭാവികമായ താല്പര്യം. ഉപഭോക്താക്കളോടു് എത്രയും വലിയവില വാങ്ങുക, തൊഴിലാളികൾക്കു് കൂലി എത്രയും കുറച്ചുകൊടുക്കുക ഇതാണു് അതിനു സ്വീകരിക്കാവുന്ന മാർഗ്ഗം. ഉപഭോക്താക്കൾക്കാകട്ടെ ഉല്പന്നങ്ങൾ എത്രയും കുറഞ്ഞവിലയ്ക്കു കിട്ടണമെന്നുള്ളതാണു്. തൊഴിലാളികളുടെ താല്പര്യമാണു് ഏറ്റവും ക്രിയക്രൂലി ലഭിക്കുക എന്നുള്ളതു്. പരസ്പരഭിന്നമായ ഈ താല്പര്യങ്ങളുടെ ഫലമായി ഉളവാകുന്ന സംഘട്ടനങ്ങളാണു് ഈ കാണുന്ന സകല വടംവലികളും. ഈ ഭിന്നതാല്പര്യങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്ന ഒരു പദ്ധതിയാണു് വ്യവസായത്തിലെ കൂട്ടുടമസമ്പ്രദായം.

ലണ്ടനിൽ ഈ പദ്ധതി ആദ്യം നടപ്പിലാക്കാൻ ശ്രമിച്ചതു് സൗത്തു് മെട്രാപ്പൊളിറ്റൻ ഗ്യാസു് കമ്പനിയിലാണു്. മേൽപ്പറഞ്ഞ വിഭിന്നതാല്പര്യക്കാരുടെ സംരക്ഷണം ഒരേസമയത്തു സാദ്ധ്യമാകുവാനുള്ള മാർഗ്ഗമെന്തെന്നു് പ്രസ്തുത കമ്പനിയുടെ ഡയറക്ടറായ സർ ജോജ്ജ്ലിവ്സി അവഗാഢം ആലോചിക്കയും അങ്ങനെ 1883-ൽ രൂപീകൃതമായ ലാഭവീതപദ്ധതി 1896-ഓടുകൂടെ ഒരു കൂട്ടുടമപദ്ധതിയായി ഉടലെടുക്കുകയും ചെയ്തു. ഈ വിഷയത്തിൽ ലോർഡ് സിസിലിന്റെ വിദഗ്ദ്ധമായ സേവനം ലിവ്സിക്കു് ധാരാളമായി ലഭിച്ചു. പ്രാരംഭകാലത്തു് ഈ പദ്ധതി സംബന്ധിച്ചു് ഡയറക്ടറന്മാർ തമ്മിൽ സാരതരമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായെങ്കിലും കൂട്ടുടമസമ്പ്രദായം

നടപ്പിൽ വന്നതിൽപിന്നെ പ്രസ്തുത കമ്പനിയിൽ കാര്യമായ യാതൊരു തൊഴിൽത്തർക്കങ്ങളും ആവിർഭവിച്ചിട്ടില്ലെന്നു് ലോർഡ് സിസിൽ പ്രസ്താവിച്ചിരിക്കുന്നു.

ക്രൂട്ടമസന്ത്രുായത്തിന്റെ കേന്ദ്രതത്വം ഉപഭോക്താക്കൾ ധനനിക്ഷേപകർ (ഷെയർ ഹോൾഡേഴ്സ്) പ്രവർത്തകർ (മാനേജർ, ക്ലാർക്കുകൾ തുടങ്ങി തൊഴിലാളികൾവരെ) ഇങ്ങനെ കമ്പനിയുമായി ഏതെങ്കിലുംപ്രകാരേണ ബന്ധപ്പെട്ടവരെല്ലാം ക്രൂട്ടത്തരവാദിതത്തോടും ക്രൂട്ടമസ്ഥാവകാശബോധത്തോടും പ്രവർത്തിക്കുക എന്നുള്ളതാണു്.

മുൻപറഞ്ഞ ഗ്യാസ്കമ്പനിയിൽ ഈ പദ്ധതി എങ്ങനെ പ്രായോഗികമാക്കി എന്നറിഞ്ഞിരിക്കുന്നതു് കൊള്ളാം. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഉല്പാദനത്തിന്റെ (ഗ്യാസു്) വില വളരെ വർദ്ധിച്ചു. വില വർദ്ധിക്കുന്നതിനനുസരിച്ചു് നിക്ഷേപകന്മാരുടെ ആദായം ക്രൂട്ടുന്നില്ല എന്നുള്ളതാണു് ഇതിന്റെ പ്രത്യേകത. കാരണം ഉപഭോക്താക്കൾക്കു് വലിയ വിലക്രൂട്ടുതൽ ദോഷകരമായിരിക്കുമല്ലോ. അവരുടെ പദ്ധതി ഇപ്രകാരമായിരുന്നു:—അധികലാഭത്തിന്റെ 100ക്കു് 5ഭാഗംമാത്രം നിക്ഷേപകന്മാക്കു് ഡിവിഡൻഡായി (ലാഭവീതം) മാറിവച്ചു. ബാക്കിയുള്ളതിന്റെ 70 ശതമാനം ഉപഭോക്താക്കൾക്കുവേണ്ടി ഉല്പന്നങ്ങളുടെ വിലകുറയ്ക്കുന്നതിനായി ഉപയോഗിച്ചു. ശേഷിച്ച 25ശതമാനത്തിൽ $12\frac{1}{2}$ ശതമാനം സാധാരണ സ്റ്റോക്കു് ഹോൾഡേഴ്സിനായും $12\frac{1}{2}$ശതമാനം തൊഴിലാളികളുടെ ക്ഷേമപരപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിനു് കമ്പനിയിലും സൂക്ഷിച്ചു.

പ്രവർത്തനമാർഗ്ഗം

ഇതു വെറുമൊരു ലാഭവിഭജന പദ്ധതിയല്ലേ? ക്രൂട്ടമസന്ത്രുായമാകുന്നതെങ്ങനെ എന്നു ചോദിച്ചേക്കാം. ഈ കമ്പനിയുടെ നിബന്ധനപ്രകാരം തൊഴിലാളികൾക്കു് അപ്പോഴപ്പോൾ ലഭിക്കുന്ന ബോണസിന്റെ നേർപകുതി കമ്പനിയിൽ തന്നെ ട്രസ്റ്റികളുടെ പേരിൽ സൂക്ഷിക്കുന്നു. ബോണസിന്റെ ശേഷിച്ച പകുതി തൊഴിലാളികളുടെ ക്ഷേമപരപ്രവർത്തനങ്ങൾക്കായി കമ്പനി അപ്പോഴപ്പോൾ ചെലവാക്കിക്കൊണ്ടിരിക്കും. ട്രസ്റ്റികളുടെ പേരിൽ സൂക്ഷിക്കുന്ന പകുതിഭാഗം ബോണസുകളെല്ലാംചേർത്തു് ഒരു ക്ലിപ്തതുകയാകുമ്പോൾ ആ തൊഴിലാളിക്കു് ഒരു ലൈസൻസു് ലഭിക്കുന്നു. അങ്ങനെ ലൈസൻസു് ലഭിച്ച ഒരു തൊഴിലാളി കമ്പനിയിലെ നിക്ഷേപകന്മാരിൽ (ഷേയർ ഹോൾഡേഴ്സിൽ) ഒരാളായിത്തീരുന്നു. ഇങ്ങനെ തൊഴിലാളികൾ ഷെയർഹോൾഡേഴ്സായി മാറുന്നു എന്നു മാത്രമല്ല അവരുടെ തെരഞ്ഞെടുക്കപ്പെടുന്ന 3 പ്രതിനിധികൾ കമ്പനിയുടെ ഡയറക്ടേഴ്സ്ബോർഡിൽ അംഗങ്ങളായിത്തീരുകയും ചെയ്യുന്നു. മൂന്നുപേരിൽ ഒരാൾ പ്രതിമാസശമ്പളം പറ്റുന്ന ഒരു ഉദ്യോഗസ്ഥനും രണ്ടുപേർ വാരാന്ത്യവേതനം പറ്റുന്നവരുമായിരിക്കും. ജോലിയുടെ സ്വഭാവം, നിയന്ത്രണം തുടങ്ങിയ പ്രശ്നങ്ങളും, എല്ലാ വിവാദവിഷയങ്ങളും ക്രൂട്ടമക്കമ്മറിയുടെ മുമ്പിൽ കൊണ്ടുവരപ്പെടുന്നു. തൽഫലമായി തൊഴിൽത്തർക്കങ്ങൾ ഒരിക്കലും തലയെടുക്കുന്നതല്ല.

പ്രസ്തുത പദ്ധതിയുടെ ഒരു പ്രത്യേകത ഉൽപാദനങ്ങളുടെ വിലതാഴ്ത്തുമ്പോൾ മാത്രമേ ലാഭം ക്രൂട്ടുവാൻ അനുവദിക്കയുള്ളൂ എന്നുള്ളതാണു്. തന്മൂലം ഉൽപാദകനും ഉപഭോക്താവും തമ്മിൽ സാമ്പത്തിക മത്സരത്തിനു് ഇടയുണ്ടാകുന്നതല്ല. വിലയുടെ സമീകരണം വരുത്താനും ഇതുമൂലം സാധിക്കും. തൊഴിലാളിയും മുതലാളിയും തമ്മിൽ സൗഹാർദ്ദതാല്പര്യസംരക്ഷണത്തിനു വേണ്ടി നടത്തുന്ന പണിമുടക്കുകൾ ലാക്കൗ

ട്ടുകൾ ഇവ ക്രൂട്ടമസന്പ്രദായംമൂലം വള രെയധികം ഒഴിച്ചുവയ്ക്കാവുന്നതാണു്.

ഈ പദ്ധതി നമ്മുടെ വ്യവസായശാല കളിൽ വിനാവിളംബം നടപ്പിൽ വരുത്തു വാൻ മുതലാളികളും, ഗവണ്മെൻറും തൊ ഴിലാളിപ്രതിനിധികളും ചേർന്നു് ശ്രമിക്കേ ണ്ടതത്രേ. വിദഗ്ധന്മാരേ വിദേശങ്ങളിൽ അയച്ചു് ഈ പദ്ധതിയെപ്പറ്റി ശരിയായി ഒരു പഠനം നടത്തുവാൻ ഗവണ്മെൻറുതന്നെ സഹായഹസ്തവുമായി മുന്നിട്ടിറങ്ങണം. നമ്മുടെ വ്യവസായശാലകളിൽ പ്രയോഗത്തിൽ വരുത്താവുന്ന വിധത്തിൽ ഒരു പദ്ധതി തയാറാക്കുകയും നിയമമാർഗ്ഗേണ ആയാൽതന്നെയും അവ പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യേണ്ടതു് ഗവണ്മെൻറിൻെറ കർത്തവ്യമാകുന്നു. നാൾക്കുനാൾ വഷളായിക്കൊണ്ടിരിക്കുന്ന തൊഴിലാളി മുതലാളിബന്ധം ശിഥിലീകരണത്തിലേക്കു പോകുവാൻ ഇടകൊടുക്കാതെ ഉടനെ വേണ്ടതുചെയ്യുന്നതിനു് വ്യവസായതല്പരരായ ഏവർക്കും ബാധ്യതയുണ്ടു്.

പലപ്പോഴും ഈ പ്രവർത്തനത്തിനു വിലങ്ങു തടികളായി നില്ക്കുന്നതു് മുതലാളികളാണു്. എന്നും സ്വേച്ഛാധിപതികളായി ഭരിച്ചുകൊള്ളാമെന്നുള്ള ആശ ആപൽക്കരമാണെന്നു് അത്തരക്കാർ ധരിച്ചിരിക്കണം. തൊഴിലാളികൾക്കു് ന്യായമായ താല്പര്യങ്ങളും അവകാശങ്ങളുമുണ്ടു്. പഴയ വ്യവസ്ഥിതിയുടെ മാനസികമായ പ്രത്യാഘാതങ്ങൾ ഇന്നും നിലനിൽക്കുന്നതിനാൽ മാത്സര്യമനോഭാവം ഒഴുതുതീപ്പിനു് അവസരമില്ലാത്തവിധം ഇരുഭാഗക്കാരിലും കൂടികൊള്ളുകയാണു്. വസ്തുതകളുടെ യാഥാർത്ഥ്യം ശരിക്കു് അഭിമുഖീകരിക്കയും കാലോചിതമായ നിലയിലുള്ള ഒരു നവീന വ്യവസായ വ്യവസ്ഥിതി രൂപീകരിക്കയും ചെയ്യാത്ത പക്ഷം അവിചാരിതമായ സമയത്തു് മുതലാളിതവ്യവസ്ഥിതിയുമായി ആപൽക്കരമായ സംഘട്ടനങ്ങൾ സംഭവ്യമായിത്തീരാതെ തരമില്ല. തൊഴിലാളിയും ഒരു ക്രൂട്ടമസ്ഥനാണെന്നുള്ള ചിന്ത ഉണ്ടാകുന്നപക്ഷം ഒരു സേവകനെപ്പോലെ അയാളെ കരുതുവാൻ സാദ്ധ്യമല്ല.

ഈ ക്രൂട്ടമ ആദർശം തൊഴിലാളിപ്രസ്ഥാനങ്ങളെ അധഃപതിപ്പിക്കയില്ലേ എന്നു് ന്യായമായ ഒരു സംശയം ഈ അവസരത്തിലുണ്ടാകാം. ഈ വാദം മുതലാളികളാണു് ഉന്നയിക്കാറുള്ളതു്. ഇതു് തൊഴിലാളികളുടെയും മുതലാളികളുടെയും താല്പര്യങ്ങൾ വിഭിന്നങ്ങളാണെന്നുള്ള ഒരു ആശയക്കുഴപ്പത്തിൽനിന്നു് ഉടലെടുത്തിട്ടുള്ള വ്യർത്ഥവാദഗതിയാണെന്നു പറയേണ്ടിരിക്കുന്നു. ക്രൂട്ടമസ്ഥാവകാശആദർശം തികച്ചും പരിപൂർണ്ണമാണെന്നു് എനിക്കു് അഭിപ്രായമില്ലെങ്കിലും അതു് വ്യവസായപുരോഗമനപാഥയെ സുഗമമാക്കുന്നതും, തദ്വാരാ രാഷ്ട്രത്തിൻെറ മുഴുവൻ അഭ്യുന്നതിക്കു് അടിത്തറ പണിയുന്നതുമായ ഒരു പദ്ധതിയാണെന്നുള്ളതിനു സംശയമില്ല. വിഭിന്നസമുദായങ്ങളെ ഏകോപിപ്പിക്കുന്നതും, ഭയാശങ്കകളെ ആവുംമട്ടവസാനിപ്പിക്കുന്നതും ദേശക്ഷേമത്തിനും തദ്വാരാ ലോകക്ഷേമത്തിനും ഉപയുക്തവുമായ ഏതാദൃശ പദ്ധതികൾ കാലവിളംബം ക്രൂടാതെ അംഗീകരിപ്പാൻ നാം മുമ്പോട്ടു വരേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ആത്മനിരീക്ഷണം

പുതുക്കാട്, പി. കൃഷ്ണകുമാർ

ആരുഞാനാരുഞാനാച്ചോദ്യമങ്ങിനെ
നേരിട്ടനില്ക്കുന്നിതെൻമുന്നിലിപ്പൊഴം!

* * *

ഫുല്ലപ്രഹർഷപ്രമദലഹരികൾ
പുല്ലാങ്കുഴലു വിളിച്ചുനില്ക്കുമ്പൊഴം

സങ്കല്പസുന്ദര സംഗീതഭംഗിതൻ
തങ്കച്ചിലമ്പു കലമ്പിനില്ക്കുമ്പൊഴം

ഉൽക്കടാവേശ വശീകൃതജീവിതം
തീക്കനൽക്കട്ടകൾ വാരിവീഴുമ്പൊഴം,

മാത്രയ്ക്കു മാത്രയ്ക്കു മേന്മേൽപ്പരിസരം
ചിത്രങ്ങളോരോന്നു മാറ്റിപ്പഴുതുമ്പൊഴം,

നിസ്സഹായത്വം നിവർത്തിവിരിക്കുന്ന
നിർജ്ജീവതയിൽ തളർന്നുവീഴുമ്പൊഴം,

അപ്പൊഴപ്പൊഴമനപ്പൂഞ്ചിറകിലൂരുമായ്
സപ്തവർണ്ണങ്ങളോരോന്നടുത്തണയുമ്പൊഴം,

ഭവ്യദിവ്യമനോഹരമാകിന
കാവ്യാവലോകനമാർന്നിരിക്കുമ്പൊഴം

ആരുഞാൻ, ആരുഞാൻ, ആച്ചോദ്യമങ്ങിനെ
നേരിട്ടനില്ക്കുന്നിതെന്മുന്നിലിപ്പൊഴം!

* * *

കാടും മലയുംകടന്നുടനോടിയു-
മാടിയുംപാടിയുമായിരംചോലകൾ

പൊൽത്തരിച്ചുണ്ടിനാൽപ്പൂവണിഞ്ഞീടിലും
തൃപ്തിവരുന്നതുമില്ല—ഞാൻ സാഗരം!

* * * *

ബ്രഹ്മാണ്ഡമണ്ഡപമണ്ഡനഭംഗിക-
ളെൻമനംതന്നിലലിഞ്ഞുവെന്നാകിലും

കത്തിജ്ജ്വലിക്കുന്ന പിന്നെയുംപിന്നെയും
തൃപ്തിയില്ലിന്നുഞാൻ, ശപ്തതപ്താനലൻ!

* * * *

നേരിയവെൺമുകിൽത്തേരിലിടയ്ക്കിടെ
ശാരദപൗർണ്ണമി വന്നുപോയീടിലും

കാളുന്ന മിന്നൽപ്പൊരികൾചൊരിയുമാ-
കാളനിശീഥിനി ക്രൂരത്തുടിച്ചീടിലും,

ഹൈമവിമോഹനകാന്തികളേന്തിയ
ഹേമന്തചന്ദ്രിക വന്നുനിന്നീടിലും

ചിത്തമിളകാതുനില്ക്കുന്നി,തെന്തിലും
തൃപ്തിയില്ലി,ന്നു ഞാൻ നിത്യനീലാംബരം!

* * * *

പുഞ്ചിരിപ്പൂവിൽത്തണുക്കാത്ത കണ്ണുനീർ
കൊഞ്ചിക്കഴഞ്ഞു നിറയ്ക്കുന്നുലോകമേ,

ആരുഞാനെന്നുള്ളൊരിപ്പൊഴച്ചോദ്യത്തി-
നേറെനാൾക്കുള്ളിലൊരുത്തരമേകുമോ?

പകർപ്പവകാശം രചയിതാവിനു്.

ടാഗോർ—
നമ്മുടെ ദേശീയ പുനരുദ്ധാരകൻ

(കെ. കൃഷ്ണൻനായർ—ശാന്തിനികേതനം)

നമ്മുടെ ദേശീയജീവിതത്തിലെ ഏറ്റവും സുപ്രധാനമായ ഒരു കാലഘട്ടത്തിന്റെ ഉദയത്തെയാണു മഹാകവി രവീന്ദ്രനാഥടാഗോറിന്റെ ജനനം ഉൽഘാടനം ചെയ്യുന്നതു്. എൺപത്തിനാൽപതു വർഷങ്ങൾക്കുമുമ്പാണു് മഹാകവി ഭൂജാതനായതു്. അന്നു ഭാരതത്തിന്റെ ദേശീയചരിത്രത്തിലെന്നുമാത്രമല്ല, മാനവസംസ്കാരത്തിന്റെ ചരിത്രത്തിലെ ഏറ്റവും സമുജ്ജ്വലമായ ഒരദ്ധ്യായം തുറക്കപ്പെട്ടു. ആ ദേഹത്തിന്റെ ജീവിതം ഇൻഡ്യൻനവോത്ഥാനത്തിന്റെ സവിശേഷമായ ഒരു കാലഘട്ടത്തെയാണു പ്രദ്യോതിപ്പിക്കുന്നതു്. അദ്ദേഹത്തിന്റെ ജീവിതാവസാനം ആ തിന്റെ അവസാന അദ്ധ്യായവുമായി. ആ തോട്ടക്രൂടി ചിരകാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യം കൈവരികയും നാം സ്വതന്ത്രഭാരതത്തിന്റെ ആവിഷ്കരണത്തിൽ ബദ്ധശ്രദ്ധരായിത്തീരുകയും ചെയ്തിരിക്കുന്നു. എന്നാൽ വർത്തമാനകാലത്തെ ബദ്ധപ്പാടുകളെ ഒട്ടകറിനിറുത്തിയിട്ടു്, അദ്ദേഹം ജീവിച്ച കാലഘട്ടത്തിലേക്കു് ഒന്നു തിരിഞ്ഞുനോക്കുകയും അദ്ദേഹത്തിന്റെ മഹനീയങ്ങളായ സേവനങ്ങളെ അനുസ്മരിക്കുകയും ചെയ്യുന്നതു തികച്ചും സന്ദർഭോചിതമായിരിക്കും.

1857-ലെ മഹാവിപ്ലവത്തിന്റെ പ്രത്യാഘാതങ്ങൾ അവസാനിച്ചുകഴിയുന്നതിനുമുമ്പാണു് ടാഗോർ ഭൂജാതനായതു്. അന്നു് ഇന്ത്യ ബ്രിട്ടീഷുകാരുടെ നിർദ്ദയമായ മർദ്ദനത്തിൽപെട്ടു് ബോധശൂന്യയായിത്തീർന്നിരുന്നു; സർവ്വശക്തികളും ക്ഷയിച്ചു് നാമാവശേഷയാകുവാൻ നിമിഷങ്ങൾ എണ്ണിയെണ്ണിക്കഴിയുകയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതാവസാനകാലത്തു് ഇന്ത്യ അവളുടെ പരാധീനതയിൽനിന്നും വിമുക്തയാകുവാൻ സർവ്വഥാ പ്രാപ്തയായിത്തീർന്നിരുന്നു. അടിമത്തത്തിന്റെ അഗാധതയിൽനിന്നും സ്വാതന്ത്ര്യത്തിന്റെ സുവർണ്ണകവാടത്തിലേക്കു് എത്തിക്കഴിഞ്ഞിരുന്നു. എൺപതുവർഷങ്ങൾക്കകം എന്തൊരു വ്യത്യാസമാണുണ്ടായതു്! എന്തെല്ലാം പരിവർത്തനങ്ങളിൽക്കൂടിയാണു് ഇൻഡ്യയ്ക്കു കടന്നുപോകേണ്ടിവന്നതു്!! രാഷ്ട്രീയമായി മാത്രമല്ല, സാംസ്കാരികമായും ഇന്ത്യ, അവളുടെ അജയ്യമായ ശക്തിയും ആത്മാഭിമാനവും വീണ്ടെടുത്തുകഴിഞ്ഞിരുന്നു. ഈ നവോത്ഥാനത്തിനു് പ്രേരകമായിനിന്നിരുന്ന ശക്തികൾ പലതാണെങ്കിലും മഹാത്മാഗാന്ധിയേയും, മഹാകവി രവീന്ദ്രനാഥടാഗോറിനേയും തുടർന്നുണ്ടായ പരിവർത്തനമാണു് അതിനു ശരിയായ ശക്തിയും ഓജസ്സും നല്കിയതെന്നുള്ളതിൽ സംശയമില്ല. രാഷ്ട്രീയമായ സ്വാതന്ത്ര്യം മഹാത്മാഗാന്ധിയാണു സാധിതപ്രായമാക്കിയതെങ്കിൽ, സാംസ്കാരികപുനരുദ്ധാരണം മഹാകവി രവീന്ദ്രനാഥടാഗോറാണു കൈവരുത്തിയതു്: ടാഗോർ ജനിച്ചിട്ടില്ലായിരുന്നെങ്കിൽ ഇന്ത്യ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ ഗോപുരദ്വാരത്തിൽ എത്തിച്ചേർന്ന ഒരു മരുഭൂമിയായിക്കലാശിക്കുമായിരുന്നു!

അഭ്യസ്തവിദ്യരായ ഇന്ത്യാക്കാർ പാശ്ചാത്യരുടെ ജീവിതരീതിയും ആചാരങ്ങളുമെ

ല്ലാം അന്ധമായി അനുകരിക്കുവാൻ ആരം ഭിച്ചതുനിമിത്തം സാംസ്കാരികമായി ഇൻ ഡ്യയുടെ ഹൃദയംതന്നെ നഷ്ടപ്പെട്ടുപോയ ഒരു കാലഘട്ടത്തിലാണ് ടാഗോർ ഭാരതീ യസംസ്കാരത്തിന്റെ പരിപോഷണത്തി നായി മുന്നോട്ടുവന്നത്. അദ്ദേഹം ഭാര തീയസംസ്കാരത്തിന്റെ പ്രവാചകനും പ്ര കാശകനുമായിരുന്നു. ലോകത്തിലെ മറേറ തൊരുസംസ്കാരത്തോടും കിടനിൽക്കുവാൻ തക്ക ഓജസ്സും ശക്തിയുമുള്ള പാരമ്പരാഗത മായ ഒരു സംസ്കാരം ഇന്ത്യയ്ക്കുണ്ടെന്നും അ തിന്റെ സാക്ഷാത്ക്കാരമാണു ഇൻഡ്യയു ടെ പുരോഗമനത്തിനു ഏകനിദാനമെന്നും അദ്ദേഹം ഉൽഘോഷിച്ചു. വിസ്മൃതി യിൽ ആണ്ടുകിടന്നിരുന്ന ദേശീയപാരമ്പ ര്യത്തേയും ജീവിതചര്യയേയും പുനരുജ്ജീ വിപ്പിക്കുവാൻ അദ്ദേഹം നടത്തിയ പ്രവ ത്തനങ്ങളും ബഹുമുഖങ്ങളായിരുന്നു. അതു വരെ അഗണ്യകോടിയിൽ തള്ളിയിരുന്ന മാ തൃഭാഷയുടെ പുനരുദ്ധാരണത്തിനായി അ ദ്ദേഹം തന്റെ സകലശക്തിയും ഉഴിഞ്ഞു വച്ചു. എത്രയും മനോഹരമായ ഒരു ഭാ ഷാരീതി ഗദ്യത്തിലും പദ്യത്തിലും ഒന്നു പോലെ പ്രയോഗത്തിൽ വരുത്തുവാൻ അ ദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. തന്റെ മാ തൃഭാഷയുടെ പുനരുദ്ധാരണംകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല; പ്രത്യുത ഇൻഡ്യ യുടെ എല്ലാഭാഗങ്ങളിലുമുള്ള പ്രാദേശികഭാ ഷകളുടെ വിമോചനത്തിനായി അദ്ദേഹം എത്രയും ശക്തിയായി വാദിക്കയുംചെയ്തു. അദ്ദേഹം സൃഷ്ടിച്ച നൂതനമായ ശൈലിയു ടേയും സാഹിത്യത്തിന്റെയും പ്രതിദ്ധ്വനി ഇൻഡ്യയിലുള്ള എല്ലാ പ്രാദേശികഭാഷക ളിലെന്നുമാത്രമല്ല, വിശ്വസാഹിത്യത്തിൽ പോലും ഒരു നവീനമായ സാഹിത്യപ്രഭ പരത്തുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. അ ദ്ദേഹം ഭാരതത്തിന്റെ സനാതനമായ സൗന്ദര്യവിശേഷത്തെ പ്രകീർത്തിക്കയും ആ ഗാനമാധുരിയിൽ ഭാരതീയജനതയെ ഉൽ ബുദ്ധരാക്കുകയുംചെയ്തു. ഇന്ത്യ മുഴുവൻ അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ അഭിമാനം കൊണ്ടു. അദ്ദേഹം ഭാരതത്തിന്റെ മഹി മയും മനോഹാരിതയും ലോകത്തിന്റെ ദൃ ഷ്ടിയിൽ കൊണ്ടുവരികയും അവളുടെ അഭി മാനം വീണ്ടെടുക്കുകയുമാണു ചെയ്തത്.

ഒരു ഭാരതീയമഹാകവി എന്നനില യിൽ മാത്രമല്ല, വിശ്വസാഹിത്യത്തിലെ ഒരു അനിഷേധ്യസമ്രാട്ടായിട്ടാണു ടാ ഗോറിനെ സഹൃദയലോകം ഗണിച്ചുപോ രുന്നത്. അദ്ദേഹത്തിന്റെ മനോജ്ഞങ്ങ ളായ കാവ്യതല്ലജങ്ങളും ലോകത്തിനു വി ശിഷ്യാ ഇൻഡ്യയ്ക്കു ഒരു പുതിയ ജീവൻ നൽകുകയാണു ചെയ്തത്. ഭാരതീയമായ ഭാവനയിലും ചിന്തയിലും അദ്ദേഹം സമാ ജ്ജിച്ച നേട്ടങ്ങളും ഇൻഡ്യയെ ലോകത്തി ന്റെ ദൃഷ്ടിയിൽ സമാരാദ്ധ്യയാക്കിത്തീർത്തു. അദ്ദേഹത്തിന്റെ കാവ്യപരിലാളനയിൽ ഇൻ ഡ്യയുടെ കലാസമ്പത്തു് ഒരു പുതിയ രൂപം കൈക്കൊള്ളുകയും പുരോഗതിക്കു മാർഗ്ഗദർശകമായിത്തീരുകയുംചെയ്തു. അതോ ടൊപ്പം ജീവിതത്തിന്റെ ഇതരവശങ്ങളി ലുള്ള വിവിധപ്രശ്നങ്ങളേയും അവശത കളേയും നോക്കി കണ്ണടച്ചുകളയുവാനോ, അവയിൽനിന്നു് ഒഴിഞ്ഞുമാറുവാനോ അ ദ്ദേഹം ഒരുമ്പെട്ടിട്ടില്ല. ഇൻഡ്യയുടെ പ രാധീനത അദ്ദേഹത്തിന്റെ ഹൃദയത്തെ സദാ വേദനിപ്പിച്ചുകൊണ്ടിരുന്നു. 1919-ലെ പഞ്ചാബിലെ ക്രൂരക്കൊല ടാഗോറിനെ അതിയായി ദുഃഖിപ്പിച്ചു. കവിയുടെ ഹൃദ യം ഉരുകുകയും പ്രതിഷേധത്തിനു വെമ്പൽ കൊള്ളുകയുംചെയ്തു. അതിനെത്തുടർന്നു് അ ദ്ദേഹം തനിക്കുലഭിച്ചിട്ടുണ്ടായിരുന്ന 'സർ' സ്ഥാനം സാഭിമാനം വലിച്ചെറിഞ്ഞുകൊ ണ്ടു് വൈസ്രായിക്കെഴുതിയ 'തുറന്നകത്തു്' ഭാരതത്തെ പുളകംകൊള്ളിക്കുന്ന ഒന്നായി രുന്നു. അതു് ബ്രിട്ടീഷ്സാമ്രാജ്യദുഷ്പ്രഭു ത്വത്തോടുള്ള ഇൻഡ്യയുടെ പ്രതിഷേധത്തി ന്റെ പ്രതിദ്ധ്വനിയായിരുന്നു. അതോടു കൂടി അദ്ദേഹം രാഷ്ട്രീയപ്രവർത്തനങ്ങളിൽ

പങ്കെടുക്കുവാൻ ആരംഭിക്കുകയും കന്നില ധികംതവണ ബങ്കാളിനെ നയിക്കുകയുംചെ യ്തിട്ടുണ്ട്. 1920-ൽ നിസ്സഹകരണപ്ര സ്ഥാനം സമാരംഭിച്ചു. രവീന്ദ്രനാഥ് ത ന്റെ സകലവിധമായ ശക്തിയും അതി ന്നായി സമർപ്പിക്കുകയാണുണ്ടായതു്. എ ന്നാൽ നിസ്സഹകരണപ്രസ്ഥാനം അതി ന്റെ ആദർശത്തിൽനിന്നും വ്യതിചലിക്കു വാൻ തുടങ്ങിയപ്പോൾ അദ്ദേഹം അതിനെ വിട്ടുമാറുകയും സൃഷ്ടിപരമായ പ്രവർത്തന ങ്ങൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ മരണത്തിന്റെ സമാഗതഹസ്തങ്ങളിൽ അ ഭയംപ്രാപിക്കുന്നതിനു് ഏതാനും വാര ങ്ങൾക്കുമുമ്പു് അദ്ദേഹം ദീനശയ്യയിൽകിട ന്നുകൊണ്ടു് ദുരഹങ്കാരിണിയായ മിസ്സ് റാ ത്തു്ബോണിനയച്ച 'ഒരിന്ത്യാക്കാരന്റെ മറുപടി' എന്ന വിശ്വവിഖ്യാതമായ ലിഖി തം ഒരിക്കൽക്കൂടി ഭാരതത്തിന്റെ അഭിമാ നത്തെ ഉയർത്തിക്കാട്ടിയ മറ്റൊരു സംഭവ മായിരുന്നു. അങ്ങിനെ ജനനംമുതൽ മരണംവരെ അദ്ദേഹം ഇൻഡ്യയുടെ വി മോചനത്തിനായി അശ്രാന്തം പ്രയത്നിച്ചു കൊണ്ടുതന്നെയിരുന്നു.

ടാഗോറിനു് അഭിമതത്തിലാണ്ടുകിടന്നി രുന്ന ഭാരതീയരെ തന്റെ ഉജ്ജ്വലമായ തൂ ലികകൊണ്ടു് ഒന്നണർത്തുവാൻ സാധിച്ചതു കൊണ്ടുമാത്രം തൃപ്തിപ്പെടുന്നതിനു സാധി ച്ചില്ല. അന്നു വെറും വിനാശകരമായ പ്ര വർത്തനങ്ങളിൽമാത്രം ജാഗ്രൽകമായിരുന്ന കാൺഗ്രസ്സിന്റെ നയത്തിലും അദ്ദേഹത്തി നു വിശ്വാസമില്ലാതെപോയി. വെറും നശീ കരണപരമായ പന്ഥാവിൽക്കൂടി സ്വാതന്ത്ര്യം കൈവരുത്തുവാൻ സാധിച്ചെന്നുവ ന്നാൽതന്നെ, അതുകൊണ്ടു യാതൊരു പ്ര യോജനവുമുണ്ടാകുവാൻ പോകുന്നില്ലെന്നും അദ്ദേഹം വാദിച്ചു. സൃഷ്ടിപരമായ സാദ്ധ്യ തകളെ വർദ്ധിപ്പിക്കാതെ നശീകരണമാ ർഗ്ഗങ്ങളിൽക്കൂടി സമ്പാദിക്കുന്ന സ്വാതന്ത്ര്യം വെറും അർത്ഥശൂന്യമായ ഒന്നായിരിക്കുമെ ന്നും അതിനാൽ ചേതനാത്മകമായ പ്രവ ർത്തനങ്ങളിൽക്കൂടി ഇൻഡ്യയുടെ കഴിവുക ളെ വർദ്ധിപ്പിക്കുകയാണു വേണ്ടതെന്നും അദ്ദേഹം തീരുമാനിച്ചു. അന്നത്തെ രാഷ്ട്രീ യപ്രവർത്തകന്മാർ അദ്ദേഹത്തെ നോക്കി ഹസിച്ചിരിക്കണം. നിസ്സഹകരണപ്രസ്ഥാ നത്തെ തുടർന്നുണ്ടായ സ്വദേശിപ്രസ്ഥാന ത്തെ അദ്ദേഹം അതിയായി സ്നേഹിക്കുക യും അതിന്റെ വിജയത്തിനായി വേണ്ടതു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ശരിയായ രാജ്യസ്നേഹം വെറും പ്രസംഗങ്ങളിൽമാത്രം പ്രതിഫലിക്കുന്ന ഒന്നല്ലെന്നും, സ്ഥിരവും തീവ്രവും നിസ്സ്വാർത്ഥവുമായ സേവനങ്ങളി ലാണതു് അധിഷ്ഠിതമായിരിക്കുന്നതെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഇൻഡ്യ യുടെ സാമ്പത്തികനില വീണ്ടും ഉയർത്തുവാ നുള്ള മാർഗ്ഗത്തെ അദ്ദേഹം ആരാഞ്ഞുകൊ ണ്ടിരുന്നു. വിദേശീയാക്രമണത്തോടുകൂടി നാമാവശേഷമായതീന്ന് ഗ്രാമങ്ങളെ പുന രുദ്ധരിക്കുന്നതുകൊണ്ടുമാത്രമേ ഇൻഡ്യയു ടെ സാമ്പത്തികനില വീണ്ടും ഭദ്രമാവൂ എ ന്നദ്ദേഹം വിശ്വസിക്കുകയും അതിനായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നമ്മു ടെ രാഷ്ട്രീയനേതാക്കന്മാർ ഗ്രാമപുനരുദ്ധാ രണപരമായ പ്രവർത്തനങ്ങളുടെ മഹത്വം മനസ്സിലാക്കുന്നതിനും എത്രയോ മുമ്പുത ന്നെ രവീന്ദ്രനാഥ് തൽസംബന്ധമായ പ്ര വർത്തനങ്ങൾ സമാരംഭിച്ചുകഴിഞ്ഞിരുന്നു. നിത്യദാരിദ്ര്യത്തിലും രോഗത്തിലുംപെട്ട മ രണത്തിലേക്കു പാഞ്ഞുപൊയ്ക്കൊണ്ടിരിക്കു ന്ന നിസ്സഹായരായ ഗ്രാമീണരെ ആ നി ത്യനരകത്തിൽനിന്നും കരകയറുവാനുള്ള ശ്രമങ്ങൾക്കായിട്ടാണു് ടാഗോർ അദ്ദേഹ ത്തിന്റെ ജീവിതത്തിന്റെ സിംഹഭാഗവും വിനിയോഗിച്ചിട്ടുള്ളതു്.

വിദേശീയവിദ്യാഭ്യാസത്തിൽക്കൂടി അധഃ പതനത്തിലേക്കാഴ്ന്നുകൊണ്ടിരുന്ന മാതൃ ഭൂമിയെ രക്ഷിക്കുവാനുള്ള ആഗ്രഹമാണു് ടാഗോറിനെ വിദ്യാഭ്യാസപരമായ പ്രവ ർത്തനങ്ങളിലേക്കു് ആകർഷിക്കുകയുണ്ടായ തു്. ഇന്നു നമുക്കഭിമുഖീകരിക്കേണ്ടിവന്നി

രിക്കുന്ന സകലവിധ വിഷമപ്രശ്നങ്ങളുടേയും അന്ധവിശ്വാസം, നിലവിലിരിക്കുന്ന അനാഭിലഷണീയമായ വിദ്യാഭ്യാസസമ്പ്രദായമാണെന്നു് അദ്ദേഹം കണ്ടുപിടിച്ചു് അതിനൊരു പരിഹാരം സൃഷ്ടിക്കുന്നതിനു തീച്ചപ്പെടുത്തി. ശിശുവിദ്യാഭ്യാസം എപ്രകാരമായിരിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ചിന്താവിഷയം.

ശിശുപ്രായത്തിലുണ്ടാകുന്ന പരിചയവും അനുഭവവുമാണു് മനുഷ്യന്റെ സ്വഭാവരൂപവൽക്കരണത്തിനുള്ള ഉപാധികളെന്നും, അതിനാൽ കുട്ടികളെ ഏറ്റവും സ്വതന്ത്രവും സ്വാഭാവികവുമായ ഒരു പരിസരത്തിൽ വളരുവാൻ അനുവദിക്കുകയാണു വേണ്ടതെന്നും അദ്ദേഹം തീരുമാനിച്ചു. ശാന്തിനികേതനത്തിൽ വിദ്യാഭ്യാസപരമായി അദ്ദേഹം നടത്തിയ പരീക്ഷണങ്ങൾം ലോകത്തിന്റെ സവിശേഷമായ ശ്രദ്ധയെ സമാകഷ്ടിക്കയുംചെയ്തു. ഈ വിഷയത്തിൽ ടാഗോർ മറേറതൊരു വ്യക്തിയെക്കാളുമധികം പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു കേവലം പരമാർത്ഥം മാത്രമാകുന്നു. അദ്ദേഹം തന്റെ ജീവിതം മുഴുവനും ഒരദ്ധ്യാപകനെന്ന നിലയിൽ കഴിച്ചു കൂട്ടുകയാണു ചെയ്തതു്.

സങ്കുചിതമായ ദേശീയചിന്തകളിൽ നിന്നും വികാരങ്ങളിൽനിന്നും മനുഷ്യന്റെ ശ്രദ്ധയെ സാർവ്വലൗകികാദർശങ്ങളിലേക്കും ചിന്തകളിലേക്കും സമാകഷ്ടിക്കുകയെന്നുള്ളതായിരുന്ന ടാഗോറിന്റെ അന്ത്യമായശ്രമം. ഒരു സാർവ്വലൗകികചിന്താഗതിയുടെ അഭാവമാണു ഇന്നത്തെ ഈ വാശിപിടിച്ച അക്രമങ്ങളുടേയും മഹായുദ്ധങ്ങളുടേയും കാരണമെന്നദ്ദേഹം വാദിച്ചു. ലോകംമുഴുവനും പ്രാദേശികങ്ങളും ദേശീയങ്ങളുമായ ദുരാഗ്രഹങ്ങൾക്കായി ഭ്രാന്തുപിടിച്ചപ്പോൾ, ടാഗോർ സമചിത്തതയോടുകൂടി ദുരാഗ്രഹികളായ യുദ്ധവീരന്മാരെ താക്കീതുചെയ്യുകയും, മനുഷ്യരാശിയുടെ മുഴുവൻക്ഷേമത്തിനായി പ്രയത്നിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഒരു സാർവ്വലൗകികമായ ചിന്താഗതിയുണ്ടാകണമെങ്കിൽ മാനസികമായ ഒരഖിലലോകവിപ്ലവം അത്യന്താപേക്ഷിതമാണു്. അങ്ങിനെ ഒരഖിലലോകവിപ്ലവം ഉണ്ടാക്കേണമെങ്കിൽ തദനുസരണമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമുണ്ടയിരിക്കണം. ഒരു ശിശുവിനെ ഒരു ലോകപൗരനാക്കി ഉയർത്തുവാൻ പര്യാപ്തമായ ഒരു വിദ്യാഭ്യാസരീതി അദ്ദേഹം വിഭാവനം ചെയ്യുകയാണുണ്ടായതു്. അതിനു ലോകത്തിലുള്ള വിവിധസംസ്കാരങ്ങളുമായി അനുസ്യൂതമായ ബന്ധം പ്രാപിക്കുവാൻ ഇടയാക്കുന്ന സാർവ്വദേശീയവിദ്യാഭ്യാസകേന്ദ്രങ്ങൾം സ്ഥാപിക്കുകയാണുവേണ്ടതെന്നും അദ്ദേഹം തീർത്തുപ്പെടുത്തി. പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു പ്രസ്ഥാനം ഇന്നും അവരുടെ സ്വപ്നങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നതേയുള്ള. അതോടുകൂടി ശാന്തിനികേതനത്തിലെ ബ്രഹ്മചര്യാശ്രമം യത്ര വിശ്വം ഭവത്യേകനീഡം എന്നവിശിഷ്ടമായ മുദ്രാവാക്യത്തോടുകൂടി ലോകത്തിനായി തുറന്നുകൊടുക്കയുംചെയ്തു. അങ്ങനെ അദ്ദേഹം ലോകത്തെ മുഴുവൻ വിശ്വഭാരതിയിലേക്കു ക്ഷണിക്കുകയാണുണ്ടായതു്. ലോകത്തിന്റെ മുഴുവൻ ഒരു വിശ്രമസ്ഥാനമാണു് വിശ്വഭാരതി എന്നുള്ളതിനു സംശയമില്ല.

ഒരുകവി എന്നനിലയിൽ അദ്ദേഹം ഭാരതത്തിന്റെ സനാതനമായ സൗന്ദര്യസമ്പത്തിനെ ലോകത്തിനു സംഭാവനചെയ്തു. ഒരു ചിന്തകനെന്ന നിലയിൽ അദ്ദേഹം മനുഷ്യരാശിയുടെ മുഴുവൻ അഭിമാനസമ്പത്തായി. ഒരിൻഡ്യാക്കാരനെന്ന നിലയിൽ അദ്ദേഹം, ഭാരതത്തിന്റെ പുനരുദ്ധാരകനായി. സർവ്വോപരി ഏഷ്യൻസംസ്കാരത്തിന്റെ മുഴുവൻ സംരക്ഷകനുമായി. അദ്ദേഹത്തിന്റെ അനശ്വരങ്ങളായ സേവനങ്ങളെ അനുസ്മരിക്കുമ്പോൾ നാം നമ്മുടെ കർത്തവ്യം നിറവേറുന്നതോടുകൂടി നമ്മുടെ സൃഷ്ടിപരമായ കഴിവുകളെ വർദ്ധിപ്പിക്കുകയുമാണു ചെയ്യുന്നതു്.

പരിവർത്തനത്തിന്റെ നെടുവീർപ്പ്

(ഒ. എൻ. വി കുറുപ്പ്)

(നതോന്നത)

I

കുളത്തെന്നൽ മുരളുന്ന
കളിവാക്കിൽ രസമേറി
കൂടുകൂടെച്ചിരിക്കുന്ന
തളിർക്കുട്ടംപോൽ,

തേൻകുടിച്ചു തെളിഞ്ഞാടി
പൂഞ്ചിറകാൽ താളമിട്ട
തേനൊഴുക്കൻ പാട്ടുപാടും
പൈങ്കിളികൾപോൽ,

പുളകങ്ങൾ കതിരിട്ട
കളിത്തോഴരവരെല്ലാം
തളരാതെ തകർക്കുന്ന
താളമേളങ്ങൾ;

കുണുക്കാട്ടി,കുണുക്കാട്ടി,
മണിക്കാറിലിളകുന്ന
കുണിക്കൊന്നമരത്തിന്റെ
തണൽപ്പൂമ്പട്ടിൽ!.....

II

പൂഴിമണ്ണിൽ കോവിൽതീർത്തു;
പൂജകൾക്കു നേരമായി!–
കുരംകുപ്പിനിലയായീ
കളിക്കുഞ്ഞുങ്ങൾ!

മണിനാദം,–മന്ത്രം,–മെല്ലാം
"മണിയന്റെ"നാവിൽനിന്നും
പലമട്ടിലിടവിട്ട
തെളിഞ്ഞുയർന്നു.

അതുനോക്കിയൊരുമാത്ര
നിലയായീ വഴിപോക്കർ;
ഉതിർത്തുപോയവരെല്ലാം
ചുടുവീർപ്പുകൾ.

അറിയുവാൻ കൊതിച്ചെന്നാ–
ലറിഞ്ഞതില്ലക്കിടാങ്ങൾ:
പൊരുളെന്താണങ്ങുതിർത്ത
വീർപ്പുകൾക്കെല്ലാം?.....

III

അന്തിനേരം: ശൈശവത്തിൻ
അന്തിമമാം മുഹൂർത്തത്തിൽ
കളിത്തോഴരവരെല്ലാം
പലവഴിപോയ്.

നാലുകെട്ടിന്നകത്തേക്കു–
മോലമാടങ്ങൾക്കകത്തും
പിരിഞ്ഞുപോയവർ; പിന്നെ–
യൊരുമിച്ചില്ല.....

IV

കുളർച്ചോലത്തെളിനീരിൽ
കുളിക്കുവാനാവഴിയേ
കടന്നുപോയിന്നലത്തെ–
കളിക്കുഞ്ഞുങ്ങൾ.

തരുണന്മാർ, തരുണികൾ!—
അവരെങ്ങാൻ പരസ്പരം
ഒരുവാക്കു മിണ്ടിയെങ്കിൽ
പഴിക്കും ലോകം!—

മരച്ചോട്ടിൽ ശൈശവത്തിൻ
കരംകൊട്ടിച്ചിരികേൾക്കെ,
ഇടനെഞ്ചിലവക്കെന്തോ
ചുട്ടുനീറുംപോലെ!

നെടുതാകുമൊരു വീർപ്പായ്
ചുടുച്ചിലുതയർന്നപ്പോൾ
അറിവായിതവക്കെല്ലാ–
മതിൻ രഹസ്യം!.....

സാഹിത്യകലയിലെ മിസ്റ്റിസിസ്സം

(കെ. സി പിള്ള, എം. എ; ബി. ഡി.)

മിസ്റ്റിസിസ്സം മലയാളസാഹിത്യത്തിലെ ഒരു നവീനപ്രസ്ഥാനമാണു്. നമ്മുടെ പ്രാചീനകവികളിൽ ആരുംതന്നെ മിസ്റ്റിസിസ്സത്തിൽ ദൃഷ്ടിവച്ചിരുന്നതായി കാണുന്നില്ല. ആവർത്തനഭീതിക്രൂടാതെ പുരാണകഥകൾ തന്മയത്വംപോലെ കഥനം ചെയ്യുക മാത്രമായിരുന്നു അവരുടെ സാഹിത്യവ്യവസായം. ഒരേകഥാവസ്തുതന്നെ മഹാകാവ്യം, നാടകം, ചമ്പു, ഖണ്ഡകാവ്യം, തുള്ളൽ എന്നിങ്ങനെ വിവിധരൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതിനു ഉദാഹരണങ്ങൾ നിരവധിയാണു്. കേരളവർമ്മപ്രഭൃതികൾ കാവ്യകലയുടെ ബാഹ്യരൂപത്തിലും കൃതിമാംശത്തിലുമാണു ക്രൂടുതൽ ശ്രദ്ധാലുക്കളായിരുന്നതു്. കവിയും പണ്ഡിതനും തമ്മിൽ സാത്മ്യംഭവിച്ച അക്കാലത്തു മിസ്റ്റിസിസ്സമെന്നല്ല, അതിനു കളമൊരുക്കേണ്ട കാല്പനികതപോലും കലാധർമ്മമായി അംഗീകരിച്ചിരുന്നില്ല. ആശാൻ, വള്ളത്തോൾ മുതലായവരുടെ കയ്യിൽ കാല്പനികതപോലും അതിന്റെ ഉച്ചനിലയെ പ്രാപിച്ചുവെങ്കിലും, പരിപൂർണ്ണമായ മിസ്റ്റിക്കുസ്വഭാവമുള്ള യാതൊരുകവിതയും മലയാളസാഹിത്യത്തിനു് ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ചില അപൂർവ്വസന്ദർഭങ്ങളിൽ കുമാരനാശാന്റെ കവിതകളിൽ മിസ്റ്റിസിസ്സത്തിന്റെ നിഴലുകൾ ദൃശ്യമാകാറുണ്ടെങ്കിലും അദ്ദേഹത്തെ ഒരു മിസ്റ്റിക്കുകവിയായി കരുതുന്നതു സാഹസമായിരിക്കും. ആനതമൌലികളായിട്ടെങ്കിലും മിസ്റ്റിക്കുപ്രസ്ഥാനത്തെ മലയാളസാഹിത്യവേദിയിലേക്കു ആനയിച്ചതു ആധുനികയുവകവികളാണു്. അവരിൽ മിക്കവരും മിസ്റ്റിക്കുപ്രസ്ഥാനത്തിൽ കൈവെച്ചിട്ടുണ്ടെങ്കിലും യഥാർത്ഥമായ മിസ്റ്റിക്കുചിത്തവൃത്തിയോടുകൂടിയവരും, വിജയകരമായ മിസ്റ്റിക്കുകവിതകൾ എഴുതിയിട്ടുള്ളവരും വളരെ ചുരുക്കമാണു്. ശ്രീമാൻ ജി. ശങ്കരക്കുറുപ്പിന്റെ ചില കവിതകളിലും കൈനിക്കര കുമാരപിള്ളയുടെ "ആത്മാലാപ"ത്തിലും സർവ്വോപരി മി: ടി. കെ. നാരായണക്കുറുപ്പിന്റെ ആത്മഗീതത്തിലുമാണു കലർപ്പില്ലാത്ത മിസ്റ്റിസിസ്സം പ്രകടമായിക്കാണുന്നതു്.

വംഗസാഹിത്യസമ്രാട്ടായ രവീന്ദ്രനാഥടാഗോറിന്റെ കവിതകളുമായുള്ള പരിചയമാണു മലയാളയുവകവികളെ മിസ്റ്റിസിസ്സത്തിൽ ഭക്തദൃഷ്ടികളാക്കിയതു്. ഗദ്യത്തിലും പദ്യത്തിലുമുള്ള പല പ്രസ്ഥാനങ്ങൾക്കും രൂപങ്ങൾക്കും നാം ആംഗലസാഹിത്യത്തോടാണു കടപ്പെട്ടിരിക്കുന്നതെങ്കിലും ഭൌതികോൽക്കർഷത്തേക്കാൾ ആത്മീയോന്നമനത്തിനു പ്രാധാന്യംകല്പിച്ചിരുന്ന ഭാരതത്തിനു മിസ്റ്റിസിസ്സം സഹജവും തന്നിമിത്തം ചിരപരിചിതവുമായിരുന്ന ഒരു സാഹിത്യപ്രസ്ഥാനമായിരുന്നു. ടാഗോറാണു മിസ്റ്റിക്കുപ്രസ്ഥാനത്തിന്റെ ജനയിതാവെന്നും, അദ്ദേഹത്തിന്റെ കൃതികളാണു പ്രസ്തുത പ്രസ്ഥാനത്തിന്റെ വിജയവൈജയന്തികളെന്നുമുള്ള സാധാരണവിശ്വാസം കേവലം അടിസ്ഥാനരഹിതങ്ങളാണു്. വേദങ്ങളിലേയും ഉപനിഷത്തുകളിലേയും ചില മന്ത്രങ്ങളും, കബീർദാസൻ മുതലായ കവീശ്വരൻമാരുടെ കൃതികളുമാണു ടാഗോറിനുതന്നെ ഈ പ്രസ്ഥാനത്തിൽ മാർഗ്ഗദീപങ്ങളായിരുന്നിട്ടുള്ളതു്. ഒരുപക്ഷേ ഹാഫി

സ്സ് മുതലായ സൂഫികളുടെ പേർഷ്യൻകവിതകളും അദ്ദേഹത്തിനു വേണ്ട പ്രചോദനം നല്കിയിട്ടുണ്ടാവാം ടാഗോറിനുണ്ടായ മഹാഭാഗ്യം അദ്ദേഹത്തിന്റെ ജഗജ്ജയിയായ കവനകലാവൈശിഷ്ട്യം പാശ്ചാത്യലോകം അംഗീകരിച്ചു എന്നുള്ളതുമാത്രമാണു്. ബൈബിളിലെ സോളമന്റെ ഭക്തിഗീതങ്ങളിലും ബ്ലേക്കു്, ഫെർബർട്ടു്, വേഡ്സ്വർത്തു് മുതലായ ഇംഗ്ലീഷുകവികളുടെ കൃതികളിലും മിസ്റ്റിസിസ്സത്തിന്റെ നിറപ്പകിട്ടകം തെറിച്ചുരിക്കാൻ പാടില്ലാത്തവണ്ണം പ്രസ്പഷ്ടമാണു്. എങ്കിലും പത്തൊൻപതാംനൂറ്റാണ്ടിലെ ഭൌതികോന്മത്തതയ്ക്കുശേഷം ടാഗോറിന്റെ ഗീതാഞ്ജലി ഒരു പുതിയ ലോകത്തെയാണു പാശ്ചാത്യർക്കു പരിചയപ്പെടുത്തിക്കൊടുത്തതു്. കാടുകയറിയ കാല്പനികപ്രസ്ഥാനത്തോടു പ്രതിഷേധിച്ചു യാഥാതഥ്യപ്രസ്ഥാനവും, അതിനു വിപരീതമായി ചിന്തനപ്രസ്ഥാനവും ഇംഗ്ലണ്ടിൽതന്നെ ശിഥിലപ്രായത്തിൽ നിലവിലുണ്ടായിരുന്നു. അതിൽ യേറ്റ്സ് (W. B. Yeates) തുടങ്ങിയ മിസ്റ്റിക്കുകവികൾക്കു കലാസുന്ദരവും ആത്മീയസമ്പൽസമൃദ്ധവുമായ ടാഗോറിന്റെ കവിതകൾ ആകഷ്ണീയമായി തോന്നിയതിൽ വിസ്മയിക്കാനില്ലല്ലോ.

മിസ്റ്റിസിസ്സത്തേപ്പോലെ തെറിച്ചുരിക്കപ്പെട്ടിട്ടുള്ള മറെറാരു സാഹിത്യപ്രസ്ഥാനം മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. "ഗ്രുഡാത്മകവനം"ങ്ങൾ എന്നുള്ള തജ്ജിമതന്നെ ആ പ്രസ്ഥാനത്തിന്റെ സാക്ഷാൽസ്വഭാവത്തെപ്പററിയുള്ള അജ്ഞതയേയാണു വെളിപ്പെടുത്തുന്നതു്. ഗൂഢാത്മമുള്ള കവിതകളെല്ലാം മിസ്റ്റിസിസ്സമാകുമെങ്കിൽ ധ്വനിയും, സമാസോക്തിയും, ഒരുപക്ഷേ ശ്ലേഷംതന്നെയും ആ സാഹിത്യപ്രസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ടിവരും. ബാഹ്യമായ ഒരു ചട്ടക്കൂട്ടിൽ ഗഹനങ്ങളായ ചില ആശയങ്ങൾ നിഗ്രഹനംചെയ്യുന്നതാണു മിസ്റ്റിസിസ്സമെന്നു ചിലർ തെറിച്ചുരിച്ചിട്ടുണ്ടു്. ഈ പ്രമാദം ഹേതുവായിട്ടു ചില പ്രശസ്തസാഹിത്യകാരന്മാരുടെ കൃതികൾപോലും മിസ്റ്റിസിസ്സത്തിന്റെ മഹോന്നതപദവിയിൽനിന്നും കേവലം അനുരണനത്തിലേക്കു താഴ്ന്നുപോയിട്ടുണ്ടു്. ശ്രീമാൻ ജി. ശങ്കരക്കുറുപ്പിന്റെ "സൂര്യകാന്തി" "അന്വേഷണം" മുതലായ കൃതികളിൽ—സുന്ദരങ്ങളായ കവിതാശകലങ്ങൾ എന്ന നിലയിൽ അവ എത്രതന്നെ പ്രശംസാർഹങ്ങളാണെങ്കിലും—ഈ വൈകല്യം സ്പഷ്ടമായി കാണാം. ചങ്ങമ്പുഴ, ഇടപ്പള്ളി മുതലായവരെ അനഭിജ്ഞന്മാർ മിസ്റ്റിക്കു കവികളായി കരുതുന്നതുകൊണ്ടു്, അവരെല്ലാം അപൂർവ്വം ചില മിസ്റ്റിക്കു കവിതകൾ എഴുതിയിട്ടുണ്ടെങ്കിലും അവ ഒന്നുംതന്നെ യഥാർത്ഥമായ മിസ്റ്റിസിസ്സത്തിന്റെ സ്വഭാവത്തോടുക്രടിയതല്ലെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഉല്ലേഖങ്ങൾക്കും പ്രതിരൂപങ്ങൾക്കും മറെറാരു കവിതകളിലേക്കാൾ പ്രസക്തിയൊന്നും മിസ്റ്റിസിസ്സത്തിൽ ഇല്ല. മിസ്റ്റിസിസ്സം എന്ന പദം വ്യവച്ഛേദിക്കുന്നതു ഒരു സാഹിത്യസ്വരൂപത്തെയല്ല, പ്രത്യുത, ഒരു സാഹിത്യസ്വഭാവത്തെയാണു്. പ്രകാശനരൂപം എത്രതന്നെയായാലും പ്രകാശിപ്പിക്കുന്ന ആശയത്തെ അടിസ്ഥാനമാക്കിയാണു ഒരു കവിത മിസ്റ്റിക്കു പ്രസ്ഥാനത്തിൽ ഉൾപ്പെടുത്താമോ എന്നു നിശ്ചയിക്കേണ്ടതു്. കഥാവസ്തുവിന്റെ സ്വഭാവമുദ്രകൾ ചിലപ്പോൾ, എന്നല്ല, മിക്കപ്പോഴും പ്രകാശനമാധ്യത്തിൽ പതിഞ്ഞിരിക്കുമെന്നേയുള്ളു.

മിസ്റ്റിസിസ്സത്തിന്റെ കഥാവസ്തു മനുഷ്യന്റെ അപ്രമേയമായ ആത്മീയാനുഭവങ്ങളാണു്. മനുഷ്യൻ ജീവിക്കുന്നതു കേവലം ഇന്ദ്രിയഗോചരമായ ഒരു ജഡലോകത്തു മാത്രമല്ലെന്നു മനശ്ശാസ്ത്രം ശഠിക്കുന്നു. സ്ഥലകാലശൃംഖലകളാൽ ബന്ധിക്കപ്പെടാത്ത പരമാത്മാംശമായ ഒരു ഉത്തമസത്ത

അവനിൽ കുടികൊള്ളുന്നുണ്ടെന്നുള്ളതു് അനുഭവൈകവേദ്യമാണു്. പ്രാപഞ്ചികവ്യാപാരങ്ങളിൽ മുഴുവനും മുങ്ങിക്കഴിയുന്ന മൃഗതുല്യനായ ഒരു വ്യക്തിയിൽപോലും ചില അപൂർവ്വവേളകളിൽ അവന്റെ ഉത്തമസത്ത ഉണർന്നു പ്രവർത്തിക്കാറുണ്ടു്. അതിന്റെ അവ്യക്തങ്ങളും അതീന്ദ്രിയങ്ങളുമായ സൂക്ഷ്മാനുഭവങ്ങളാണു മിസ്റ്റിസിസ്സത്തിനു ആധാരമായിട്ടുള്ളതു്. മിസ്റ്റിക്കു സാഹിത്യകാരൻ അയാളുടെ മിസ്റ്റിക്കു ചിത്താവസ്ഥയിൽ സമാധിസ്ഥിതനായ ഒരു യോഗിയിൽ നിന്നും പലപ്പോഴും വ്യത്യസ്തനല്ല. എല്ലാ സാഹിത്യോപാസകന്മാരിലും പരമാത്മാംശമായ ഈ സത്തയുടെ പ്രവർത്തനം തുല്യമല്ലാത്തതിനാൽ പ്രസ്പഷ്ടമായ ആത്മീയചിത്തവൃത്തിയോടുകൂടിയവർക്കു മാത്രമേ മിസ്റ്റിക്കു കാവ്യവ്യവസായം സാദ്ധ്യമാകയൊള്ളൂ. ഇന്ദ്രിയാതീതങ്ങളായ ഏതാദ്ദശാനുഭവങ്ങളെ പരിമിതശേഷിയോടുകൂടിയ മാനുഷികഭാഷയിൽ അവ്യക്തമായിട്ടെങ്കിലും പകർത്താനുള്ള ഒരു ശ്രമമാണു മിസ്റ്റിക്കു സാഹിത്യകാരൻ ചെയ്യുന്നതു്. ഭാഷയുടെ കൃത്രിമത്വവും ആത്മീയാനുഭവങ്ങളുടെ അപ്രമേയസ്വഭാവവും ചിന്തിക്കുമ്പോൾ മിസ്റ്റിക്കു സാഹിത്യകാരന്റെ ശ്രമം പലപ്പോഴും കരിക്കട്ടകൊണ്ടു പാൽമഴപൊഴിക്കുന്ന പഞ്ചമിച്ചന്ദ്രനെ ചിത്രീകരിക്കുന്നതുപോലെ ദുസ്സാധമായിരിക്കും. അതാണു മിസ്റ്റിക്കു കവിതകൾ മൂടൽമഞ്ഞിൽ പൊതിഞ്ഞതുപോലെ അവ്യക്തങ്ങളായിരിക്കുന്നതും, കവിയെപ്പോലെതന്നെ മിസ്റ്റിക്കു ചിത്താവസ്ഥയില്ലാത്തവർക്കു ദുർഗ്രഹങ്ങളായിരിക്കുന്നതും. നേരിയ ശിഖരങ്ങൾ മാത്രം ജലപ്പരപ്പിനു മുകളിൽ കാണിച്ചുകൊണ്ടു സമുദ്രസഞ്ചാരം ചെയ്യുന്ന ഹിമസംഹതികളേപ്പോലെയാണു മിസ്റ്റിക്കു കവിതകൾ.

മിസ്റ്റിസിസ്സവും ജീവൽസാഹിത്യവും ഒരിക്കലും കണ്ടുമുട്ടാത്തവണ്ണം വിഭിന്നദിക്കിലേക്കാണു പ്രയാണംചെയ്യുന്നതു്. സാഹിത്യം ഒരു മാനുഷികകലയാണെന്നും അതിനു ജീവിതവുമായി ഉദ്ഗ്രഥിതബന്ധമുണ്ടായിരിക്കണമെന്നും ജീവൽസാഹിത്യകാരന്മാർ അഭിപ്രായപ്പെടുന്നു. അതിൽനിന്നും ഒരു പടിക്രുടികൂടി സാമ്പത്തികസ്വാതന്ത്ര്യവും അവസരതുല്യതയുമുള്ള ഒരു സമുദായത്തിന്റെ രൂപീകരണത്തിൽ മനുഷ്യരാശിയെ സഹായിക്കയാണു സാഹിത്യത്തിന്റെ പരമോദ്ദേശമെന്നു പുരോഗമനപ്രസ്ഥാനക്കാരും വാദിക്കുന്നു. കലയെ പ്രായോഗികജീവിതത്തിന്റെ പിണിയാളായിക്കാണുന്ന പ്രസ്തുത സാഹിത്യകാരന്മാരുടെ അഭിപ്രായങ്ങൾ കുറെയെല്ലാം സ്വീകാര്യങ്ങളാണെങ്കിലും അവരുടെ ജീവിതവീക്ഷണം തികച്ചും പരിപൂർണ്ണമാണെന്നു സമ്മതിക്കാൻ തരമില്ല. മനുഷ്യന്റെ ലൌകികമായ പരിതഃസ്ഥിതികൾപോലെതന്നെ അവന്റെ മാനസികസംഭവങ്ങളും ആദ്ധ്യാത്മികമായ സ്വാനുഭൂതികളും കലാസൃഷ്ടിയ്ക്കു പ്രചോദനം നല്കിക്കുടെന്നില്ല. ജീവൽസാഹിത്യവും പുരോഗമനപ്രസ്ഥാനവും മനുഷ്യന്റെ ലൌകികപരിതഃസ്ഥിതിയിൽനിന്നും ജനിക്കുമ്പോൾ, മിസ്റ്റിസിസ്സം അവന്റെ പാരത്രികമായ സ്വാനുഭവങ്ങളിലാണു അധിഷ്ഠിതമായിരിക്കുന്നതു്. അനുഷ്ഠാനാദിപ്രായോഗികചര്യകളില്ലാത്ത മതവുമായിട്ടാണു മിസ്റ്റിസിസ്സത്തിനു ഏറ്റവും അടുത്ത ബന്ധമുള്ളതു്. യഥാർത്ഥമായ ആത്മീയചിത്തവൃത്തിയോടുകൂടിയ ഒരു യോഗിക്കു കലാബോധവും ചമൽക്കാരപരമായ ഭാഷയും സ്വായത്തമായിട്ടുണ്ടെങ്കിൽ അയാളെ ഒരു മിസ്റ്റിക്കു സാഹിത്യകാരനെന്നു വിളിക്കാം.

മിസ്റ്റിക്കുകവിതകൾ പ്രായേണ ഗദ്യരൂപത്തിലാണു കണ്ടുവരാറുള്ളതു്. ടാഗോർ കൃതികളുടെ ഗദ്യരൂപത്തിലുള്ള ഇംഗ്ലീഷുവിവർത്തനങ്ങളെ അനുകരിച്ചായിരിക്കാം ഇങ്ങനെ ഒരു പതിവു മലയാളസാഹിത്യത്തിൽ കടന്നുകൂടിയതു്. എന്നാൽ ഇംഗ്ലീഷുവിവർത്തനങ്ങളുടെ ബംഗാളിയിലുള്ള മൂലകൃതി

കളെല്ലാം പരിപൂർണ്ണമായും ഛന്ദോനിബദ്ധമാണെന്ന പരക്കെ ധരിച്ചിട്ടുണ്ടോ എന്ന സംശയമാണു്. കവിതയുടെ ഉദ്ദേശം വികാരാവിഷ്കരണമാണെങ്കിൽ അതു നിശ്ചയമായും വൃത്തനിബദ്ധമോ സംഗീതാത്മകമോ ആയിരിക്കണം. വികാരത്തിന്റെ സഹജമായ ബഹിർഗമനമാർഗ്ഗം സംഗീതാത്മകമായ ഭാഷയാണെന്ന ശിശുക്കളുടെ കരച്ചിലിൽ നിഴലിക്കുന്ന സംഗീതാത്മകത്വംകൊണ്ടുതന്നെ മനസ്സിലാക്കാവുന്നതാണു്. ഗദ്യത്തിൽ പദങ്ങളുടെ അർത്ഥത്തിനു മാത്രമേ പ്രസക്തിയൊള്ളൂ. എങ്കിൽ പദ്യത്തിൽ അവയുടെ അർത്ഥത്തിനും ശബ്ദഭംഗിക്കും ഒന്നുപോലെ പ്രാധാന്യം കല്പിച്ചിരിക്കുന്നു. പക്ഷെ ഭാഷതന്നെ ആശയപ്രകാശനത്തിനു മനുഷ്യൻ നിർമ്മിച്ച കൃത്രിമോപാധിയായതുകൊണ്ടു് ഛന്ദോനിബദ്ധമായ ഭാഷ ക്രമത്തിലധികം കൃത്രിമമാണെന്ന സമ്മതിച്ചേതരമുള്ളൂ, അവ്യക്തങ്ങളും, അകൃത്രിമങ്ങളുമായ ആത്മീയാനുഭവങ്ങൾ പരിമിതശേഷിയോടുകൂടിയ മാനുഷികഭാഷയിൽ പകർത്താൻ ശ്രമിക്കുന്ന മിസ്റ്റിക്കവിക്കു് കൃത്രിമതപം ദ്യോതിപ്പിച്ചിട്ടുള്ള പദ്യരൂപത്തിൽ ആശയപ്രകാശനം ചെയ്യാൻ സാമാന്യേന പ്രയാസമായിരിക്കും. അതായിരിക്കാം സംഗീതതരംഗിതമായ ഗദ്യരൂപത്തെ മിസ്റ്റിക്സാഹിത്യകാരൻ ആശയപ്രകാശനത്തിനു് ഉപാധിയായി സ്വീകരിച്ചിട്ടുള്ളതു്. "ആത്മാലാപ"ത്തിലേയും "ആത്മഗീത"ത്തിലേയും ഉത്തമങ്ങളായ കവിതകൾ പരിശോധിച്ചാൽ അവയിലെ വാചകങ്ങൾ വികാരത്തിന്റെ ഗതിവിഗതികൾ അനുസരിച്ചു തരംഗപ്രയാണം ചെയ്യുന്നതു കാണാം. അവയുടെ അകൃത്രിമങ്ങളായ സ്വച്ഛന്ദഗതി വീക്ഷിക്കുമ്പോൾ കവിതയുടെ ഏറ്റവും ഉൽക്കൃഷ്ടവും സഹജവുമായ ബഹിർഗമനമാർഗ്ഗം സംഗീതാത്മകമായ ഗദ്യരൂപമാണെന്ന പലപ്പോഴും തോന്നിപ്പോകാറുണ്ടു്.

മിസ്റ്റിസിസ്സത്തിനു മലയാളക്കരയിൽ വേണ്ടത്ര പ്രചാരം ഇന്നുവരെ ലഭിച്ചിട്ടില്ല. മിസ്റ്റിക്പ്രസ്ഥാനത്താൽ ആകൃഷ്ടിക്കപ്പെട്ട അപൂർവ്വം ചില യുവകവികൾപോലും പ്രോത്സാഹനക്കുറവുനിമിത്തം ഏതദ്വിഷയകമായ പരിശ്രമത്തിൽനിന്നും പിന്തിരിഞ്ഞിരിക്കയാണു്. അഭിജ്ഞന്മാരെന്നുപൊതുവേ സമ്മതിക്കപ്പെട്ടിട്ടുള്ള ചിലരുടെ ഖണ്ഡനപരമായ വിമർശനങ്ങൾ "ആത്മാലാപ"പ്രസിദ്ധീകരണത്തെ വിഘാതപ്പെടുത്തി. "ആത്മഗീതാ"കർത്താവായ ശ്രീ: നാരായണക്കുറുപ്പിന്റെ കവിതാവല്ലരി അടുത്തകാലത്തെങ്ങും പുഷ്പിച്ചതായി അറിവില്ല. "ഇതളുകൾ" എന്ന ശീർഷകത്തിൽ ശങ്കരക്കുറുപ്പുകൾ ഈയിടെ പ്രസിദ്ധീകരിച്ചിട്ടുള്ള കവിതാസമാഹാരം മിസ്റ്റിസിസ്സത്തോടുള്ള അടുപ്പത്തിന്റെ യാത്രപറച്ചിലായി ഗണിക്കപ്പെടാം. മിസ്റ്റിക്കുകവിതകളുടെ പ്രചാരക്കുറവിനു കാരണം അതു് തെരുവുകൾതോറും അനായാസേന പാടിനടക്കുന്നതിനോ, യാത്രാവസരങ്ങളിൽ തീവണ്ടിമുറിയിലിരുന്നു അൽപസുഷുപ്തിയിൽ പാരായണംചെയ്യുന്നതിനോ പറ്റിയതല്ലെന്നുള്ളതാണു്. ജീവിതമത്സരം ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഇക്കാലത്തു് പ്രായോഗികജീവിതവുമായി സജീവബന്ധമില്ലാത്ത മിസ്റ്റിക്പ്രസ്ഥാനം പുറംതള്ളപ്പെടുകയേ നിവൃത്തിയുള്ളൂ. സമുദായത്തിന്റെ പുരോഗതിയെ ത്വരിപ്പിക്കയും ജീവിതായോധനത്തിൽ നിമഗ്നരായിരിക്കുന്നവരുടെ ആശയാഭിലാഷങ്ങളെ പ്രതിധ്വനിപ്പിക്കയും ചെയ്യുന്ന കലാസൃഷ്ടികളിലാണു് ആധുനികലോകത്തിനു കൂടുതൽ പ്രതിപത്തിയുള്ളതു്. എങ്കിലും സൗന്ദര്യാവിഷ്കരണംമാത്രമാണു കലയുടെ പരമോദ്ദേശമെന്നു വിശ്വസിക്കുന്ന ഒരു ന്യൂനപക്ഷംസാഹിതീഭക്തന്മാർക്കു മിസ്റ്റിസിസ്സം നിതാന്തനിർവൃതി നല്കിക്കൊണ്ടിരിക്കുമെന്നതിനു തർക്കമില്ല.

* കരീന്ദ്രൻ

(കോന്നിയൂർ ഗോവിന്ദപ്പിള്ള)

ജംഗമജാതികളിൽ, ഉള്ളൂറവും ഉടൽക്കോളുംക്രൂടിയവൻ, കരീന്ദ്രനാണു്. കരി, കറുത്തതാണെങ്കിലും, കരുംകൊണ്ടാണു് കരിയായതു്. ഏതുതരം കയ്യേറ്റത്തേയും, തടുത്തുനിൽക്കുവാൻ തൻറേടമുള്ള ഈ മഹാകായനു്, വാരണപദവി നൽകിയതിൽ ഔചിത്യദീക്ഷ കാണ്മാനുണ്ടു്. ഇവൻ, "ആന"യായിത്തീർന്നതു് ഏതുവിധമാണെന്നു ഖണ്ഡിച്ചുപറയുവാൻ പ്രയാസം. ഒരു പക്ഷെ, "ആനക"ശബ്ദമാണോ, ഈ രൂപനിഷ്പത്തിക്കു് അടിസ്ഥാനമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പടഹത്തിനു മാത്രമല്ല, നിനദിക്കുന്ന നിനദത്തിനും "ആനക"മെന്നു പേരുണ്ടു്. അതുകൊണ്ടു്, ആന, ആനകത്തിൻറെ ലുപ്തരൂപമാണെന്നു വേണമെങ്കിൽ വിചാരിക്കാം. ഹസ്തിയുടെ അസ്ഥിക്കു് ആകാരത്തിനു യോജിച്ച മുഴപ്പുണ്ടെങ്കിലും, തൊലി താരതമ്യേന മൃദുലമാണു്. പുരുഷവസ്ത്രത്തിൽ, കൊമ്പില്ലാത്തവനെ "മോഴ"യെന്നും, "അല്യ"നെന്നും വിളിക്കാറുണ്ടു്.

ഇവർ, ക്രുദ്ധം, ഇരട്ട (ഇരുക്കൈള) ഒറ; ഇങ്ങനെ മൂന്നു വിഭാഗമായിട്ടാണു്, വനത്തിൽ ജീവിക്കുന്നതു്. ക്രുദ്ധത്തിൽ, അധിപതികളും ഉപാധിപതികളും സ്ത്രീകളും കുട്ടികളും ഒക്കെക്കൂടി വലിയ ഒരു സംഖ്യ ഉണ്ടായിരിക്കും. ഒരിക്കൽ ഒരു ക്രുദ്ധത്തെ സാമാന്യമായ നോട്ടത്തിൽ മുപ്പത്തിമൂന്നുവരെ, എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടു്, അതിലുംകവിഞ്ഞ സംഖ്യ കാണുമെന്നാണു പറയുന്നതു്.

സ്വാഭാവികമായ യൂഥനിയമം, ഏവരും അനുസരിച്ചു നടന്നുകൊള്ളണമെന്നു നിർബ്ബന്ധമുണ്ടു്. തലക്കൊമ്പൻറെ "കല്പന, കല്ലും പിളക്കുന്ന"തായിരിക്കും. പ്രൌഢന്മാരായ ഗന്ധദ്വിപന്മാർ, ആത്മപ്രേയസികളായി ഓരോ കരിണികളെ തെരഞ്ഞെടുത്തുകൊള്ളും "പ്രജായൈ ഗൃഹമേധിനാം" എന്ന രഘുവംശധർമ്മം, പ്രത്യക്ഷരം പരിപാലിക്കുക പതിവാണു്. സ്ത്രീകൾ "അബല കൾ" അല്ലെങ്കിലും, ആടക്കവും ഒതുക്കവും ക്രുദ്ധത്തൽ കാണ്മാനുണ്ടു്. സാധ്വികളെ കണ്ണുനീരു കുടിപ്പിക്കുന്ന കണ്ടമാനക്കാരായ പുരുഷന്മാരും, സാധുക്കളെ സന്തപിപ്പിക്കുന്ന ഭൈരവികളായ ഭാമിനികളും അവരുടെ ക്രുദ്ധത്തിലില്ല. യുവാക്കന്മാരോ, ഉപാധിപതികളോ, വല്ല വരുതിനിഷേധമോ വഴികേടുകളോ കാണിച്ചുപോയെങ്കിൽ, പ്രാണാപഹരണംതന്നെയാണു ശിക്ഷ. അതു്, അവരുടെയിടയിൽ സുവിദിതമാണു്.

ഈ വർഗ്ഗം, ഒറയായും ഇരട്ടയായും തിരിയുന്ന പദ്ധതി മനസ്സിലാക്കുന്നതു രസകരമായിരിക്കും. ചില കളങ്ങൾ, ദുഃസ്വതന്ത്രരായ്, ക്രുദ്ധത്തിൽ വളർന്നുവന്നേക്കുന്നവരും. സംഘത്തിലെ നിർദ്ദാക്ഷിണ്യന്മാരായ മഹാരഥന്മാരുടെ അധികാരപരിധിയിൽ, ഈ ചെറുപ്പക്കാരുടെ അഹങ്കാരത്തിനും ധിക്കാരത്തിനും, സ്ഥാനം കാണുകയില്ല. അഴിച്ചുവിടലും അടിച്ചുമർത്തലും ക്രുദ്ധിച്ചേർത്ത, രണ്ടുംകെട്ട, ഭരണസ

---

* പകർപ്പവകാശം സ്വായത്തം

ന്ത്രദായം, അവരുടെ നിയമസംഹിതയിൽ കലത്തിയിട്ടില്ല. ലക്ഷണക്കേടിന്റെ ലാഞ്ഛനംകണ്ടാൽ, അമ്മാത്രയിൽ അവന്റെ വാരിയെല്ല തകത്തുകളയും! "പശുവും, പുലിയും കളിച്ച"കളിച്ചു്, ഒടുവിൽ, പശു കയറി, പുലിയെ പിടിക്കുവാൻ ഇടകൊടുക്കുന്നതു്, കൊള്ളരുതായ്മയാണല്ലോ.

കണ്ടമാനം പാലുകൂടിച്ചു കൊഴുത്തുതടിച്ച ചില യുവഹസ്തികൾ, ഈ അപരിഷ്കൃതപരിപാടികളെ—അന്ധമായ യാഥാസ്ഥിതികതപത്തെ, പാടേ പ്രതിഷേധിക്കുവാൻ സന്നദ്ധതയുള്ളവരായിരിക്കും. വ്യക്തിസ്വാതന്ത്ര്യം അനുവദിക്കാത്ത ക്രൂരകൈട്ടിനു് എന്തു വിലയുണ്ടു്! അതു്, ഒരു "അക്രീതദാസ്യം" തന്നെയാണു്. പക്ഷെ, പ്രാണഭീതികൊണ്ടു്, സ്വവും സഹിച്ചു്, കുറച്ചു നാൾ കഴിച്ചുകൂട്ടും. അവസാനത്തിൽ "എന്തെങ്കിലുമാകട്ടെ", എന്ന മട്ടിൽ തിരിഞ്ഞുനടക്കും! ഇവൻ ക്രൂരന്റെ സഞ്ചാരമാർഗ്ഗം വിട്ടു്, വളരെ വളരെ ദൂരം മാറിപ്പോകും.

ക്രൂരം വിടുന്നതോടുകൂടി ആ യുവവീരന്റെ ദുരിതസ്വപ്നദുരിതനായെന്ന സംതൃപ്തിപ്പെടുന്നു. വിശാലവും വിമലവുമായ വിപിനവീഥി! അനിരുദ്ധമായ പ്രവർത്തനസ്വാതന്ത്ര്യം! എത്ര മനോമോഹനമായ ജീവിതം! ചിറകീന്തൽത്തലകൾ തല്ലിപ്പൊളിച്ചും, കോലിഞ്ഞിക്കിഴങ്ങുകൾ കുത്തിമറിച്ചും, കുടവയറുനിറച്ചുകൊണ്ടു്, ഏകഛത്രാധിപതിയായ്, അങ്ങനെ മതിമറന്നു മദിച്ചുനടക്കും. ചില വേളകളിൽ, കാട്ടാറിലെ കയങ്ങളിൽ ചാടി, തുമ്പിക്കരത്തിൽ നീരുനിറച്ചു്, ക്രൂടെക്രൂടെ, "കുരവപ്പക്ഷികൾ" ഉതിർത്തു രസിക്കുന്നതു കണ്ടിട്ടുണ്ടു്. ഇവനാണു്, മഹാകുസൃതിക്കാരനായ "ഒറയാൻ." മിക്കവാറും സമയങ്ങളിൽ, ഈ മശകശല്യമുക്ഷു, പശയുള്ള മണ്ണുവാരി, മെയ്യുടങ്കം, പാടീരപങ്കംപോലെ പൂശിയിരിക്കും. മനുഷ്യനെക്കണ്ടാൽ വെറിപൂണ്ടു പാഞ്ഞടുക്കും. വേണമെങ്കിൽ, അതിവേഗം ഓടുവാൻ ഇവനു കഴിവുണ്ടു്. കയറുന്നതിലല്ല, ഇറങ്ങുന്നതിലാണു്, ശരീരലാഘവം ക്രൂരതൽ കാണിക്കാറുള്ളതു്.

ഒറയാൻ, സഞ്ചായക്കുഴികളിൽ, അപൂർവ്വം പതിച്ചുപോയെന്നുംവരും. അവനെ സംബന്ധിച്ചിടത്തോളം, അതു്, ഒരു അത്യാഹിതമെന്നു കരുതുവാനില്ല. ഇടിച്ചു നിരത്തി അവന്റെ പാട്ടിനു് കയറിപ്പോകും! കുഴിയിൽപ്പെട്ടിരിക്കുന്നതു കണ്ടാലും, കാണേണ്ടവർ കണ്ടതായി നടിക്കയില്ല. അവൻ, വടത്തിനും വക്കയ്ക്കും വഴങ്ങിക്കൊടുക്കുന്നവനല്ല. താപ്പാനകളെങ്കിലും ചേതപ്പെടാതെയിരിക്കണമെങ്കിൽ, കുറച്ചു സമയം കഴിഞ്ഞു ചെന്നു് കുഴിക്കുപററിയ അററകുററങ്ങൾ മാററിക്കൊള്ളുകയാണു നന്നു്. കുഴിയിൽനിന്നും കരകയറിയ ഒറയാൻ ക്രൂരതൽ കുന്നായ്മകാണിക്കും. ആദ്യറോരം അടുത്താൽ, തുമ്പിക്കരത്തുമ്പു് തറയിൽത്തട്ടിപ്പരിശോധിച്ചുകൊണ്ടു് സാവധാനമേ സഞ്ചരിക്കു. ശബ്ദഭേദത്താൽ പുതയുള്ളേടം, അവനു കണ്ടുപിടിക്കുവാൻ കഴിയും. ആദ്യം അവന്റെ വഴിത്താരയിലുള്ള കുഴിയുടെ മേൽ മൂടി മൂഴവനും തപ്പിയെടുത്തു ദൂരത്തെറിയും; സൌകര്യമുള്ള സന്ദർഭമാണെങ്കിൽ, ചവുട്ടി ഇടിച്ചു് നിരത്തുകയുംചെയ്യും. പിന്നീടു്, ഇടവും വലവും പരിശോധിച്ചു്, ആ കുഴികളും അലങ്കോലപ്പെടുത്തും. ഇങ്ങനെ, സക്കാരിനും, ചില്ലറ നഷ്ടങ്ങളെല്ലാം, അവൻ വരുത്തിക്കൂട്ടാറുണ്ടു്.

വാസ്തവത്തിൽ, ഈ ദുർവൃത്തനെ വളരെ ഭയപ്പെടണം. വനപഥത്തിൽ, മനുഷ്യസഞ്ചാരത്തിന്റെ ലക്ഷ്യങ്ങൾ വല്ലതും കിട്ടിയാൽ, പച്ചക്കാടിന്റെ മറവുപററി നിശ്ചലം നിന്നുകളയും! അടുത്തുകഴിയുമ്പോൾ, ഒരു "വാങ്കുവിളിയും" കറങ്ങിയടിയും നടത്തും. എല്ലാം അരമാത്രകൊണ്ടു് അവസാനിച്ചിരിക്കും. ഓടിരക്ഷപ്പെടുകയെന്നുള്ളതു് ഈ സന്ദർഭങ്ങളിൽ, അസാദ്ധ്യംതന്നെ

യാണു്. കല്ലും മുള്ളും കാട്ടും പടലും വേരും മരവുംകൊണ്ടു് നീരന്ധ്രമായ കാന്താരം, തോന്നുംപടിയുള്ള കാൽപെരുമാറ്റത്തിനു് പറ്റിയതല്ല. മറിഞ്ഞുടിച്ചു് തറയിൽ പതിക്കും. അവൻ, ചവുട്ടിഅരച്ചു്, കൊലവിളിയും വിളിച്ചു് പോക്കിനുപോകും!

ഉടമയുള്ള മാമരങ്ങളുടെ ചുവട്ടുപാറി, വേട്ടകഴിഞ്ഞുറി, വട്ടം കറങ്ങിക്കൊണ്ടാൽ, ഈ മഹാകായനെ കളിയാക്കിക്ഷീണിപ്പിക്കുവാൻ, എളുപ്പമാണു്. ചെറിയ കമ്പുകയ്യിലിരുന്നാൽ, വാൽപ്പാടിനു നല്ലകാച്ചും കൊടുക്കാം. അങ്ങനെ പരുവംനോക്കി പ്രവർത്തിക്കുന്ന വിളഞ്ചിലുപിടിച്ച കന്നന്മാർ, വനചരപരിഷകളിൽ ധാരാളമുണ്ടു്. മരത്തിനു മുകളിൽ കെട്ടിയുണ്ടാക്കുന്ന മാടങ്ങൾ മറിച്ചിടുന്നതിനും, ഇവൻ പണിഞ്ഞുനോക്കുക പതിവാണു്. നിവൃത്തിയില്ലെന്നുവരുമ്പോൾ, മുകളിൽ പൊരുക്കുന്നവരും ചില മറുകയ്യൊക്കെ പ്രയോഗിച്ചുനോക്കും. കൊള്ളികൾ കൂട്ടിത്തല്ലി തീക്കട്ടകൾ അവന്റെ പുറംവഴി വഷ്ടിച്ചുകൊടുക്കും. അതു താങ്ങുവാനുള്ള കെല്പു് അവന്റെ തടിക്കിനു കൂറവാണു്. അവൻ, ഉച്ചം നിലവിളിച്ചുകൊണ്ടു് ഓടിമറയും.

ഇവൻ, വ്യാഘ്രത്തെ ഭയപ്പെടുന്നില്ല; ഭയപ്പെടേണ്ടുന്ന ആവശ്യവുമില്ല. എന്നാൽ ആഭിമുഖ്യം അതു പിടിത്തമല്ലെന്നറിയാം. ഇഭസോമീപ്യം വ്യാഘ്രത്തിനും സുഖപ്രദമല്ല. ഒരുവൻ, ആകാരബീഭത്സതയെ വെറുത്തുമാറുന്നു. അപരൻ, ആകാരവൈപുല്യത്തെ മാനിച്ചു മറയുന്നു.

"ആരക്ഷമഗ്നം അവമത്യ സ്വണീംശിതാഗ്രം
ഏകഃ പലായത ജവേന കൃതാത്തനാദഃ;
അന്യഃ പുനർമ്മുഹുരുദപ്ലവദസ്തഭാരം;
അന്യോന്യതഃ പഥി ബതാബിഭതാം–
ഇഭോഷ്ടൈനു"

കാഴ്ചയിൽ, രണ്ടും വിരണ്ടു. ആന, തോട്ടിക്കുവഴങ്ങാതെ, തോന്ന്യേടംതിരിഞ്ഞോടി; ഒട്ടകം ചുമട്ടംതള്ളി, കിട്ടിയ വാക്കിനുചാടി. ഈ സഭാവോക്തിയുടെ ഏകദേശമായ, ഇവിടെയും സങ്കൽപിച്ചുകൊണ്ടാൽമതി.

ഇങ്ങനെ, ഒറ്റപിടിച്ചും, വൻപുനടിച്ചും വഴക്കടിച്ചും, വഴിമുടക്കിയും, മധ്യപ്രായത്തിലെത്തുമ്പോൾ, ഇവന്റെ ചിന്താതന്തുവിൽ, ചിലബന്ധുരസ്ഫുരണങ്ങൾ സ്വയം ഉളവാകുന്നു. ഒരു ഭ്രതകാലസ്മൃതിക്കു് അവൻ വിധേയനായിത്തീരുന്നു. നിയമനിഷ്ഠന്മാരായ വീരയൂഥനാഥന്മാർ, കമനീയകളഭകരേണുകന്യാമണികൾ, സുഹൃദയരായ സുഹൃൽക്കളഭങ്ങൾ, മഹത്തിയായ മാതൃകരണി, ഇങ്ങനെ ബഹുവിധ പൂർവ്വകാലചിത്രങ്ങൾ, അവന്റെ ഭാവനായവനികയിൽ, തെളിഞ്ഞുടിക്കുന്നു. "ചെറുപ്പത്തിനു ചെവികേൾക്കില്ല" എന്നു്, ആ പരിപക്വഹൃദയൻ പശ്ചാത്തപിക്കുന്നു. എന്നാലും നിരാശനാകുന്നില്ല.

അടുത്ത പരിശ്രമം, ഒരു കുടുംബപ്പൊരുതിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരിക്കും. എത്ര ദൂരം വേണമെങ്കിലും, അവിശ്രമം സഞ്ചരിച്ചു് ഒരു യൂഥം കണ്ടുപിടിക്കും. സംഘസംരക്ഷകന്മാരുടെ ദൃഷ്ടിപഥങ്ങളിൽ പെടാതെ, ഒളിഞ്ഞു മറഞ്ഞു്, ദീർഘദിവസം, "ക്രുദ്ധത്തെ" അനുഗമിക്കും ചില ഘട്ടങ്ങളിൽ, വെണ്മമായാത്ത കൊച്ചുകുട്ടികൾ, നിറച്ചുപാൽ കുടിച്ചു്; കുതിച്ചു ക്രുദ്ധാടി, ആ കാട്ടുകളഭന്റെ കാൽചുവട്ടിൽ ചെന്നു ചാടിയെന്നു വരും. അവൻ, അതിനെ, ഉടനടി കോരിയെടുത്തു്, കൊമ്പിന്മേൽ എഴുന്നള്ളിച്ചിരുത്തി, താങ്ങിപ്പിടിച്ചുകൊണ്ടു തൽക്ഷണം സ്ഥലംവിടും! അതിവേഗം പാഞ്ഞുപോകും! രണ്ടും മൂന്നും ഇടമലകൾ മറികടന്നതിനുശേഷമേ, ആ ഓമനച്ചെറുചുമടു് അവൻ, തറയിൽ തൊട്ടുവിക്കയുള്ളൂ. എന്നാൽ, അമ്മിഞ്ഞക്കൊതിയനായ ഈ കുഞ്ഞരക്കുഞ്ഞു്, ഇതിനിടയിൽ, ഒന്നു ഞരങ്ങുകയോ, അനങ്ങുകയോ ചെയ്യാത്തതിന്റെ രഹസ്യം മനസ്സിലാകുന്നില്ല.

ശിശുപരിപാലനപരിപാടി, ശ്രദ്ധേയമാണു്. ഒരിക്കൽ "മുണ്ടുവന്മുഴി"ക്കു മുകളിലുള്ള ആറ്റുതീരത്തുവച്ചു് ദൃഷ്ടിയിൽപെട്ട ഒരു സംഭവംതന്നെ വിവരിക്കാം. നദിയുടെ മുകരയിൽ, പഴുത്ത കമുകിൻപാളയുടെ പുറത്തു കൈത്തലം നിവർത്തു തല്ലിയാലെന്നപോലെ ഒരു ശബ്ദം, തുടർന്നു കേട്ടതു ടങ്ങി. കാട്ടുകൊമ്പന്റെ കണ്ണുതാഡനധ്വനമായിരിക്കാമതെന്നു്, ആദ്യം ഞങ്ങൾ ശങ്കിച്ചു. ഏതായാലും, പരിശോധിച്ചതിനു ശേഷമേ മുന്നോട്ടു ചവുട്ടിയുള്ളൂ. "ജംഭാരികുംഭിവര ഡംഭാപഹാരി"യായ ഒരു വാരണേന്ദ്രൻ, വളർത്തുകുട്ടിക്കു് തീറാകൊടുക്കുകയാണു്. കോലിഞ്ചി പിഴുതെടുത്തു്, ഉലച്ചു ശുദ്ധമാക്കി, പാറപ്പുറത്തുവച്ചു്, തുമ്പിക്കരം മടക്കി, തല്ലിച്ചതയ്ക്കുന്ന ശബ്ദമാണു് കേട്ടതു്. അവൻ, ആ വിശിഷ്ടഭോജ്യം, അല്പാല്പം എടുത്തു്, വാത്സല്യപൂർവ്വം കൊടുക്കുന്നു. കുഞ്ഞാന കുണുങ്ങിക്കുണുങ്ങി, വായ്പൊളിച്ചു വാങ്ങിക്കുന്നു. കോലിഞ്ചി വയറിനുകൊള്ളാം. തള്ളയുടെ അകിടുമായിട്ടു അടുപ്പമില്ലാത്ത കുട്ടി ആണല്ലൊ!

"ഇരുക്കെള"

ശിശു, വളർന്നു വലുതാകുമ്പോൾ, കൊമ്പനാണെങ്കിൽ, "ഇരുക്കെള"യായി. പക്ഷെ, വളർത്തുപുത്രൻ പകരം ചോദിക്കും! അവനെ,ബാല്യത്തിൽ വളരെവിഷമതകൾ സഹിച്ചായിരിക്കാം, പെരിയവൻ പുലർത്തിയതു്. എന്നാൽ അങ്ങനെ ചെയ്തതു് ചെറിയവന്റെ ആവശ്യമോ, അപേക്ഷയോ അനുസരിച്ചല്ലല്ലോ. ഈ മഹാന്റെ അനാഥാനുകമ്പാപൂരംകൊണ്ടുമല്ല. ആ നിർദ്ദോഷശിശു, സർവ്വഥാ സനാഥൻതന്നെയായിരുന്നു. അതുകൊണ്ടു, മാതൃസ്തന്യം നഷ്ടപ്പെടുത്തിയതു മാത്രമല്ല, മാതാവിനെ വരുത്തിവച്ച മഹാസങ്കടവും, ഒരു തീരാക്കടമായി ഈ വൃദ്ധമത്തേഭത്തിൽ ശേഷിച്ചുകിടക്കുന്നുണ്ടു്. ആ വയസ്സനോടു വല്ല കടപ്പാടും, ഈ വയസ്ഥനു കാണുമെങ്കിൽ, അതു്, മോഷ്ടിക്കപ്പെട്ട ഘട്ടത്തിൽ, "മോശനാശങ്ങൾ"ക്കിടക്കൊട്ടാതെ, മിണ്ടാതെകണ്ടു് ഇരുന്നുകൊടുത്ത മഹാമനസ്കതയിൽ, മാഞ്ഞുകഴിഞ്ഞിരിക്കുന്നു.

ഇവന്റെ സ്ഥാനം, ഒരു കരികാമിനിക്കാണു് ലഭിച്ചിരുന്നതെങ്കിൽ, ഏതെങ്കിലും പ്രതിക്രിയകൾ നടക്കുമോ എന്നുള്ള പ്രശ്നത്തിനു് നിശ്ചയമായും, നിയമസാധുതപമുണ്ടു്. എന്നാൽ ആ വക ഉപതാപപദ്ധതികളിൽ, അല്പം താഴ്ന്ന പടിയിലേ, സ്ത്രീഹൃദയം, സാമാന്യേന നിലകൊള്ളാറുള്ളൂ. വിശേഷിച്ചും, "കുലകന്യകാജനം പരസ്വവുമത്രേ". ഇവൻ, ആ വകുപ്പിൽ പെട്ടവനല്ല. "പുത്രോ രക്ഷതി വാല്യ്കേ." അതും വിചാരപദ്ധതിയിൽനിന്നും പുറംതള്ളിക്കൂടാ. ആ ഭാഗം അങ്ങനെ നിൽക്കട്ടെ.

യുവാവു്, ബലപരീക്ഷ നടത്തുന്നതു്, കുന്നുകയറുമ്പോളാണെന്നു് പറയുന്നു. ശരിയായിരിക്കാം! കുട്ടിക്കാലങ്ങളിൽ, ആയംകിട്ടുവാൻവേണ്ടി, വളർത്തുപിതാവിന്റെ ബാലധിയെ, ഇവൻ ആശ്രയിക്കാറുണ്ടു്. ഈ സാധാരണ ധർമ്മത്തിന്റെ നിഴൽപറ്റി നിന്നുകൊണ്ടു്, തരുണപ്രായത്തിലും ചിലപ്പോഴെല്ലാം, വാൽത്തുമ്പിൽപിടിച്ചു് പിമ്പിലേക്കു് അമർത്തിനോക്കും. പറ്റിയില്ലെങ്കിൽ കുട്ടിക്കളി! പറ്റിയെങ്കിൽ കുത്തിക്കൊല!

സമരം, നീതിപരമായിരിക്കും. അടവു തടവു മുതലായ ചടങ്ങുകൾ, മനുഷ്യരെ അത്ഭുതഗ്രസ്തരാക്കിത്തീർക്കുന്നവയാണു്. ഒന്തങ്ങളുടെ സംഘട്ടനധ്വനിപ്രതിധ്വനികൾ, സുദീർഘദൂരം മുഴങ്ങിക്കേൾക്കാം. പടവെട്ടു്, പലനാൾ നീണ്ടുനില്ലും. ഏറുമുട്ടുന്നതു്, ഇടവിട്ടിടവിട്ടാണു്. അല്പസമയം ആഹവം കഴിഞ്ഞു് രണ്ടുപേരും രണ്ടുവഴിക്കു തിരിയും. വല്ലകാടോ പടലോ, അത്യാവശ്യത്തിനു

മാത്രം, അകത്തുചെലുത്തിക്കൊണ്ട്, അദ്ദ ചന്ദ്രാകൃതിയിൽ സഞ്ചരിച്ച്, വീണ്ടും ക്രൂട്ടി മുട്ടി ഏറെറവെട്ടിത്തുടങ്ങും. പലായനം, പരിചിതമല്ല. രണം, മരണംവരെത്തന്നെ തുടരും. ഒടുവിൽ, വിജയകാഹളം വിളിക്കുന്നവൻ, യുവമദകളൻ തന്നെയായിരിക്കും. എന്നാൽ, "ജന്തോ ഹി യഃ കമ്മകരോതി യാദൃശം, സ താദൃശം സാമ്പ്രതം അശ്നുതേ ഫലം" എന്ന പ്രമാണം, ഇവനെയും ബാധിച്ചില്ലെന്നു വരികയില്ല.

"യൂഥം"

ഒറ്റയാൻ മോഷ്ടിച്ചുകൊണ്ടു പോരുന്ന കൂട്ടി, ഒരു മത്തകാശിനി ആയിക്കൂടെന്നില്ല. അങ്ങനെ വന്നാൽ, ഒരു ക്രൂട്ടുകുടുംബ വാഴ്ചയുള്ള അസ്ഥിവാരം സ്ഥാപിച്ചുകഴിഞ്ഞുവെന്നു വിശ്വസിക്കാം. ക്രൂട്ടക്രൂടി നടക്കുന്ന കൊമ്പന്മാരിൽനിന്നും, കാടേറി നടക്കുന്നവക്കും അധികമൊന്നും ആപത്തുകൾ ഉണ്ടാകുവാൻ ഇടയില്ല. അവരുടെ കഴിവുകൾ ക്രൂടിയ പങ്കും ഉപയോഗിക്കുന്നതു്, അങ്കംവെട്ടുന്നതിലല്ല, സംഘം കാക്കുന്നതിലായിരിക്കും. അമ്മകന്മാരും ഗർഭിണികളും, അപൂർവ്വം അംഗഭംഗം വന്നവരും ഒക്കെക്കൂടിയ ഒരു മഹാസംഘത്തിലെ ഉത്തരവാദിത്വമുള്ള ഭരണകർത്താക്കൾ, സാഹസികളാകാത്തതിൽ അത്ഭുതപ്പെടാനില്ല: ഏറിയ ക്രൂരം കൂട്ടികളെ സൂക്ഷിച്ചുകൊള്ളേണ്ടും ചുമതല, കൊമ്പന്മാരാണു് ഏറെറടുത്തിരിക്കുന്നതു്. വേണ്ടിവന്നാൽ, ചില വിഷമസ്ഥാനങ്ങളിൽ, ശിശ്രൂക്കളെ താങ്ങിയെടുത്തുകൊണ്ടു് നടന്നുകൊള്ളുകയും ചെയ്യും.

ഇവയെ വഞ്ചിക്കുന്നതു മുഴവൻ, സഞ്ചായക്കാരാണു്. ആറ്റിറമ്പിലുള്ള "താര" കളുടെ നടുവിലും, ഇടത്തും വലത്തും, മുക്കുഴിവെട്ടി മൂടിയിട്ട കളയും. വേനൽക്കാലത്തു്, ഇടത്തോടുകളും തടാകങ്ങളും എല്ലാം, വരണ്ടുപോകുന്നതുകൊണ്ടു്, ദാഹം ശമിപ്പിക്കുന്നതിനും, ദേഹം തണുപ്പിക്കുന്നതിനും, ആറ്റിലേക്കു വരുവാൻ അവ നിർബന്ധിതങ്ങളാണു്. "നേരായമാർഗ്ഗം വെടിഞ്ഞു നടക്കുന്ന" പതിവുമില്ല. കുഴിയിൽ പതിക്കുന്ന വിഷയത്തിൽ പ്രായഭേദം കാണുകയില്ലെങ്കിലും, സംഘത്തിനു നഷ്ടപ്പെടുന്നതു് ബാലന്മാരും ബാലികകളും മാത്രമായിരിക്കും. ആ ക്രൂട്ടത്തിൽ, മുതിർന്ന കരിണികളും, അപൂർവ്വം ഉൾപ്പെട്ടുപോയെന്നു വരാം.

തന്റേടം വന്നവർ, വേണ്ടവിധം കരുതിയേ കഴൽ ഊന്നുകയുള്ളു. എന്നാൽ, ചില വിരളിക്കൂട്ടികൾ, പൂനിലാപ്പരപ്പിൽ നിയന്ത്രണംവിട്ടു് ക്രുത്താട്ടം തുടങ്ങും. ആ പോക്കിൽ, ചിലപ്പോൾ, പുതയും പൊളിച്ചുകൊണ്ടു്, കുഴിയിൽ പതിക്കയാണു് പതിവു്. ഇതു് ക്രൂട്ടത്തിനു പൊതുവെ സംഭ്രാന്തികരമായ സന്ദർഭമായിരിക്കും. അവിടെയെങ്ങും നിന്നുപണിയുവാൻ ഇടംകാണുകയില്ല. വന്നവഴിയേ, സാവധാനം തിരിഞ്ഞു നടന്നുകൊള്ളണം! അല്ലെങ്കിൽ ക്രൂട്ടവാഴ്ചക്കാർ നിർദ്ദോഷം, കുഴിവേഴ്ചക്കാരായി വിഷമിക്കേണ്ടിവരും.

ക്രൂട്ടത്തിൽ ഏതെങ്കിലും ഒരെണ്ണം, കുഴിയിൽ പതിച്ചിട്ടുണ്ടെന്നു സംഘാംഗങ്ങൾ അറിയുകയും, സ്ഥാനനിർണ്ണയം വരികയും ചെയ്യുവെങ്കിൽ, നിശ്ചയമായും ഉപേക്ഷിച്ചിട്ടുപോകയില്ല. ഒരിക്കൽ, കാട്ടുകയറിക്കിടന്ന ഒരു പഴയ വെറുംകുഴിയിൽ അനതിവൃദ്ധയായ ഒരു വാരണസ്ത്രീ, ഓക്കാപ്പുറത്തുള്ള ചവിട്ടിൽ അടിപ്പെട്ടുപോയി! ക്രൂട്ടം മുഴുവൻ ചുറ്റും ക്രൂടിനിന്നു, കുഴിനികത്തിത്തുടങ്ങി. ഞങ്ങൾ പലരും, ഈ മഹാപ്രയത്നം ദൂരംനിന്നുകൊണ്ടു ദർശിച്ചു.

ചിലർ, കനത്ത കല്ലുകൾ എടുത്തു്, അവയുടെ നേർക്കു് നീട്ടിയെറിഞ്ഞു. എന്തെല്ലാം ബഹളങ്ങൾ ക്രൂട്ടിയിട്ടും, അവറുകൾ ലവലേശം ക്രുസൽകാട്ടിയില്ല. ഗംഭീരന്മാരായ കുംഭീന്ദ്രന്മാർ, പ്രതികാരപരമായി

"ശ്രീമതി"യും "ചിത്രാംഗദ"യും—

ടാഗോർ കൃതികൾ

—"വി"—

ഗുരുദേവന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു നാടകങ്ങളാണു് "നതീർ-പൂജ" (നർത്തകിയുടെ പൂജ)യും "ചിത്രാംഗദ"യും. നർത്തകികളാണു് രണ്ടിലും നായികമാർ. പക്ഷേ, ഒരു വ്യത്യാസമുണ്ടു്. 'ചിത്രാംഗദ' ഒരു രാജനർത്തകിയാണു്; ശ്രീമതി—"നതീർ-പൂജ"യിലെ നായിക—ഒരു രാജമന്ദിരത്തിലെ നർത്തകിയും. ഈ രണ്ടു നാടകങ്ങളും ഭാരതീയനൃത്തകലയുടെ പരിശുദ്ധിയെ പ്രകാശിപ്പിക്കുന്നു. നൃത്തംചവുട്ടിച്ചവുട്ടി, ജഗൽപിതാവിന്റെ തൃച്ചേവടികളിൽ സ്വയമൊരു നൈവേദ്യമായ്തീരുന്ന "ശ്രീമതി", പരമാത്മാവിൽ ലയിക്കുന്ന ജീവാത്മാവിന്റെ പ്രതിരൂപമല്ലേ? 'ചിത്രാംഗദ'യുടെ നൃത്തം മറെറാരുതരത്തിലാണു്. അവൾ സ്വകമിതാവിന്റെ ഹൃദയം കവരുന്നതുവരെയങ്ങനെ തുടരെ നർത്തനമാടി. ഇഹജീവിതത്തിലെതന്നെ, ഹൃദയവും ഹൃദയവും തമ്മിലുള്ള യോജിപ്പിൽ നിന്നുളവാകുന്ന നിർവൃതിയാണവിടെ പ്രതിഫലിക്കുന്നതു്. നമുക്കിനിയീ നാടകങ്ങളിലേക്കൊന്നു കടക്കാം.

മണ്ണടിഞ്ഞ മഗധ!—ചിത്രഗുപ്തന്റെയും ചാണക്യന്റെയും തന്ത്രമന്ത്രങ്ങളിൽ പൊന്തിവന്നു്, ബുദ്ധന്റെ സന്ദേശങ്ങളുടെ സുരഭിലതയും, അശോകന്റെ കീർത്തിയുടെ വെണ്മയും തലമുറകളിലേക്കങ്ങനെ പ്രസരിപ്പിച്ചുകൊണ്ടു് ചരിത്രത്തിലെ ഉന്നതമണ്ഡലങ്ങളിലൊന്നിൽ എന്നെന്നും പ്രകാശിക്കുന്ന മഗധ!—അവിടത്തെ ഒരു പുരാതന രാജമന്ദിരമാണു് രംഗം. രാജമന്ദിരത്തിലെ നർത്തകിയായ "ശ്രീമതി"യോടു് ഒരു ബുദ്ധസന്ന്യാസി പറയുന്നു, അവളുടെ ഏറ്റവും മഹത്തായ നൈവേദ്യത്തെ ജഗൽപിതാവു് ആവശ്യപ്പെട്ടുമെന്നു്. എന്തും നൽകാൻ തയാറായിരുന്ന അവൾ! പക്ഷേ, അവൾക്കപ്പൊഴറിഞ്ഞുകൂടായിരുന്നു, തന്റെ ഏറ്റവും മഹത്തായ നൈവേദ്യമെന്തെന്നു്!—

ഇടയ്ക്കൊന്നു പറയുകയാണു്: 'ഹിംസാധിഷ്ഠിതങ്ങളായ രാജപരാക്രമങ്ങളെയും, വികതിരിവില്ലാത്ത "പൂണൂനൂലി"ന്റെ ആദ്ധ്യാത്മികമേധാവിത്വത്തെയും ചോദ്യം

ഒന്നു തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല. കൊച്ചുകുട്ടിയാനകൾതന്നെയും, പച്ചിലച്ചില്ലികൾ വലിച്ചൊടിച്ചു്, കുഴിക്കകത്തേക്കു് എറിഞ്ഞുകൊടുക്കുന്നതു കണ്ടപ്പോൾ, മാട്ടശന്മാർ, അതന്ത്യംഅനന്തരപരവശരായി ബ്ഭവിച്ചു. അല്പസമയം കൊണ്ടു്, കരിണിയുടെ ശിരോഭാഗം ഗർത്തത്തിനു മീതിൽ പ്രത്യക്ഷപ്പെട്ടു. അപ്പോഴേക്കും, നീണ്ട തുമ്പിക്കരങ്ങൾ, കരയ്ക്കുനിന്നു് തുരുതുരെ നിരന്നു ചെന്നുകഴിഞ്ഞു. നിനച്ചതു സാധിക്കുകയും അവ അമ്മാത്രയിൽ കാടേറി മറയുകയും ചെയ്തു.

ചെയ്യുന്ന ബുദ്ധമതത്തിനു് മഗധയിൽ വള
രെ പ്രചാരം സിദ്ധിച്ചതോടൊപ്പംതന്നെ,
എതിർശബ്ദം പുറപ്പെടുവിച്ചുകൊണ്ടു്
ഹിന്ദുമതപക്ഷപാതികളും തലപൊക്കി
ത്തുടങ്ങിയിരിക്കുന്ന കാലമാണതു്. "അ
ജാതശത്രു" ഹിന്ദുമതപക്ഷപാതിയായ
അവിടത്തെ രാജാവാണു്. ഒരു ബുദ്ധഭ
ക്തനായ രാജകുമാരനെ മാറിനിൽത്തിയിട്ടാ
ണു് അയാൾ ആ സിംഹാസനം കൈക്ക
ലാക്കിയതുതന്നെയും! —ഇതാണു് പശ്ചാ
ത്തലം.

ഇനി കഥതുടരാം. "അശോക" വൃക്ഷ
ച്ചുവട്ടിലെ ബുദ്ധന്റെ സായാഹ്നത്തിലെ
ആരാധനയിൽ പങ്കെടുക്കുവാൻ "സംഘം"
ശ്രീമതിയോടാജ്ഞാപിക്കുന്നു. അങ്ങനെ
സംബന്ധിക്കുവാൻ പാടില്ലെന്നു് അജാത
ശത്രു വിലക്കുകയാണു്. തന്റെ ആജ്ഞ
ലംഘിച്ചാൽ, 'ഹിംസ'യുടെ വളർത്തുമക
നായ ആ രാജാവു് നൽകാൻപോകുന്ന
തോ, വധശിക്ഷയും! —തന്നെയുമല്ല; അ
തേ സായാഹ്നത്തിൽ 'ബലിപീഠ'ത്തിന്റെ
മുന്നിൽ നർത്തനം നടത്താൻ ശ്രീമതിയുടെ
നേർക്കു് 'രാജകല്പന'യുമായി. അങ്ങനെ
ഒരു പരീക്ഷണഘട്ടത്തിലായി 'ശ്രീമതി'.
പക്ഷേ, അവൾ ശാന്തതയവലംബിച്ചു്,
പ്രതീക്ഷിച്ചുനിന്നു; അവളുടെ ഉള്ളിൽനിന്നു
തന്നെ വരുന്ന ജഗൽപിതാവിന്റെ ശബ്ദ
ത്തെ. ആ ശബ്ദം അവൾ കേട്ടു. ഒരു തീ
രുമാനത്തിലെത്തിച്ചേർന്ന സന്തോഷത്തോ
ടെ, അവൾ ഒരുങ്ങിച്ചമഞ്ഞുകഴിഞ്ഞു.
ഏറ്റവും സുഖപ്രദമായ നാദമുതിർക്കുന്ന
ചിലങ്കയും മണികളും! —ഏറ്റവും മോ
ഹനങ്ങളായ വസ്ത്രാഭരണങ്ങൾ!" —ഏ
റ്റവും ഹൃദയഹാരിയായവിധത്തിലുള്ള
തിലകക്കുറികളും! —അങ്ങനെ തന്റെ
ഏറ്റവും മഹത്തായ 'നൈവേദ്യം'
ജഗൽപിതാവിന്റെ തൃച്ചേവടികളിലർ
പ്പിക്കാനൊരുങ്ങിക്കഴിഞ്ഞു. വാളുരിപ്പി
ടിച്ചുനിൽക്കുന്ന 'ഹിംസ'യുടെ കങ്കാ
ളരൂപങ്ങളെ അവൾ വകവച്ചില്ല; ബ
ലിപീഠത്തിൽ പ്രതിബിംബിച്ചിരുന്ന, കാ
ട്ടാളത്തത്തിന്റെ തണുത്തുറഞ്ഞ ശിലാഹൃ
ദയത്തെ അവൾ ഓർത്തില്ല. അവളുടെ
ചിന്തകൾ ജഗൽപിതാവിൽ; അവളുടെ
ചലനങ്ങൾ, കലാഭംഗി തുളുമ്പിയ ആ
മൃദുലചലനങ്ങൾ, അവളുടെ ജീവിതത്തി
ന്റെ കൊതുമ്പുവള്ളമൂന്നിയൂന്നി ആ ജഗ
ൽപിതാവിലടുപ്പിക്കയായിരുന്നു. അങ്ങ
നെ അവൾ പ്രൗഢകല്പനയനുസരിച്ചതന്നെ
നൃത്തംവച്ചു; ബലിപീഠത്തിനുമുന്നിൽ; ഒടു
വിൽ, സ്വയം ആഭരണങ്ങൾ വലിച്ചൂരി
യെറിഞ്ഞുതുടങ്ങി. ഏറ്റവും ഒടുവിൽ,
ഒരു ബുദ്ധഭക്തയുടെ രികഞ്ഞ വേഷത്തി
ലായീ നൃത്തം! അവൾ കുനിഞ്ഞു് താണു്
മന്ത്രങ്ങൾചൊല്ലി. ഇതിനകം രാജഭടന്മാർ
അവളെ നിലത്തുവീഴ്ത്തിക്കഴിഞ്ഞു! ആത്മാ
വുപറന്നുപോയ അവളുടെ ജഡത്തിന്റെ
മുന്നിൽ നിന്നുകൊണ്ടു്, അവളുടെ വധത്തി
ന്റെ പ്രധാന "ചരടുപിടുത്തക്കാരി"യായ
ഒരു രാജകുമാരി പറയുന്നു; ശ്രീമതിയുടെ
ആത്മാവു് ശ്രേഷ്ഠതരമായിരുന്നെന്നു്. ആ
രാജകുമാരിയാകട്ടെ, മാനസാന്തരപ്പെട്ടുക
ഴിഞ്ഞു; അവളും ഒരു ബുദ്ധഭക്തയായി.
അങ്ങനെ "നതീർപൂജ", ഏറ്റവും മഹ
ത്തായ ആ നൈവേദ്യം നമുക്കു് കാട്ടിത്ത
ന്നുകൊണ്ടവസാനിക്കുന്നു.

ഇനി "ചിത്രാംഗദ"യെപ്പറ്റി. "നതീർ
പൂജ" ഒരേസമയം സംഭാഷണപ്രധാന
വും നൃത്തപ്രധാനവും ആണെങ്കിൽ 'ചി
ത്രാംഗദ' അങ്ങനെയല്ല. നൃത്തമാണതി
ന്റെ ജീവൻ; സംഭാഷണം വളരെ ചുരു
ക്കംമാത്രം; പശ്ചാത്തലത്തിലെ ഗാനങ്ങൾ
വഴി കഥ വെളിപ്പെടുകയാണു്. ആ ഗാന
ങ്ങളിലും, ആ നർത്തനങ്ങളിലും 'സംഭാഷ
ണത്തി'ന്റെ 'ജീവൻ' ഉണ്ടു്. അങ്ങനെ
കഥ പുരോഗമിക്കുന്നു. ചിത്രാംഗദയൊരു
രാജനന്ദിനിയാണെന്നു് നേരത്തേ പറ
ഞ്ഞുവല്ലോ. ഒരു രാജകുമാരനെപ്പോലെ
യാണവൾ വളർത്തപ്പെട്ടതു്. ശരപ്രയോഗ

വിദ്യയിലും, നായാട്ടിലുമൊക്കെ നല്ല സാമർത്ഥ്യമാണു്. സ്വീതപം അവളിലുറങ്ങിക്കിടക്കുകയായിരുന്നു. സഖികളുമൊരുമിച്ചു്, പൂങ്കാവനത്തിലേപ്പെട്ടന്ന പ്രത്യേകവേഷത്തിൽ, ചിത്രാംഗദ വനത്തിലേക്കു് പ്രവേശിക്കുമ്പോൾ, അവിടെ തളർന്നു് മയങ്ങിക്കിടക്കുന്ന അജ്ജുനനെ കണ്ടുമുട്ടുന്നു. പക്ഷേ, ആളറിയാതെ ആദ്യം രാജപ്രൗഢി നിറഞ്ഞ കല്പനാസഞ്ചാരത്തിൽ വിളിച്ചുണർത്തുന്നു. തന്റെ മുന്നിൽ നിവർന്നുനില്ക്കുന്ന ആ ബലിഷ്ഠകായൻ അജ്ജുനനാണെന്നു് പിന്നെ മനസ്സിലാക്കുമ്പോൾ, അവൾക്കാകെ ഒരു തളർച്ച!—ഒരു വല്ലായ്മ!—മറെറാന്നുമല്ല; സ്വീതപം ഉണരുകയാണു്! ഹൃദയത്തിൽ മൃദുലവികാരങ്ങൾ ഇക്കിളിക്കൂട്ടാൻ തുടങ്ങുകയാണു്!

സഖികളുടെ സഹായത്തോടെ, അവൾ ആകർഷണീയമാംവണ്ണമൊരുങ്ങിച്ചമഞ്ഞുകഴിഞ്ഞു. പിറകിൽ മിന്നുന്നവെളിച്ചം കൊണ്ടു്, ഇണയെ വിളിക്കുന്ന മിന്നാമിനുങ്ങിനെപ്പോലെ, സ്വന്തം 'അണിയലി'ന്റെ മോടിപിടിപ്പിക്കൽകൊണ്ടു് പുരുഷന്റെ കണ്ണിൽ പൊടിയിടാൻ, കുറച്ചൊക്കെ വിരൂപയായാലും സ്ത്രീക്കു് കഴിയും. പക്ഷേ, അർജ്ജുനന്റെ കണ്ണിൽ അത്രവേഗം പൊടിവീണില്ല. ചിത്രാംഗദയുടെ ശരീരത്തിനു് യഥാർത്ഥത്തിൽ എന്തുമാത്രമാകഷ്ണീയതയുണ്ടെന്നു് അജ്ജുനനറിഞ്ഞുകഴിഞ്ഞതുപോലെ, ഒരു വെറുപ്പു്; ഒരു പിന്മാറ്റം!—

ചിത്രാംഗദ, സഖിമാരോടു ചേർന്നുള്ള പിന്നത്തെ നടനത്തിൽ, സൗന്ദര്യത്തിനുവേണ്ടിയുള്ള അവളുടെ ആഗ്രഹം വെളിപ്പെടുത്തുന്നു. അവൾ 'മന്മഥ'നോടു് പ്രാർത്ഥിക്കയാണു്, "ഒരേ ഒരു ദിവസത്തേക്കുമാത്രം ഒരു വസന്തത്തിന്റെ ഭംഗി മുഴുവനും" തനിക്കു നൽകണേ എന്നു്. മന്മഥൻ അതു നൽകിക്കഴിഞ്ഞു; ഒരുദിവസത്തേക്കല്ല; ഒരു വർഷത്തേക്കു്. അതോടെ രംഗത്തുനിന്നും വിരൂപയും നായാട്ടുകാരിയുമായ ചിത്രാംഗദ മറയുന്നു.

അടുത്തതു്, "അഴകൊരുടലാന്നപോലങ്ങനെ മിന്നു"ന്ന ചിത്രാംഗദയുടെ വരവാണു്. അവൾ സഖികളൊത്തു് മനോഹരമായി ഒരു ചിത്രശലഭംപോലെ നൃത്തം ചെയ്യുന്നു. അവളുടെ മുന്നിൽ അജ്ജുനനും ഒരു ദാസനായിക്കഴിഞ്ഞു. അവൾക്കപ്പൊഴറ ഹൃദയവേദനയുണ്ടാക്കിക്കൊണ്ടു് ആ ചിന്ത പൊന്തിനിന്നു;—ക്ഷണികമായ തന്റെ അഴകു്!

യാഥാർത്ഥ്യങ്ങൾ അജ്ജുനൻ മനസ്സിലാക്കുന്നു. അവളുടെ, അണിഞ്ഞൊരുങ്ങിമോടിപിടിപ്പിക്കാനസാധ്യമായ ആ ആന്തരികമായ സൗന്ദര്യത്തെ അജ്ജുനൻ മനസ്സിലാക്കുന്നു. ആന്തരികസൗന്ദര്യം ഒടുവിൽ ജയപതാക പറപ്പിക്കുന്നു. അങ്ങനെയവസാനിക്കുന്നു "ചിത്രാംഗദ."

വളരെ പരിമിതങ്ങളായ ഉപകരണങ്ങളോടും രംഗവിധാനത്തോടും കൂടിയാണു് 'ചിത്രാംഗദ' ആദ്യമായി അഭിനയിക്കപ്പെട്ടതു്. ഗുരുദേവന്റെ "ആശ്രമ"ത്തിലെ ഗ്രന്ഥപ്പുരയുടെ തുറന്ന വരാന്തയിൽവച്ചാണു് "ഉൽഘാടനം" നടന്നതു്. പച്ചപ്പുൽതകടിയിൽ, നക്ഷത്രപ്പന്തലിൻകീഴിലിരുന്നു് പ്രേക്ഷകർ അതാസ്വദിച്ചു. രംഗവിധാനത്തിന്റെ കഥയും തെല്ലൊന്നു ചൂണ്ടിക്കാണിക്കാനുണ്ടു്. 'തിരശ്ശീല' എന്നൊരേർപ്പാടേഉണ്ടായിരുന്നില്ല. ആദ്യത്തെ രംഗം ഒരു വനമാണല്ലോ. കർട്ടന്റെ സഹായം കൂടാതെ, വനത്തിന്റെ പ്രതീതി പ്രേക്ഷകരുടെ ദൃഷ്ടിയിലുളവാക്കിയതു് രസകരമായ ഒരു രീതിയിലാണു്. അതിനും "നൃത്ത"മായിരുന്നു ഉപാധി എന്നു പറയുമ്പോൾ, നിങ്ങൾ "നൃത്തത്തിനെന്തെന്തു കഴിവില്ല?" എന്നാണുത്തരപ്പെടുകില്ലേ?—ഒരു വേടൻ പ്ര

വേശിച്ചു; 'വേട്ടയാടലി'നെ പ്രതിഫലിപ്പിക്കുന്ന ഒരു നൃത്തം, അതിനനുയോജ്യമായ ചില പ്രാകൃതസംഗീതത്തോടെ നടന്നു കഴിഞ്ഞപ്പോഴേക്കും, പ്രേക്ഷകരുടെ ഭാവനയിൽ ഒരു വനം പൊന്തിക്കഴിഞ്ഞു. അവിടെയാണു് അർജ്ജുനൻ തളർന്നു ശയിക്കുന്നതും, ചിത്രാംഗദയും സഖിമാരും പ്രവേശിക്കുന്നതും. ഒരു വനത്തിന്റെ കർട്ടൻ എഴുതി 'ജോടി'ക്കാൻ അസാദ്ധ്യമായതു കൊണ്ടോ, അല്ലെങ്കിൽ ആ ഏടുപ്പാട്ടു് അറിവില്ലാത്തതുകൊണ്ടോ അല്ലല്ലോ ഗുരുദേവൻ ഈ പുതിയ ഒരു ഉപാധി സ്വീകരിച്ചതു്! അതും നാടകവേദിയിലെ ഒരു പരീക്ഷണമായിരുന്നു എന്നു വേണം വിചാരിക്കാൻ! അതെത്രമാത്രം വിജയിച്ചു എന്നു കണ്ടവർക്കേ ശരിക്കറിയൂ! എന്തായാലും ഒന്നു തീച്ചു:— O! for a Muse of fire, that "would ascend
The brightest heaven of invention;".. എന്നിങ്ങനെ തുടങ്ങിപ്പാടുന്ന ഷേക്സ്പീയറുടെ 'കോറസ്' നേരിട്ടു വന്നുനിന്നു് "അവുധാ" പറയുന്ന ആ നാടകവേദിയിൽ നിന്നും വളരെ വളരെ പുരോഗമിച്ചുകഴിഞ്ഞ ഒരു നാടകവേദി നമുക്കു് ലഭ്യമായിക്കഴിഞ്ഞിട്ടുള്ള ഈ കാലഘട്ടത്തിൽ തന്നെയും, ഗുരുദേവൻ പ്രയോഗിച്ച ഈ മാർഗ്ഗം പുതുമ നശിക്കാതെതന്നെ ഇന്നും അവശേഷിക്കുന്നു. ഒരുവേള, അതു് പ്രചരിക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ടാകാം.

"ശ്രീമതി"യെപ്പറ്റി രണ്ടുവാക്കുകൂടി: കൽക്കട്ടായിലെ നാടകവേദിയിൽ ചരിത്രം സൃഷ്ടിച്ച ഒരു നാടകം എന്നാണു് "ശ്രീമതി"യെപ്പറ്റി പലരും പ്രസ്താവിച്ചിട്ടുള്ളതു്. ആഭിജാത്യമുള്ള യുവതികൾ നാടകവേദിയിൽ പ്രത്യക്ഷപ്പെടുക — അതും നൃത്തം ചെയ്യാൻകൂടി — എന്നുള്ളതു് അന്നു് കൽക്കട്ടായിൽ വലിയ നിരുപണങ്ങൾക്കിടയാക്കി. പക്ഷേ, ആ നർത്തനങ്ങളുടെ പരിശുദ്ധിയെപ്പറ്റിയും, "അണിയറ"യിലെ കർശനസാന്മാർഗ്ഗികനിയമങ്ങളെപ്പറ്റിയും പില്ക്കാലത്തു് സകലർക്കും ബോദ്ധ്യമായി. 'കുലീനത്വ'ത്തിനു് ഉടവു് തട്ടാതെതന്നെ നാടകവേദിയിൽ, നടിയായും, നർത്തകിയായിത്തന്നെയും ഒരു യുവതിക്കു് പ്രത്യക്ഷപ്പെടാനുള്ള സാഹചര്യങ്ങൾ കല്പ്പിട്ടയിൽ സൃഷ്ടിച്ചുതന്നെ "ശ്രീമതി" അഭിനയിച്ചതോടുകൂടിയാണു്.

ഈ രണ്ടു നാടകങ്ങളും ഭാരതീയസാഹിത്യത്തിനും, ഭാരതീയ നൃത്തകലയ്ക്കും, ഭാരതീയ സംഗീതത്തിനും ഒന്നുപോലെ ലഭിച്ചിട്ടുള്ള നേട്ടങ്ങളാണു്. "ശ്രീമതി"യുടെയും "ചിത്രാംഗദ"യുടെയും ചിത്രങ്ങൾ നമ്മുടെ ഹൃദയത്തിൽ നിന്നൊരിക്കലും മായാത്തവണ്ണം ഗുരുദേവൻ ചിത്രീകരിച്ചിരിക്കുന്നു. അതേ, നമ്മുടെ ഒരു കവിയുടെ വരികളിൽ തന്നെ ഈ ആസ്വാദനപരമായ കുറിപ്പു് നിറുത്തുന്നു:—

"കൺമുനക്കോണിലും, കാലടി വയ്പ്പിലും,
കൈവിരൽത്തുമ്പിലും, മാറിൻതുടിപ്പിലും,

സപ്രേമപാരവശ്യത്തെത്തുളുമ്പിച്ചു
സപ്രണേതാവിന്റെ മുന്നിൽനിന്നങ്ങനെ

നൃത്തം ചവുട്ടുന്ന "ചിത്രാംഗദ"യുടെ
ചിത്രമുലകിന്റെ ഹൃത്തിൽവരച്ചു നീ!"...

(ബി.കെ.വി. കുറുപ്പ്)

ചതുമ്മാനലോകം-ഒരു പരിചിന്തനം

കെ. സി. എൻ. വാഴന്നവർ, (N. മലബാർ)

ശ്രീ. ശങ്കരപ്പിള്ളയുടെ 'ചതുമ്മാനലോകം'മെന്ന ലേഖനം ശ്രീ. കുഞ്ഞപ്പയെ എന്നപോലെ എന്നെയും ആകർഷിച്ചു. എന്നാൽ, ഞങ്ങൾ രണ്ടുപേരുടെയും ജിജ്ഞാസ ഒന്നുതന്നെ ആയിരുന്നില്ല. മറ്റു ഭാഷമുഖേന താൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്ന ചതുമ്മാനതത്വത്തെ ദരിദ്രമായ മലയാളത്തിൽ എത്ര ഭംഗിയായി, എങ്ങിനെ പ്രതിപാദിക്കാമെന്നായിരുന്നു കുഞ്ഞപ്പയുടെ ജിജ്ഞാസ; മുമ്പു് മനസ്സിലായിട്ടില്ലാതിരുന്നതിനാൽ ആ തത്വം എന്താണെന്നായിരുന്നു എനിക്കു് അറിയേണ്ടതു്. ജിജ്ഞാസയുടെ ഈ വ്യത്യാസംനിമിത്തം, ഞങ്ങൾക്കു് സിദ്ധിച്ച ഫലവും വ്യത്യാസപ്പെട്ടു: എന്റെ സ്നേഹിതൻ സഫലാശയനായി ആഹ്ലാദംകൊള്ളുമ്പോൾ, എനിക്കു് അസാംഗത്യബോധത്തിന്റെയും വിപ്രതിപത്തിയുടെയും ചുഴിപ്പിലകപ്പെട്ടു് മേല്പോട്ടു് നോക്കേണ്ടിവന്നു.

പാശ്ചാത്യശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചുനോക്കിയാൽ, ചതുമ്മാനലോകം ഗണിതശാസ്ത്രത്തിന്റെ ഒരു സങ്കല്പം മാത്രമാണെന്നും ജീവിതയാഥാർത്ഥ്യവുമായി അതിനൊരു ബന്ധവുമില്ലെന്നുമാണു് ധരിക്കുക എന്നു് ശ്രീ. ശങ്കരപ്പിള്ള എടുത്തുപറയുന്നു. ആ ധാരണയെ ദൃഢീകരിക്കുകമാത്രമാണു് ചെയ്തിരുന്നതെങ്കിൽ പിള്ളയുടെ ലേഖനം വളരെ തന്മയത്വത്തോടുകൂടി എനിക്കു് ആസ്വദിക്കാമായിരുന്നുവെന്നു് ആശിക്കുന്നു. പാശ്ചാത്യശാസ്ത്രകാരന്മാരുടെ പദ്ധതിയിൽനിന്നും നിഗമനത്തിൽനിന്നും വ്യതിചലിച്ചു്, ഭാരതീയശാസ്ത്രസങ്കേതങ്ങളുടെ തിരഗ്ഗീലയ്ക്കുള്ളിൽ പ്രവേശിച്ചു്, കാലവും മനസ്സും അഭിന്നമാണെന്നുള്ള അസ്പഷ്ടവും അശക്തവുമായ സൂചനയോടുകൂടി (ചില സംഗതികളിൽ അങ്ങിനെ അല്പായുസ്സല്ല) ചതുമ്മാനലോകം ജീവിതോപയോഗിയായ ഒരു യാഥാർത്ഥ്യമാണെന്നു വരുത്തുവാൻ ലേഖകൻ ചെയ്ത ശ്രമം എന്നെ ചിന്താഗ്രസ്തനാക്കുകയാണു് ചെയ്തതു്.

വെറും സങ്കല്പത്തെ ആസ്പദമാക്കി ചില തത്വസിദ്ധാന്തങ്ങൾക്കു് വളർന്നു വരാവുന്നതാണു്. അതുനിമിത്തം ബുദ്ധിവികാസമാത്രമല്ല, വളരെ സൂക്ഷ്മവും സവിസ്തരവുമായ താരതമ്യഗ്രഹണവും കൈവരുവാനുണ്ടു്. ഭ്രമി പരന്നതും അചഞ്ചലവും ആണെന്ന ഒരു സങ്കല്പം—ഒരു ബോധംതന്നെ—വളരെക്കാലം നിലനിന്നിരുന്നു. ഭ്രഗോളത്തിന്റെ ഒരു പടം വരയ്ക്കുമ്പോൾ ഭ്രമിയെ പരന്നതായി സങ്കല്പിക്കാതെ നിവൃത്തിയില്ല. ഭ്രമിമാത്രമല്ല, പ്രപഞ്ചം മുഴുവനും പരന്നതാണെന്നുള്ള സങ്കല്പത്തെ അവലംബിച്ചു് ഭ്രമിയേയും പ്രപഞ്ചത്തേയും സംബന്ധിക്കുന്ന ഒരു തത്വസിദ്ധാന്തം ഇന്നും നിലവിലുണ്ടു്. ഭ്രമി അചഞ്ചലമാണെന്ന സങ്കല്പമാകട്ടെ ഒന്നിലധികം തത്വസിദ്ധാന്തങ്ങൾക്കു് കാരണമായിരിക്കുന്നു. ഗ്രഹവ്യൂഹഗതിയുടെ കേന്ദ്രം സൂര്യനാണെന്ന സങ്കല്പത്തെ ആസ്പദമാക്കിയിട്ടാണു് ഇന്നത്തെ ജ്യോതിശ്ശാസ്ത്രസിദ്ധാന്തം വളർന്നിട്ടുള്ളതെങ്കിലും, ചന്ദ്രൻ മുതലായ ഏതു ഗ്രഹത്തെ കേന്ദ്രമായി സങ്കല്പിച്ചും ജ്യോതിശ്ശാസ്ത്ര

ത്തിൽ തത്വസിദ്ധാന്തങ്ങളും ഉൾക്കൊള്ളിക്കാവുന്നതത്രെ.

ഗണിതത്തിൽ പലപ്പോഴും സ്ഥലത്തേയും കാലത്തെയും തമ്മിൽ പെരുക്കേണ്ടതും ഹരിക്കേണ്ടതും ആവശ്യമായിവരും. പത്തേക്കർ സ്ഥലത്തു് ഒരു തവണ കൃഷി ചെയ്താലും, ഒരേക്കർ സ്ഥലത്തു് പത്തുതവണ കൃഷിചെയ്താലും ഗണിതദൃഷ്ട്യാ ഫലമൊന്നുതന്നെയായിരിക്കുമല്ലോ. ഇതിൽനിന്നു്, സ്ഥലത്തിന്റെ തുടച്ചയാണു് കാലമെന്നോ കാലത്തിന്റെ തുടച്ചയാണു് സ്ഥലമെന്നോ സങ്കല്പിക്കാൻ ഗണിതശാസ്ത്രത്തിനു് സാധിക്കും. ഗണിതശാസ്ത്രജ്ഞൻ ഒരു തത്വജ്ഞാനിക്രൂടിയാണെങ്കിൽ ആ സങ്കല്പത്തെ ആധാരമാക്കി ഒരു തത്വസിദ്ധാന്തത്തെ ഉന്നയിക്കുകയും ചെയ്യാം. എന്നാൽ, നീളമെന്ന ഒരളവല്ലാതെ, വീതിയോ പൊക്കമോ ഇല്ലാതിരുന്ന ഒരു ലോകത്തിനു് ആ രണ്ടളവുകൾകൂടി ഉണ്ടായപ്പോളെന്നപോലെ, കാലത്തിന്റെ പെരുക്കം കൊണ്ടുണ്ടാവുന്ന സ്ഥലവിസ്താരം ഇന്നത്തെ സ്ഥലത്തൊർലഭ്യത്തിന്റെയും ജനപ്പെരുപ്പത്തിന്റെയും പ്രശ്നങ്ങൾക്കു് ഒരു യഥാർത്ഥ പരിഹാരമാകുമെന്നു് ആർ സമ്മതിക്കാനാണു്?

ചതുർത്ഥമാനം കാലമാണെന്നുള്ള പാശ്ചാത്യശാസ്ത്രനിഗമനത്തെ മാറ്റിവെച്ചതിൽ, ശാസ്ത്രദൃഷ്ടിയായ ശ്രീ. കുഞ്ഞുപ്പ അസംതൃപ്തനാണെന്നു് ഊഹിക്കുന്നു. ആ നിഗമനത്തെ സ്വീകരിക്കുന്നതായാൽ ചതുർമ്മാനലോകം ജീവിതോപയോഗിയായ യാഥാർത്ഥ്യമാണെന്നു് സമർത്ഥിക്കുവാൻ പ്രയാസമാവുമെന്നാണു് ശ്രീ. പിള്ളയുടെ ഭയം. അതിനാൽ, ഭാരതീയമനശ്ശാസ്ത്രപ്രതിപാദിതമായ മനോമയജഗത്തിനെ ചതുർത്ഥമാനമായി സ്വീകരിക്കുവാൻ പിള്ള അവർകൾ നിർബ്ബന്ധിതനായി.

മനോമയലോകം ജീവിതോപയോഗിയായ ഒരു യാഥാർത്ഥ്യമാണെന്നതിൽ ഒരാക്ഷേപവുമില്ല. പക്ഷേ, അതു് സ്ഥൂലലോകത്തിന്റെ നീളം വീതി പൊക്കം എന്നീ ക്രമത്തിലുള്ള നാലാമതൊരളവാണെന്നു കരുതുവാൻ മതിയായ കാരണമില്ല; കരുതിയിട്ടു് വിശേഷിച്ചൊരു കാര്യവുമില്ല. നീളം വീതി പൊക്കം എന്ന മൂന്നളവിൽതന്നെ മനോമയലോകം ഉൾക്കൊള്ളുന്നതാണു്. സ്ഥൂലതയിൽനിന്നു് സൂക്ഷ്മതയിലേക്കുള്ള ഗതിക്കു് ഒരളവു് വേണമെന്നും ഉണ്ടെന്നും സമ്മതിക്കാം. പക്ഷേ, അതു് നീളം മുതലായതുപോലെ സ്ഥലപരമായ ഒരളവാണെന്നു് വരുന്നില്ല. സൂക്ഷ്മതയുടെ അളവു് സ്ഥലത്തിന്റെ തന്നെ നാലാമത്തെ അളവാണെങ്കിൽ, ശീതോഷ്ണം, വാതസമ്മർദ്ദം മുതലായവയുടെ അളവുകൾ എന്തുകൊണ്ടു് സ്ഥലത്തിന്റെ അഞ്ചാമത്തെയും ആറാമത്തെയും മറ്റും അളവുകളാകുന്നില്ല? സൂക്ഷ്മതയുടെ അളവു് മനോമയത്തിൽ ആരംഭിക്കുന്നതോ അതിൽ അവസാനിക്കുന്നതോ ഒട്ടല്ലതാനും. ജലത്തിന്റെ അളവിൽ ജലാകാശവുമിരിക്കുന്നതുപോലെ, സ്ഥൂലലോകത്തിന്റെ അളവിൽ സൂക്ഷ്മലോകവും സ്ഥിതിചെയ്യുന്നുവെന്നു് വെച്ചാൽ മതി. സൂക്ഷ്മലോകത്തെ കാണാതിരിക്കുവാനുള്ള കാരണം സൂക്ഷ്മതയല്ലാതെ, സ്ഥലംകൊണ്ടുള്ള ദൂരമാണെന്നു് എന്തിനുവരണം? എങ്ങിനെവരും? സൂക്ഷ്മതയുടെ അളവു് സ്ഥൂലതയുടെ നാലാമത്തെ അളവാണെന്നു് വാദത്തിനുവേണ്ടി സമ്മതിച്ചാൽപോലും, മനോമയത്തെമാത്രം നാലാമത്തെ അളവായി കണക്കാക്കാൻ നിവൃത്തിയില്ല; പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നീ നാലു ലോകങ്ങൾക്കും ആ അളവിൽ സ്ഥാനമുണ്ടാവണം; പോര, പഞ്ചഭൂതങ്ങൾക്കു് അന്യോന്യമായും ആ അളവുകൊണ്ടുള്ള അകൽച്ചസിദ്ധമാവണം.

പിള്ളയുടെ ലേഖനത്തിൽ ഉപപാദിതമായ ചതുർത്ഥമാനം അദ്ദേഹം സ്വീകരിച്ച

ലക്ഷണത്തിനുതന്നെ വിരുദ്ധമായി തോന്നുന്നു. അദ്ദേഹംചെയ്ത ലക്ഷണപ്രകാരം, ചതുർമ്മാനജീവിക്ക് ത്രിമാനലോകവസ്തുക്കളെ നിഷ്പ്രയാസമായി ചതുർമ്മാനത്തിലേക്ക് മാറ്റിവെയ്ക്കാൻ കഴിയണം. കഴിയുന്നതായി അദ്ദേഹം കാണിക്കുന്നില്ല; കഴിയുകയില്ലെന്നും നാം കാണുകയും ചെയ്യുന്നു. തപഃശക്തികൊണ്ട് വല്ലതുമൊക്കെ സാധിച്ചേക്കുമെന്നുള്ള ഊഹം അപഹ്യാപ്തമാണ്. ത്രിമാനജീവികൾ ദ്വിമാനവസ്തുക്കളെ ത്രിമാനലോകത്തിലേക്കും ത്രിമാനവസ്തുക്കളെ ദ്വിമാനലോകത്തിലേക്കും മാറ്റിവെച്ചതു് തപഃശക്തികൊണ്ടല്ലല്ലോ; ചതുർമ്മാനജീവികൾക്കുമാത്രം ഈ തപഃശക്തിയുടെ ആവശ്യം നേരിട്ടതെന്താണു്? തപഃശക്തികൊണ്ടു് സാധിക്കുന്ന കാര്യങ്ങൾക്കു് ചതുർമ്മാനത്തിന്റെ സഹായം ക്രൂടാതെതന്നെ ഉപപത്തി കാണിക്കാവുന്നതാണു്. 'തപഃശക്തികൊണ്ടു്' എന്നുപറയാമെങ്കിൽ 'കുട്ടിച്ചാത്തന്റെ സേവകൊണ്ടു്' എന്നു പറയുന്നതിലെന്താണു് വിരോധം. കുട്ടിച്ചാത്തന്റെ സേവ എന്നതു് തപസ്സിന്റെ ഒരു വകഭേദംതന്നെയല്ലേ? മനസ്സിന്റെ ഏകാഗ്രീകരണവും ശക്തിപ്പെട്ടത്തലുമെല്ലാമതിലുമുണ്ടു്.

ത്രിമാനത്തിൽനിന്നു് ഭിന്നമായ ഒരു വഴിയിൽക്കൂടി സഞ്ചരിക്കുന്നുവെന്ന ഒരു സംഗതിയാണു് മനസ്സിനെ ചതുർമ്മാനജീവിയാക്കുവാൻ പിള്ള അവർകൾ കൊണ്ടുവരുന്ന തെളിവു്. മനസ്സു് അങ്ങിനെ ഒരു വഴിയിൽക്കൂടി സഞ്ചരിക്കുന്നുണ്ടോ? തിരുവനന്തപുരത്തുള്ള ഒരാൾ പറവൂരിനെപ്പറ്റി ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ മനസ്സു് (തപഃശക്തിയുടെ കാര്യമല്ല) പറവൂരിൽ എത്തുന്നുവെന്നതു് ഒരു ശാസ്ത്രസിദ്ധമായ യാഥാർത്ഥ്യമാണോ? ഒരു ത്രിമാനവസ്തു ദ്വിമാനലോകത്തിൽ ചെന്നെത്തിയാലുണ്ടാവുന്നതുപോലെയുള്ള യാതൊരു അത്ഭുതദൃശ്യവും പറവൂരിൽ ഉണ്ടാവുന്നില്ലല്ലോ. ചതുർമ്മാനജീവിയുടെ നാലാമത്തെ അളവു് അദൃശ്യമായിരിക്കുമെങ്കിലും, ഒന്നും രണ്ടും മൂന്നും അളവുകൾ പറവൂരിൽ ദൃശ്യമായിരിക്കേണ്ടതല്ലേ? ഭാരതീയസിദ്ധാന്തപ്രകാരം, പറവൂരിനെ സ്മരിക്കുക എന്നുവെച്ചാൽ മനസ്സു് പറവൂരിൽ എത്തുകയല്ല, (ഒരു കവിക്കു് അങ്ങിനെ സങ്കല്പിച്ചുകൂടായ്കയില്ല) മനസ്സിൽ പറവൂരിന്റെ ഒരു ചിത്രം ഉണ്ടാക്കുകമാത്രമാണു്. ഒരു സാധാരണസംഭവത്തിന്റെ പരിഗണനയിൽ, തിരുവനന്തപുരത്തുള്ള ഒരാളുടെ മനസ്സിനു് പറവൂരിലെത്തുവാൻ സാധ്യമല്ല; തിരുവനന്തപുരത്തുനിന്നു് വല്ല സാധനവും പറവൂരിലെത്തിക്കുന്ന കാര്യം പിന്നെ പറയേണ്ടതുണ്ടോ?

ക്രൂട്ടത്തിൽ, ഭാരതീയരുടെ മായാവാദത്തെയും പിള്ള അല്പം അലങ്കോലപ്പെട്ടത്തിയതായി കാണുന്നു. അദ്ദേഹം പറയുന്നു "മനസ്സു് എന്ന ചതുർമ്മാനജീവി ഈ ത്രിമാനപ്രപഞ്ചത്തിൽക്കൂടി കടന്നുപോകുമ്പോൾ ഇവിടെ ഉണ്ടാകുന്ന തോന്നലുകൾ മാത്രമാണു് ഇവിടുത്തെ ജീവജാലങ്ങൾ എന്നാണു് ഈ മായാവാദത്തിന്റെ അർത്ഥം" മായാവാദപ്രകാരം, ഇവിടുത്തെ ജീവജാലങ്ങൾ എത്രത്തോളം തോന്നലുകളാകുന്നുവോ, അത്രത്തോളംതന്നെ തോന്നലുകളാകുന്ന മനസ്സും ത്രിമാനപ്രപഞ്ചവും; ത്രിമാനപ്രപഞ്ചത്തിൽക്കൂടിയുള്ള മനസ്സിന്റെ കടന്നുപോകലാകട്ടെ—തിരുവനന്തപുരത്തുനിന്നു് പറവൂരിലേക്കു് പോയമാതിരിയിലുള്ള കടന്നുപോകൽ—ഒരു ഇരട്ടിപ്പോട്ടുക്രൂടിയ തോന്നലാണു്—തോന്നലിന്മേൽ തുങ്ങിനിൽക്കുന്ന ഒരു തോന്നൽ: ആദ്യത്തേതു് വ്യാവഹാരികമായ തോന്നൽ; രണ്ടാമത്തേതു് പ്രാതിഭാസികമായ തോന്നൽ. മനസ്സും ത്രിമാനപ്രപഞ്ചവും കടന്നുപോകലും യഥാർത്ഥം, ജീവജാലങ്ങൾമാത്രം തോന്നൽ എന്നൊരു നിഗമനത്തിനു് മായാവാദം വഴിതരുന്നുണ്ടോ?

ഡൽഹി

എസ്. പുരുഷോത്തമൻനായർ

താനേതന്നെവിടന്നഭവനായിലൂടാലോകനംചെയ്യുവിൻ
നാനാഭംഗികൾചേർന്ന നാടകമണിപ്പൊൻവേദിയാണ്ഡൽഹിയെ
ഒന്നൊന്നായ്പുളകങ്ങളും ചിരികളും ബാഷ്പങ്ങളുംതെട്ടലും
തന്നൊട്ടേറെവിളങ്ങിയാകെമറയും രംഗങ്ങളുംകാണുവിൻ. 1

ദൈന്യംവിട്ടമയൻചമച്ചസഭയും ധർമ്മാത്മജൻമുമ്പിലായ്
മിന്നും പൊൻമുടിചൂടിയോർ തിറകളുംകൈക്കൊണ്ട നിൽക്കുന്നതും
എന്നുംകേൾവിലിലെപ്പൊഴും വിലസുമെൻ കൃഷ്ണന്റെഹാസമേതം
വാനോലുന്നതുമൊത്തിണങ്ങിയ മഹാരംഗം മനോമോഹനം! 2

തീന്നാരംഗ;മിരുട്ടതിങ്ങിമറയായ്നിൽക്കുന്നു;കാലംക്രമാൽ
മിന്നിക്കുന്നതമസ്സിലൂടൊരു നെടുംതേജഃപ്രഭാസുസ്ഫുടം
വന്നെത്തുന്നിരുപേരരേ കുതിരമേൽ—ഹാ!വൃഥിരിരഞ്ജനെയ-
പ്പൊന്നങ്കത്തിലൊരംഗനാമണി തളിർത്തൊത്തിൽ സുമംപോലെയോ? 4

ആക്കുന്നുഗ്രസമീരണൻ രുധിരഗന്ധത്താൽ മദോന്മത്തനായ്
കേൾക്കുന്നായുധഘട്ടനധ്വനികളും ഘോരാട്ടഹാസങ്ങളും
തീക്കുന്നുണ്ട ചിതാഗ്നി,—ധൂമനിരയാൽ മാഴ്കുംവിഹായസ്സിലേ-
ക്കൊക്കെപ്പോയിമറഞ്ഞു വീരവനിതാരത്നങ്ങളും സാധ്വികയും. 4

വട്ടംചുറ്റിമുഷ്ക്കധൂളിപടലംപൊങ്ങുന്ന വിണ്മണ്ഡല-
ത്തട്ടംവിട്ടുകുതിച്ചുനാലുപുറവുംചാടുന്ന വിദ്യുത്തുകൾ
കട്ടച്ചോരപരന്ന പാതകളിലൂടെത്തുന്ന പട്ടാണിമാർ;
പൂട്ടിക്കൊള്ളുകകണ്ണു;വേണ്ട;മായുന്നാരംഗവുംപൂർണ്ണമായ്. 5

മായൂരാസനവുംവിടർന്ന കനകച്ഛത്രങ്ങളുംചേർന്ന വൻ-
മായാമണ്ഡലമൊന്നയൻവിലസുന്നോലുന്ന തേൻപാട്ടുകൾ
വീയുന്നത്തർമണം;നടീനടനനിർഘോഷങ്ങളും പൊങ്ങുന്നതി-
ശ്രീയുന്നൊരു ബാഷ്പശൈകവും വരിയായ്നിൽക്കുന്ന സാന്ധ്യംബരം. 6

മന്നാകെപ്പുലരും കലാനികരവും വിജ്ഞാനസാരങ്ങളും
വന്നത്തുന്നു; മതങ്ങളൊത്തു നടനംചെയ്യുന്ന മിത്രങ്ങളായ്
എന്നും ഭാരതഭൂതലത്തിൽവിരിയും പുഷ്പങ്ങളേ;യക്ബറാം
മന്നോർമന്നനെ നിങ്ങളൊന്നു നെടുതായ് വീർപ്പിട്ടു ചിന്തിക്കുമോ? 7

വെള്ളിച്ചുരുൾചിലിചിന്തുമിന്ദുശകലം മിന്നുംകൊടിക്കൂറപോയ്
വെള്ളക്കാരുവരുന്നനേകവിധമായ് ഭാണ്ഡങ്ങൾതേസി ദൃതം
തള്ളിക്കേറിവരുന്ന യന്ത്രനികരം; നിസ്സീമതന്ത്രങ്ങളും-
ക്കൊള്ളുംകേസരിവീരനുണ്ട തുടരുന്നച്ചസ്ഥനായ്ഗുജ്ജനം!! 8

കാലംനൂതനമായവർണ്ണമണിയുന്നേകാംബരം പൂണ്ടൊരാ-
ന്തലും ചക്രവുമായിവന്നുതുടരുന്നാഭ്യന്തികായോധനം
വാലുംതാഴ്ത്തിയിഴങ്ങിവന്നൊരു കുതിക്കംഭോധിചാടിക്കട-
ന്നാലസ്യത്തൊടടുപിന്നിൽനോക്കിമായുന്നാംശ്ലേയപഞ്ചാനനൻ. 9

ജൈത്രശ്രീയൊടശോകചക്രവുമേടുത്തുംപ്പുകളിക്കുവിധം
സ്വാതന്ത്ര്യശരിയാംവരുന്നെവിടെയാ യോഗീശ്വരൻ ഗാന്ധിജി?
ശ്രോത്രശ്രേണിയിൽ രാമനാമവമാധുര്യംപകർന്നുജ്വല-
ജ്യോതിസ്സാനയരുന്ന വിണ്ണണയുവാൻ—ഹാ! ഡൽഹിയോപിനെയും? 10

കേരളീയകലകളുടെ ശാസ്ത്രീയത

വടക്കുംക്കൂർ രാജരാജവർമ്മരാജ

ഭാഷയെയെന്നപോലെ കലകളെക്കുറിച്ച് ചിന്തിക്കുമ്പോഴും മലയാളികളായ നമുക്ക് ആനന്ദത്തിനും അഭിമാനത്തിനും അവകാശമുണ്ട്. വൈവിദ്ധ്യവും വൈചിത്ര്യവും അഭിവൃദ്ധിയും തികഞ്ഞതും ശാസ്ത്രീയവും ആയ ഒരു കലാസമുച്ചയം സമുദായത്തിന്റെ ആത്മസംസ്കൃതിയെ പ്രതിബിംബിപ്പിക്കുന്ന മണിദർപ്പണം എന്നു വിചാരിക്കണം. അതു സിദ്ധിച്ചിരിക്കുന്ന ഒരു സമുദായം അനുഗ്രഹീതമാകുന്നു. ഈ കാര്യത്തിൽ കേരളീയർ ഭാഗ്യവാന്മാരെന്ന് ആരും സമ്മതിക്കും. ഭാരതീയരുടെ സുപ്രസിദ്ധങ്ങളായ അനുപത്തിനാലുകളിൽ പ്രധാനങ്ങളായവയ്ക്കൊക്കെ ഇവിടെ മാന്യസ്ഥാനം ലഭിച്ചിട്ടുണ്ട്. ഈ നാട്ടിൽ സ്വതന്ത്രമായി സംഭവിച്ച് വളർന്നിരിക്കുന്നവ കലകളും വർത്തിക്കുന്നു. ഭാരതീയകലകളെ കേരളീയസംസ്കൃതിയോടു ചേർത്തിണക്കി പരിഷ്കരിച്ച് പുതുക്കി നാടൻകലകളാക്കിയിരിക്കുന്നവയുമുണ്ട്. അവയിൽ മലയാളികളുടെ ശാസ്ത്രഭക്തിയും മനോധർമ്മവൈപുല്യവും തെളിഞ്ഞുപരിലസിക്കുന്നതായി അനുഭവപ്പെടും. ആനന്ദാനുഭൂതിയേയും അതേസമയത്തു് വിജ്ഞാനസമ്പത്തിനേയും വേണ്ടവിധം പ്രദാനംചെയ്യുന്നതിനു് അവ സമർത്ഥങ്ങളാകുന്നു. അവയിൽ ഏറ്റവും പ്രധാനങ്ങളായ ചിലവയെക്കുറിച്ച് ദിങ്മാത്രം ഇവിടെ പ്രതിപാദിക്കാം.

ചാക്യാന്മാർ സംസ്കൃതനാടകം അഭിനയിക്കുന്നതിനെ കൂടിയാട്ടം എന്നുപറയുന്നു. കേരളത്തിലെ കലകളിൽ ഏറ്റവും പ്രാചീനവും വിശിഷ്ടവും ശാസ്ത്രീയവും ആയതു് ഈ കലയാകുന്നു. അതിൽ ചാക്യാരും നങ്ങിയാരും വേഷംകെട്ടിയാടുന്നു. വിദൂഷകനും ഉണ്ടായിരിക്കും. അഭിനയവും ആട്ടവും അതിൽ പ്രധാനം. നായകൻ പ്രവേശിച്ചു് നാടകത്തിലെ ശ്ലോകംചൊല്ലി അഭിനയിക്കുന്നു. അഭിനയം അധികം വിസ്തരിച്ചായിരിക്കും. ശ്ലോകത്തിന്റെ അർത്ഥവും അതിനോടു് ബന്ധപ്പെട്ടിരിക്കുന്ന വസ്തുതാംശങ്ങളും ഭംഗിയായി അഭിനയിച്ചു് ഫലിപ്പിക്കുന്നതിനു് നടന്മാർ ഒട്ടേറെസമയം എടുക്കും. സൂക്ഷ്മങ്ങളായ ഭാവങ്ങളെയും നൂതനങ്ങളായ മനോധർമ്മങ്ങളോടുകൂടി വിസ്തരിച്ചും സമുചിതങ്ങളായ രസങ്ങളെ മുഖംകൊണ്ടും വിശേഷേണ ദൃഷ്ടികൊണ്ടും പ്രകാശിപ്പിച്ചും അവർ അഭിനയിച്ചു് സഹൃദയന്മാരെ ആനന്ദമഗ്നന്മാരാക്കുന്നു. ഒരുദിവസം നാടകത്തിലെ അത്യല്പമായ ഭാഗം (ഏതാനും പദ്യം) മാത്രമേ അവർ അഭിനയിക്കുക പതിവുള്ളൂ. ഈ വസ്തുതയിൽനിന്നു് അഭിനയം എത്രയുംവിസ്തരിച്ചായിരിക്കുമെന്നു് ഊഹിക്കുവാൻ കഴിയും. നാട്യശാസ്ത്രജ്ഞാനം ഇല്ലാത്തവർ, നടൻ ഈ രീതിയിൽ അഭിനയിക്കുന്നസമയത്തു്, അരങ്ങത്തിരുന്നു് ഉറക്കംതൂങ്ങുന്നതു് സാധാരണമാകുന്നു. സംസ്കൃതപദ്യങ്ങൾക്കു് മലയാളത്തിൽ വിസ്തരിച്ചു് അർത്ഥംപറയും. പ്രതിശ്ലോകവുംചൊല്ലും. അങ്ങിനെചെയ്യുന്നതു് വിദൂഷകനായിരിക്കും. അരങ്ങിനു് വിദൂഷകന്റെ പ്രവേശത്തോടുകൂടി പുതിയജീവൻ വീഴുന്നു. അപ്പൊഴേയ്ക്കും മുൻപു് ഉറക്കംതൂക്കിത്തള്ളിയിരുന്നവർ ഉത്സാഹഭരിതന്മാരാകും. വിദൂഷകന്റെ ഫലിതമയവും ഹാസ്യപ്രധ

രവും മനോധർമ്മമധുരിതവും ആയ ശ്ലോകാത്ഥവിവരണം രംഗവാസികളെ രസിപ്പിക്കും. സദസ്സ് അപ്പോൾ ആനന്ദകല്ലോലിതമായിത്തീരുന്നു.

ആധുനികനാടകങ്ങളിലേയും ക്രിയാട്ടത്തിലെയും വിദൂഷകന്മാർക്ക് അൽപം ആനയുംപോലെ വ്യത്യാസം ഉണ്ട്. വേഷം, ഭ്രഷണം, സംഭാഷണശൈലി, ഫലിതഗതി, സമുചിതങ്ങളായ മനോധർമ്മങ്ങളുടെ പ്രകാശനം, ഹാസ്യം, അഭിനയം, നൂതനത്വം മുതലായവകൊണ്ട് ക്രിയാട്ടത്തിലെ വിദൂഷകന്റെ സ്ഥിതിയൊന്നു വേറേതന്നെയാണ്. ആ മേന്മകൾ അനുഗൃഹീതന്മാരായ ചാക്യാന്മാർക്കല്ലാതെ മറെറാർക്കും കിട്ടുന്നതല്ല. നായകൻ പ്രവേശിച്ച് അഭിനയിക്കുന്ന സമയം വിദൂഷകനു് അരങ്ങത്തു് ഇരിക്കണമെന്നില്ല. അണിയറയിലേക്കു പോകാം. വേണ്ടസമയത്തു് തിരിയെ വന്നാൽ മതിയാകും.

ചാക്യാന്മാരുടെ അഭിനയരീതിയുടെയും മുദ്രയുടെയും നാടകസംബന്ധങ്ങളായ ചടങ്ങുകൾക്കും ഭരതശാസ്ത്രം അടിസ്ഥാനം. ആഗമങ്ങളിലും തദനുസരണം തന്ത്രഗ്രന്ഥങ്ങളിലും വിവരിച്ചിരിക്കുന്നവയാണ് ഭരതശാസ്ത്രമുദ്രകൾക്കുമൂലം. സന്ദർഭാനുസരണം അല്പമല്പം വ്യത്യാസം വരുത്തിയിരിക്കും. ക്രിയാട്ടത്തിലെ വേഷവും അഭിനയവും മുദ്രയും ക്രൂത്തലായി പരിഷ്കരിച്ച് അങ്ങിനെ ഉണ്ടായിരിക്കുന്നതാണ് കഥകളി. 'ഓത്തുപിഴച്ചതു് ക്രൂത്തു്'; ക്രൂത്തുപിഴച്ചതു് ആട്ടം.' എന്നു് ഒരു പഴഞ്ചൊല്ലുതന്നെ പ്രസിദ്ധമായിട്ടുണ്ടല്ലോ. ഇതിൽനിന്നൊക്കെ ആഗമം സവിത്തിനും മൂലം എന്നു് വന്നുകൂടുന്നു.

ക്രിയാട്ടത്തിനു് ഭരതശാസ്ത്രവും ആഗമവും മൂലമെന്നു് പറഞ്ഞുവല്ലോ: ചാക്യാന്മാർ അവരുടെ അഭിനയക്രമരീതികളെ പ്രതിപാദിക്കുന്നതായി ഭാഷയിൽ അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അവയ്ക്കു് ആട്ടപ്രകാരം എന്നപേർ. ക്രിയാട്ടത്തിനു് ഉപയോഗിക്കുന്ന മുഖ്യനാടകങ്ങൾക്കൊക്കെ ആട്ടപ്രകാരം എഴുതിയിട്ടുണ്ടു്. അഭിനയക്രമങ്ങളെ വിവരിക്കുന്ന മറെറാരു ഗ്രന്ഥമാകുന്നു നടാങ്കുശം. സംസ്കൃതത്തിൽ വിരചിതമായിരിക്കുന്ന ഈ ഗ്രന്ഥം മുദ്രണം ചെയ്തിട്ടില്ല

അന്യനാടുകളിൽ സംസ്കൃതനാടകാഭിനയം അനേകം ശതാബ്ദങ്ങൾക്കുമുൻപുതന്നെ നാമാവശേഷമായിത്തീർന്നിരിക്കുന്നു. അവിടങ്ങളിൽ അതു മുൻകാലത്തു നടന്നുവന്നതു്, കേരളത്തിലേതിൽനിന്നു ഏറെറവും വ്യത്യാസപ്പെട്ടിരിക്കുന്ന ഒരു രീതിയിലാകുന്നു. ഇവിടെ അതു് ഇന്നും നിലനില്ക്കുന്നു. അതിനെ ചാക്യാന്മാരോടും ക്ഷേത്രങ്ങളോടും ബന്ധിപ്പിച്ചതാണു് അതിനുകാരണം.

ചാക്യാന്മാരുടെ ഭഗവത്കഥാകഥനമാണു് ക്രൂത്തു്. പൂർവ്വകൃതികളിൽനിന്നും, പ്രത്യേകം ക്രൂത്തിനായി നിർമ്മിച്ചിരിക്കുന്ന പ്രബന്ധങ്ങളിൽനിന്നും ഗദ്യപദ്യങ്ങൾ ഉദ്ധരിച്ചുചൊല്ലി അവർ അർത്ഥം സരസമായി വിസ്തരിച്ചുപറയുന്നു. ഫലിതം ഹാസ്യം അഭിനയം ശകാരം എന്നിവയൊക്കെ സന്ദർഭോചിതമായി പ്രയോഗിച്ചു്, അവർ, ക്രൂത്തിനു മോടികൂട്ടുന്നു. അവർക്കു രംഗവാസികളെ, നേരേനോക്കി ശകാരിക്കുകയും സ്തുതിക്കുകയുംചെയ്യാം. അതിനു സ്വാതന്ത്ര്യമുണ്ടു്. അവരോടു് ആർക്കും ഉത്തരംപറയുവാൻ പാടില്ല. അങ്ങിനെചെയ്താൽ അപ്പോൾ അവർ മുടിയുടുക്കുന്നു. പിന്നീടു് ആ ദേശത്തു ക്രൂത്തുനടത്തുന്നതല്ല. പ്രാമാണ്യമേറിയ വ്യക്തികളെയും സമുദായങ്ങളെയും അവയുടെ അനീതികളും വെളിവായി ഗ്രഹിപ്പിച്ചു നേർവഴിക്കു നടത്തുന്നതിനു ചാക്യാന്മാരുടെ മർമ്മഭേദകമായ ശകാരം പലപ്പോഴും കാരണമായിത്തീർന്നിട്ടുണ്ടു്. മഹാരാജാക്ക

ന്മാരും രാജാക്കന്മാരുംക്രൂടി അവരുടെ ശ കാരശരപാതത്തിനു പാത്രമാകുക സാധാര ണമാണു്. പ്രസ്തുത സപാതന്ത്ര്യത്തെ സ വ്ജനങ്ങളും ആദരിച്ചുവരുന്നു.

ഭക്തി, കൃത്യാകൃത്യജ്ഞാനം, സന്മാർഗ്ഗ ശ്രദ്ധ മുതലായ ഗുണങ്ങളും ശ്രോതാക്കളി ക്കു സംഭവിക്കണമെന്നതു ചാക്യാന്മാരുടെ കഥനത്തിന്റെ മുഖ്യോദ്ദേശമാണു്. ഏതു തതപത്തേയും കഥയോടു സംബന്ധിപ്പിച്ചു മൂഢജനങ്ങളുടെ ഹൃദയത്തിൽക്രൂടിയ ഗാഢ മായി പതിയത്തക്കവിധം സുമധുരമായ വാ ഗ്വിലാസത്തോടുക്രൂടി ചാക്യാന്മാർ പ്രതി പാദിക്കുന്നു. അവരുടെ വാഗ്മാധുര്യപ്രഫ ലിതാദിരീതികളും മറ്റാരിലും കാണാവുന്ന ഗുണങ്ങളല്ല. അവരുടെ അരങ്ങിൽ അധി വസിക്കുന്നവർക്കു തല്ക്കാലത്തേക്കെങ്കിലും ധ മ്മാധർമ്മബോധം സംഭവിക്കാതെയിരിക്കു വാൻ പ്രയാസം. അങ്ങിനെ രസിപ്പിച്ചു കൊണ്ടു ജനങ്ങൾക്കു തതപബോധം ജനി പ്പിച്ചു വളത്തുന്നതിനു അവർ നിപുണന്മാ രാകുന്നു. ഉത്തമസാഹിത്യപരിചയംകൊണ്ടു കിട്ടുന്ന ആനന്ദം ഉണ്ടാകുന്നു എന്നതു ക്രൂ ത്തിൽനിന്നു കൈവരുന്ന ഒരു ഗുണമാകുന്നു.

ക്രൂത്തിന്റെ അടുത്ത സഹോദരകലയാ കുന്നു പാഠകം. അതും കഥാകഥനാത്മകം തന്നെ. ചാക്യാന്മാരുടെയും പാഠകക്കാരു ടെയും കഥനരീതിക്കു വ്യത്യാസമില്ല. വാ ക്പാടവവിലാസാദിഗുണങ്ങളും പാഠകക്കാ ക്കും അത്യാവശ്യം. അവക്കു അരങ്ങത്തി രിക്കുന്നവരെ നേരേനോക്കി ശകാരിക്കുന്നതി നുപാടില്ല. ക്രൂത്തിനു അധികാരമില്ലാത്ത അമ്പലവാസികളും മുതലായ വർഗ്ഗക്കാരാ ണു് പാഠകകലയിൽ ഏർപ്പെട്ടുന്നവർ. അ മ്പലങ്ങളിലും പുറമേയുള്ള സ്ഥലങ്ങളിലും വച്ചു പാഠകം നടത്താം. നിപുണന്മാരായ പല പാഠകക്കാരും നമ്പ്യാർ നെട്ടങ്ങാടി മുതലായവരുടെ സമുദായങ്ങളിൽ ഉണ്ടായി ട്ടുണ്ടു്. ബ്രാഹ്മണർക്കും പാഠകം പറയാം.

പറക്കൻക്രൂത്തു എന്നൊരു സമ്പ്രദായമു ണ്ടു്. മുൻകാലത്തു അതു് നടന്നുവന്നിരു ന്നു. അതു എല്ലപ്പും നടത്താവുന്നതല്ല. പില്ക്കാലത്തു അതു നിന്നുപോയി. ക്രൂത്തു പറമ്പു എന്നപേരിൽ അറിയപ്പെട്ടുന്ന സ്ഥ ലങ്ങളും ഈ ക്രൂത്തു നടത്തിയിട്ടുള്ള ദേശങ്ങ ളാകുന്നു. *

കഥകളിയെപ്പറ്റി മുൻപു സൂചിപ്പിച്ചു വല്ലൊ. അനേകം ഉപകലകളും ചേർന്ന ഒരു മഹാകലയാകുന്നു കഥകളി. ചെണ്ട മദ്ദളം പാട്ടു് അഭിനയം നൃത്തം മദ്ദ എന്നിവ അ തിന്റെ അംഗങ്ങളാണു്. ഇവയിൽ ഓരോ ന്നിനും പ്രാധാന്യമുണ്ടു്. ഉപകലക ളിൽ അഭിനയത്തിനും പാട്ടിനും നൃത്തത്തി നും മുഖ്യത ഏറുമെന്നുപറയണം. ഇവ യിൽ നിപുണന്മാരായവർചേർന്നു കളിക്കുന്നു വെങ്കിൽമാത്രമേ കഥകളി ഹൃദ്യമാകുകയു ള്ളു. സമർത്ഥന്മാരായ ഗുരുക്കന്മാരെ ആശ്ര യിച്ചു് ദീർഘകാലം അഭ്യസിക്കാതെ അഭി നയാദികലകളിൽ പാടവം നേടാവുന്നത ല്ല. വാക്കിന്റെ സാഹായ്യംക്രൂടാതെ കഥ മുഴുവനും അഭിനയംകൊണ്ടു കാണിക്കുന്ന തും അഭിജ്ഞന്മാർക്കു രസപ്രദവുംആയ ഒരു വിനോദം കഥകളിപോലെ വേറെയില്ല. മുദ്രാഭിജ്ഞാനം കുറയുന്നവർക്കും രസിക്കുന്ന തിനു വേണ്ടവക അതിൽഉണ്ടു്. കേരളീ യർക്കു അഭിമാനജനകവും ഗംഭീരവും നാട്യ ശാസ്ത്രത്തെ അടിസ്ഥാനമാക്കി നിർമ്മിക്ക പ്പെട്ടിരിക്കുന്നതും വിജ്ഞാനവിനോദങ്ങളെ പ്രദാനംചെയ്യുന്നതുംആയ ഒരു മഹാകലത ന്നെയാകുന്നു കഥകളി. അതിലെ വേഷ വിധാനാദികളും യുക്തിക്കും ശാസ്ത്രത്തിനും യോജിക്കുന്നവിധം ഏർപ്പെട്ടുത്തിയിരിക്കുന്നു. ഇന്നു വിദേശികളും ഈ പ്രശസ്തകലയെ യോഗ്യതയറിഞ്ഞു കൊണ്ടാടിവരുന്നു.

---

* കേരളീയസംസ്കൃതസാഹിത്യചരിത്രം ൨-ാംഭാഗം നോക്കുക.

പ്രിൻസിപ്പാൾ ശ്രീ: എൻ. ഗോപാലപിള്ള

[ഒരു തൂലികാചിത്രം]

ആർ. കേശവൻ

ലോകം വിശാലവും ജനങ്ങൾ ഭിന്ന പ്രകൃതികളുമാണു്. ഏതെല്ലാം തരക്കാരാണു് സമുദായരംഗത്തു പ്രത്യക്ഷപ്പെട്ടു മറയുന്നതു്. ചെട്ടിമിട്ടക്കും ചരക്കുമിട്ടക്കുമുള്ളവർ ഒരുക്രൂട്ടം; അവർ തങ്ങളുടെ കഴിവുകളെ അതിന്റെ പരമകോടിവരെ വികസിപ്പിച്ചു്, വ്യവസായദൃഷ്ടിയോടുകൂടി, അവ ചെലവാകുന്ന, അഥവാ ചെലവാക്കാവുന്ന കമ്പോളങ്ങൾ കണ്ടുപിടിച്ചു ആ കഴിവുകളെ അവയ്ക്കു ലഭിക്കാവുന്ന അങ്ങേഅറ്റത്തെ വിലയ്ക്കുവിറ്റു പേരുംപെരുമയും നേടി വിശ്വവിഖ്യാതന്മാരായി ജയക്കൊടി പറപ്പിക്കുന്നു. വെറും "കച്ചടാ"ച്ചരക്കേ കൈവശമുള്ളൂ എങ്കിലും ചെട്ടിമിട്ടക്കുകൊണ്ടു ജഗത്തയം വെല്ലുന്ന അല്പസത്വന്മാർ മറെറാരുക്രൂട്ടം. ഇവരുടെ സ്ഥിതി ദയനീയമാണു്. ഇവരുടെ പോരായ്മകളെ, കഴിവുകേടുകളെ, ഇവരെപ്പോലെ മററാരും അറിയുന്നില്ല. അവരുടെ ഹൃദയക്രൂപത്തിലെ നെല്ലിപ്പുലകയോടടുത്തു് സദാ ഉദ്ഗളിച്ചുകൊണ്ടിരിക്കുന്ന ഉറവപോലെ അവ അവരെ വേദനിപ്പിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ ശ്രുഷ്ടിച്ച ചർക്കുകളെ ചായംതേച്ചു പുതുക്കി പകിട്ടുകൂട്ടി പ്രദർശനശാലയിലെന്നപോലെ നിരത്തി അധികാരക്ഷേത്രങ്ങളെ പ്രദക്ഷിണസ്തുതിഗീതാലിവൈതാളികവൃത്തികൊണ്ടു പ്രീണിപ്പിച്ചു് ഔന്നത്യശ്രേണിയുടെ അടിപ്പടികളിൽ കടന്നുകൂടി സമുദായത്തിന്റെ ബാഹ്യവലയങ്ങളിൽനിന്നു് ഉള്ളിലേക്കു കടക്കാൻ നിഷ്ഫലപ്രയത്നം ചെയ്യുന്ന ഭാഗ്യഹീനന്മാരുടെ മുമ്പിൽ കൃകലാസലീല അഭിനയിച്ചു് ജീവിതസാഫല്യം നേടിയതായി മോഹിക്കുന്നു.

ജന്മവാസന, നിശിതമായ മേധാശക്തി, അഭ്യാസപാടവം ഇവയുടെ സമ്മോഹന സമ്മേളനഫലമായി അസാധാരണ സിദ്ധികൾ നേടി, അവയെ കളികഴിഞ്ഞ ചതുരംഗക്കരുക്കളെപ്പോലെ ദൂരെ വലിച്ചെറിഞ്ഞു് കീർത്തിബുദ്ബുദങ്ങളുടെ ഉത്ഭവവിനാശങ്ങളിൽ സമചിത്തരായി, നിസ്സ്പൃഹം, നവംനവങ്ങളായ ഉന്നതസിദ്ധികൾക്കുവേണ്ടി പ്രയത്നിച്ചു് ആ പ്രയത്നങ്ങൾകൊണ്ടുതന്നെ ആത്മവീര്യം നേടുന്ന മഹാസത്വന്മാർ മറെറാരു ക്രൂട്ടം. അപൂർവമായിമാത്രം കാണാറുള്ള ഇക്രൂട്ടരിൽ ഒരാളാണു് ശ്രീ: എൻ. ഗോപാലപിള്ള.

അനതിദീർഘമായ ശരീരം, ചെമ്പകപ്പൂനിറം, സുപ്രസന്നമായ മുഖം, നിതാന്തശുഭ്രമായ വസ്ത്രസഞ്ചയം, ചീപ്പിന്റെ കരാളദന്തങ്ങളെ ഭയന്നു് ആജ്ഞാനുസരണം ഒതുങ്ങിനില്ക്കുന്ന മുടി, നാസികാചൂണ്ണത്തിന്റെ നിരന്തരപ്രയോഗത്താൽ അല്പം അനുനാസികപ്രസരം കലർന്ന സംഭാഷണധ്വനി, വെടിപ്പും ചൊടിപ്പും കലർന്ന് നടപടി ഇവയാണു് അദ്ദേഹത്തെ ആദ്യമായിക്കാണുന്ന ആളിന്റെ ഹൃദയത്തിൽ മുദ്രിതങ്ങളാകുന്നവ. ചില അനദ്ധ്യായദിവസങ്ങളിൽ പ്രഭാതകൃത്യങ്ങൾ കഴിഞ്ഞു്, തന്റെ വിശ്രമമുറി

യിലെ വട്ടമേശയ്ക്കു ചുറ്റും കിടക്കുന്ന ശുഭ്ര വസ്ത്രാവൃതമായ കസേരകളിലൊന്നിൽ ഒറ്റ മുണ്ടുടുത്തു് കൈയിലുള്ള വെള്ളത്തോർത്തു കൊണ്ടു ശരീരാംശങ്ങളെ ക്രൂടെക്കൂടെ തുടച്ചു കൊണ്ടു് തല അല്പം ഒരു വശത്തേക്കുചരിച്ചു് ലോകത്തിന്റെ പൊരുളിലേക്കു ചുഴിഞ്ഞുകയറുന്ന നോട്ടത്തോടുകൂടി അദ്ദേഹം തനിയെ ഇരിക്കുന്നതു നിങ്ങൾക്കു കാണാൻ കഴിയും. നിങ്ങളെക്കണ്ടാൽ കടച്ചുണ്ടുകൾ അല്പം പിൻവാങ്ങി വരിയൊത്തു നിരന്നിരിക്കുന്ന ദന്താഗ്രങ്ങൾ അല്പാല്പം വെളിയിൽ കണ്ടുതുടങ്ങും. "എവിടുന്നാണു"? ഇരിക്കാമല്ലൊ" എന്ന ശബ്ദരൂപത്തിലുള്ള സ്വാഗതം അതിന്റെ പുറകേ എത്തും. നിങ്ങൾക്കു് ന്യായമായഎന്തെങ്കിലും സഹായം ആവശ്യമുണ്ടെന്നു ബോദ്ധ്യമായാൽ തൽക്ഷണം വിനീതപരമാവധിപ്രയോഗിച്ചും അക്കാര്യം സാധിച്ചുതരും. മര്യാദ, വിനയം, അതിഥിപൂജാതല്പരത ഇവയിലേതാണു് അദ്ദേഹത്തിൽ മുന്തിനില്ക്കുന്നതെന്നു് വേർതിരിക്കാൻ പ്രയാസമാണു്. നിങ്ങൾ അദ്ദേഹത്തെ സമീപിച്ചതു് ന്യായമായ ഒരു ആവശ്യവും സാധിക്കാനല്ലെങ്കിൽ, അദ്ദേഹത്തിനു് അപൂർവ്വമായിമാത്രം ലഭിക്കാറുള്ള വിശ്രമത്തെ ഭഞ്ജിക്കാനാണെങ്കിൽ, നിങ്ങളുടെ പത്താംതരം കവിതകൊണ്ടു് അദ്ദേഹത്തെ അലട്ടാനാണെങ്കിൽ ആതിഥേയന്റെ ഭാവമൊന്നുമാറും. കക്ഷമമായ, നിർഘൃണമായ, മുഖത്തടിച്ചപോലുള്ള, വാക്ശരങ്ങൾനിങ്ങളുടെ നേരെ പായുന്നതുകാണാം. ആദിത്യരശ്മിയിൽ പ്രസന്നമായി പുഞ്ചിരിതൂകിക്കൊണ്ടിരിക്കുന്ന കായൽപ്പരപ്പു് മേഘലാഞ്ഛനംകണ്ടു കയക്കുന്നമാതിരി അദ്ദേഹത്തിന്റെ പെരുമാറ്റത്തിന്റെ കോളുമാറുന്നതാണു്. പരിഹാസം ആ വാക്കുകളിൽ, കടൽക്കാറ്റിൽ ജലശീകരംപോലെ, കലർന്നിരിക്കും. അഭിമാനലേശം നിങ്ങളുടെ ജീവിതത്തിലെങ്ങാനും ശേഷിച്ചിട്ടുണ്ടെങ്കിൽ അവിടെനിന്നു രക്ഷപ്രാപിച്ചാൽമതിയെന്നും നിങ്ങളുടെ ഹൃദയക്ഷോഭം നീങ്ങുമ്പോൾ തെറ്റു നിങ്ങളുടേതാണെന്നും നിങ്ങൾക്കുതന്നെ തോന്നും.

ചില സായാഹ്നവേളകളിൽ സഹൃദയന്മാരായ സുഹൃത്തുക്കളുമായി അദ്ദേഹം നമ്മ സല്ലാപങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതു കാണാം. നഗരത്തിലെ അന്നന്നത്തെ പ്രധാനസംഭവങ്ങൾ പലതും ആ സദസ്സിൽ നിത്യപണവിഷയമാകാറുണ്ടു്. ഏറ്റവും പരിമിതമായ വാക്യങ്ങൾകൊണ്ടു് സംഭവങ്ങളേയും പാത്രങ്ങളേയും അതിഭംഗിയായി ചിത്രീകരിച്ചു് ശ്രോതാക്കളുടെ മുമ്പിൽ നിരത്തി നിവൃത്തിത്തരുന്നതു് സദസ്യർക്കുണ്ടു് അനന്ദമടയാറുണ്ടു്. ഏതു സംഭവത്തിലും പാത്രത്തിലും ഒളിഞ്ഞുകിടക്കുന്ന വിനോദാംശങ്ങൾ ചികഞ്ഞെടുത്തു് വികസിപ്പിച്ചു പ്രദർശിപ്പിക്കാൻ അദ്ദേഹത്തിനുള്ള പാടവം അത്ഭുതകരമാണു്. ഇത്തരം സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ വാഗ്വിലാസത്തിന്റെ ഉറവ പരിഹാസത്തിലാണെന്നു് പലരും തീരുമാനിച്ചുപോകും. നിൽക്കുണേ കടലിന്റെ ഭാവവികാരംപോലെ ആ വിനോദരംഗത്തിന്റെ സ്വഭാവം പെട്ടെന്നു മാറിയെന്നുവരാം.

കക്ഷങ്ങളും ഗഹനങ്ങളും ആയ തത്വങ്ങൾ ചിലപ്പോൾ അവിടെ ചർച്ചാവിഷയമാകാറുണ്ടു്. അപ്പോൾ അദ്ദേഹത്തിന്റെ പരിഹാസഭാവം നിശ്ശേഷം മാറി മുഖം കല്ലോലമില്ലാത്ത കടൽപോലെ നിർവ്വികാരമാകും. നേത്രങ്ങളിൽമാത്രം ഒരു തെളിച്ചം മിന്നുന്നതുകാണാം. നാസികാചൂണ്ടും ഒരു 'യൂണിറ'ക്രൂടി നാസാരന്ധ്രങ്ങളിലേക്കുതിരുകിക്കയറി പുതിയ വിഷയത്തിൽ പ്രവേശിക്കുന്നതിനു് ഒരു തയാറെടുപ്പുനടത്തും. പുതിയരംഗം സജ്ജമായി. പർവ്വതസാനുവിൽനിന്നു മുകൾപ്പരപ്പിലേക്കു ഗജയൂഥത്തെ നയിക്കുന്ന യൂഥനാഥനെപ്പോലെ സദസ്യരെ തത്വചിന്തകളുടെ ഉന്നതതലങ്ങളിലേക്കു സാവധാനം നയിക്കുന്ന ആ കാഴ്ച

ബുദ്ധിമാന്മാക്കു് അലൗകികമായ ഒരാനന്ദത്തെ പ്രദാനം ചെയ്യുന്നതാണു്. കൂട്ടത്തിലെ ചില കൂട്ടിക്കൊമ്പന്മാർ യൂഥനാഥന്റെ ലാംഗ്രലാഗ്രം ഗ്രഹിച്ചു് ചിലപ്പോൾ ചില ബലപരീക്ഷകൾ നടത്തിയെന്നുവരാം. വാലിന്റെ ഒരൊറ്റച്ചുഴറ്റൽകൊണ്ടു് ആ കൂട്ടിക്കൊമ്പന്മാർ കവണിലെക്കല്ലുപോലെ ദൂരെത്തെറിക്കുന്നതും അവർ തനിയെ തപ്പിപ്പിടഞ്ഞെഴന്നേറ്റു് പൊടിതട്ടിക്കളഞ്ഞു് യൂഥപനെ പഴയപോലെ അനുഗമിക്കുന്നതും രസകരമായ കാഴ്ചയാണു്. പ്രത്യേകവൈദഗ്ധ്യം ലഭിച്ചിട്ടുള്ള സാങ്കേതികവിഷയങ്ങളിൽ തങ്ങളുടെ പ്രാമാണ്യം സ്ഥാപിക്കുന്നതിനായി സദസ്യരിൽ ചിലർ തുനിയുന്ന ചില അപൂർവ്വസന്ദർഭങ്ങളും ഉണ്ടാകാറുണ്ടു്. പ്രാവുകൾ മത്സരിച്ചു പറക്കുന്നതു നിങ്ങൾ കണ്ടിരിക്കാം. ചില പറവകൾ ആകാശത്തിൽ അനുസ്യൂതമായ വലയങ്ങളിൽക്രൂടി വട്ടമിട്ടുപറന്നു് വളരെ ആയാസപ്പെട്ട ആകാശാരോഹണം നിർവ്വഹിക്കുമ്പോൾ മറ്റു ചിലതു് ആകാശത്തിൽ കൂട്ടിക്കരണമടിച്ചു, ഒരു ലംബരേഖയിൽ ക്രൂടിയെന്നപോലെ, നിഷ്പ്രയാസം അഭ്രമണ്ഡലങ്ങളിലേക്കുയരുന്നതു കാണാം. ശ്രീ. ഗോപാലപിള്ള ഗഹനവിഷയങ്ങളിൽ വാദപ്രതിവാദത്തിലേർപ്പെട്ടിരിക്കുന്നതു കാണുമ്പോൾ രണ്ടാമത്തെ ജാതിപ്രാവിന്റെ രീതിവിശേഷമാണു് ഓർമ്മവരുന്നതു്.

സൗന്ദര്യാവബോധം ശ്രീ: ഗോപാലപിള്ളയുടെ ഒരു പ്രത്യേകതയാണു്. അതു് അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ പടർന്നുപിടിച്ചിട്ടുണ്ടു്; ശരീരം, ഉടു, നടു, ഉപയോഗിക്കുന്ന മുറികൾ, ഗേഹാസന്നസ്ഥലികൾ ഇവയിലെല്ലാം; ഭാഷ, സംഭാഷണം ഇത്യാദികളിലും; ഇവ നിർമ്മലമായിരുന്നാൽ പോരാ, സാന്ദർഭികസൗന്ദര്യം തുളുമ്പുന്നവയുമായിരിക്കണം; ആഡംബരരഹിതങ്ങളും. അദ്ദേഹത്തിന്റെ ഭാഷാപ്രയോഗത്തിലും കാണാം ഈ സൗന്ദര്യാരാധനാതല്പരത. അദ്ദേഹത്തിന്റെ കൃതികൾ മുഴുവൻ ഇതിനുദാഹരണമാണു്. സംസ്കൃതം, ഇംഗ്ലീഷു്, മലയാളം ഈ ഭാഷകൾ ഒരുപോലെ സ്വാധീനമാക്കിയിരിക്കുന്ന ഈ പണ്ഡിതൻ ഇതര ഭാഷാസ്പർശമേല്ക്കാതെ കൈരളിയെ ലാളിക്കുന്നതു് വിസ്മയകരമാണു്. ദുഷ്യന്തനെക്കാണുന്നതിനുമുമ്പു കണ്വാശ്രമത്തിലെ ഉദ്യാനത്തിൽ വിഹരിച്ചിരുന്ന ശകുന്തളയെപ്പോലെയാണു് അദ്ദേഹത്തിന്റെ മലയാളശൈലി—ലളിതം; ആകർഷകം; സ്വാഭാവികം; നിസർഗ്ഗസുന്ദരം; അനുകരണീയം.

ശ്രീ: ഗോപാലപിള്ള ഒരു ശവിഷ്ണുനാണെന്നു പലരും പറഞ്ഞുകേട്ടിട്ടുണ്ടു്. അദ്ദേഹം ശവിഷ്ണുനാകാം, വിനയസമ്പന്നനും ആകാം. നാം അദ്ദേഹത്തെ സമീപിക്കുന്ന രീതിഭേദമനുസരിച്ചു് അദ്ദേഹം ശവിഷ്ണുനോ വിനീതനോ ആകാം. അല്പജ്ഞരായ കവിപദപ്രാർത്ഥികൾക്കു്, വൻപു് നടിക്കുന്ന അല്പസത്വന്മാക്കു്, ആവശ്യമില്ലാതെ കടന്നുചെല്ലുന്ന സമയം കൊല്ലികൾക്കു്, പാണ്ഡിത്യപ്രദർശനംകൊണ്ടു പ്രശംസകൈക്കലാക്കാൻ വെമ്പുന്ന ഉത്താനബുദ്ധികൾക്കു് അദ്ദേഹം ശവിഷ്ണുനായിത്തോന്നാം; അവർ പതിതധർമ്മജന്മാരായി ബഹിഷ്കൃതരാകുന്നതു നിശ്ചയം. ജിജ്ഞാസുക്കൾക്കു്, പണ്ഡിതന്മാക്കു്, സഹൃദയന്മാക്കു്; അദ്ദേഹത്തിന്റെ സഹായം വാസ്തവത്തിൽ അർഹിക്കുന്നവക്കു്, അല്പമെങ്കിലും ജീവചൈതന്യമോ കാര്യബോധമോ ഉള്ളവക്കു് അദ്ദേഹം വിനീതനാണു്; അനുകമ്പാമൂർത്തിയാണു്, പൂച്ചയെപ്പിടിച്ചു തലയിൽ നിന്നു വാലിലേക്കു് അനുലോമമായി ഒന്നു തലോടുക. ആനന്ദസൂചകമായി, നിരന്തരമായി ഒരു രേഫധ്വനി പുറപ്പെടുവിച്ചുകൊണ്ടു് അതുനിങ്ങളോടൊത്തു കളിക്കും. നേരേമറിച്ചു്, വാലിൽനിന്നു് തലയിലേക്കു് പ്രതിലോമമായി ഒന്നമർത്തിത്തടവുക; അപ്പോൾക്കാണാം അതിന്റെ ചീറ്റലും മാന്തലും. ദിലീപൻ ജലജന്തുരത്നസമൃ

സപ്നദേവത

(ടാഗോർ)

[വിവ: ജെ. ഹെൻറി. ബി. എ. വടക്കാഞ്ചേരി]

കുസുമം ആവശ്യപ്പെട്ടു: "ചേട്ടൻ ഒരു പാട്ട് കഥകൾ ഉണ്ടാക്കി പറയുന്ന ആളല്ലെ? എനിയ്ക്കൊരു കഥപറഞ്ഞുതരൂ!"

"ലേകത്തിൽ രണ്ടു് വ്യത്യസ്ത ധർമ്മങ്ങൾ കാണാം. സത്യവും അതിസത്യവും. അതിസത്യം എന്ന വകുപ്പിലാണു് എന്റെ വ്യാപാരങ്ങളെല്ലാം"

"എല്ലാവരും കുറപ്പെട്ടതാവുണ്ടു്, ചേട്ടൻ പറയുന്നതു് ആർക്കും മനസ്സിലാകാറില്ലെന്നു്."

"അതു് ശരിയാണു്. പക്ഷെ അവർക്കു് മനസ്സിലാകുന്നില്ലെങ്കിൽ അതു് അവരുടെ മാത്രം കുറമാണു്."

"എന്നാൽ ഈ അതിസത്യം എന്നു് പ

ണ്ണമായ കടൽപോലെ അളകൾക്കു് സ്വാപ്യനും അധ്യഷ്യനുമായിരുന്നു. അതുപോലെതന്നെ ശ്രീ: എൻ. ഗോപാലപിള്ളയും. ഒരിക്കൽ ഒരു അപ്രസിദ്ധന്റെ ലേഖനം വായിച്ചിട്ടു് ആ മനുഷ്യനെ പതിവില്ലാത്തപോലെ സ്തുതിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും കേട്ടു. അയാൾ പ്രസിദ്ധന്മാരായ പലരേക്കാളും മെച്ചമാണെന്നുക്രൂടി അയാളോടുതന്നെ പറഞ്ഞു. അയാൾ പോയശേഷം സ്നേഹിതന്മാരോടു് പറയുകയാണു്—"അയാൾ വളരെ കഴിവുള്ള ഒരാളാണു്. ഗദ്യവും പദ്യവും ഒരുപോലെ സ്വാധീനമാണു്. പാണ്ഡിത്യവും ചിന്തയും ഉണ്ടു്. പക്ഷേ ആത്മവിശ്വാസക്കുറവു് വളരെയാണു്. അയാൾ സാഹിത്യത്തിൽ പ്രവേശിക്കുന്നതു് ഭാഷയ്ക്കു് നഷ്ടമായി വരികയില്ല" എന്നു്.

ഭാഷാത്രയപണ്ഡിതനായ ഈ പ്രതിഭാസമ്പന്നൻ, ഈ ചിന്താശീലൻ, ലളിതഗ്രന്ഥങ്ങൾമാത്രം നിമ്മിച്ചു് സംതൃപ്തനാകുന്നതെന്താണു്? പ്രൗഢഗ്രന്ഥങ്ങൾ രചിച്ചു് കൈരളിയെ അനുഗ്രഹിക്കാത്തതെന്താണു്? ഈ ചോദ്യങ്ങൾ നിങ്ങൾക്കെന്നപോലെ എനിക്കും ഉണ്ടാകാറുണ്ടു്. ഉത്തരം ഊഹിക്കാനേ വഴിയുള്ളൂ. കീർത്തിധനാദികളുടെ അത്യഗ്രശൂന്യതയിലുള്ള വിശ്വാസമാകാം. സ്വന്തം മാനദണ്ഡമനുസരിച്ചു് ഗ്രന്ഥനിർമ്മാണത്തിനുള്ള തയാർപൂർത്തിയായിട്ടില്ലായിരിക്കാം. രണ്ടാംതരം ഗ്രന്ഥങ്ങൾ എഴുതാനുള്ള മനസ്സില്ലായ്മയാവാം. ശാകുന്തളത്തിൽ കുറഞ്ഞ ഒരു നാടകമോ കുമാരസംഭവത്തിൽ കുറഞ്ഞ ഒരു കാവ്യമോ എഴുതാനുള്ള മടിയാകാം, വെറും മടിയുമാവാം. കഴിയുമെങ്കിൽ ഒന്നാംതരം, ഇല്ലെങ്കിൽ ഒന്നുംവേണ്ട' എന്നായിരിക്കാം ഭാവം. ഔദ്യോഗികജീവിതവും ഗ്രന്ഥരചനയും തമ്മിലുള്ള പൊരുത്തക്കേടാവാം. ഇതെല്ലാംക്രൂടിയുമാവാം. ഏതായാലും നാം അക്ഷമരാകേണ്ട കാലമായില്ല. അദ്ദേഹം യൗവ്വനത്തിന്റെ പോക്കുവെയിലിൽ ഇന്നും കനകപ്രഭനാണു്. മേൽ പറഞ്ഞ മൂന്നു ഭാഷകളിലുമുള്ള ഉത്തമഗ്രന്ഥങ്ങൾ അദ്ദേഹം വായിക്കാറുണ്ടു്. ചിന്തയുടെ രോമന്ഥം അവയെ സ്വായത്തമാക്കാറുമുണ്ടു്. കാലവും കർമ്മവും ഒക്കുമ്പോൾ കൈരളി അനുഗ്രഹീതയാകും. അദ്ദേഹം ദീർഘായുഷ്മാനായിരിക്കട്ടെ!

റയുന്നതു് എന്താണെന്നു് എനിക്കൊന്നും മനസ്സിലാക്കിത്തരൂ!"

"ശരി ഒരു ഉദാഹരണത്തോടെ ആവാം. നീ കുസുമമാണെന്നു് എല്ലാവർക്കും അറിയാം. ആർക്കും അതിൽ അഭിപ്രായവ്യത്യാസമില്ല; അതു് സത്യവുമാണു്. ഒരായിരം തെളിവുകളോടെ അതു് വേണമെങ്കിൽ സമർത്ഥിക്കാം. എന്നാൽ നീ നന്ദനോദ്യാനത്തിൽനിന്നു് ഒളിച്ചോടിപ്പോന്ന ഒരു ദേവകന്യകയാണെന്നു ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. അതു് അതിസത്യമാണു്."

സന്തോഷത്താൽ കുസുമം പുഞ്ചിരിതൂകി: "അതു് വളരെ നന്നായിട്ടുണ്ടു്. പക്ഷെ, ചേട്ടൻ അതെങ്ങനെ മനസ്സിലാക്കി?"

"ഈ അടുത്തദിവസം നിനക്കു് ക്ലാസ്സു് പരീക്ഷയുണ്ടായിരുന്നില്ലേ? അന്നു് നീ കിടക്കവിരിച്ചു് അതിൽ ഇരുന്നു് ഭ്രമിശാസ്ത്രം മനഃപാഠമാക്കുകയായിരുന്നു. വായന മുറുകി, അവസാനം ഉറക്കംതൂങ്ങി നിന്റെ തല കിടക്കയിൽ പതിച്ചു. നീ അങ്ങനെ സുഖമായി ഉറക്കമായി. അന്നു് പൗർണ്ണമിയായിരുന്നു. ഉറന്നു് കിടന്നിരുന്ന ജാലകത്തിലൂടെ നിന്റെ മുഖത്തും, നീലാകാശവർണ്ണത്തിലുള്ള സാരിയിലും ആ പാലൊളിനിലാവു് പരന്നു. ദേവലോകരാജധാനിയിലെ ദ്വാരപാലകൻ ഒളിച്ചോടിപ്പോന്ന ദേവകന്യകയുടെ വിവരം അറിയുന്നതിനു് ഇവിടെ വന്നിരിക്കുന്നതാണെന്നു് എനിക്കു് അപ്പോൾ വ്യക്തമായി. അവൻ ഞാൻ ഇരുന്നിരുന്ന വാതായനത്തിന്നരികെവന്നു. അവന്റെ വെള്ളവസ്ത്രാഞ്ചലം മുറിയ്ക്കകത്തേയ്ക്കു് കാറ്റിൽ പറന്നെത്തി. അവൻ നിന്റെ മേൽ നഖശിഖാന്തം കണ്ണോടിച്ചു. ഒരു പക്ഷെ, നീ അവരുടെ ക്രുദ്ധത്തിൽനിന്നു് ഒളിച്ചുപോന്ന ദേവകന്യകയാണോ, അല്ലയോ എന്നു് മനസ്സിലാക്കുവാൻ അവന്നു് ആദ്യനോട്ടത്തിൽ കഴിഞ്ഞില്ലായിരിക്കാം. നീ ഈ ലോകത്തിലെ കുമാരിയാണെന്നും, ഭ്രമിയുടെ മടിയിൽനിന്നു് നിന്നെ എടുത്തുകൊണ്ടുപോകുന്നതു് അത്ര എളുപ്പമല്ലെന്നും അവൻ വിചാരിച്ചിരുന്നിരിക്കാം. വാസ്തവത്തിൽ ഭാരം കണക്കാക്കുകയാണെങ്കിൽ അവന്നു് നിന്നെ അങ്ങു് ചുമന്നുകൊണ്ടുപോകുവാനും സാദ്ധ്യമല്ല. ക്രമേണ ചന്ദ്രൻ ആകാശത്തിലുയർന്നു. മുറിക്കകത്തു് ഇരുട്ടു വ്യാപിച്ചു. തലകുലുക്കിക്കൊണ്ടു ദ്വാരപാലകൻ ഉദ്യാനത്തിലെ വൃക്ഷനിഴലുകളിലേയ്ക്കു് മറഞ്ഞു. അന്നേദിവസമാണു ഞാൻ ഗ്രഹിച്ചതു് നീ നന്ദനോദ്യാനത്തിലെ ദേവകന്യകയാണെന്നും ലോകത്തിന്റെ ഭാരത്താൽ ഇവിടെ ബന്ധിതയായതാണെന്നും."

"എന്നാൽ ഞാൻ എങ്ങനെയാണു് ദേവലോകത്തിൽനിന്നു് ഇവിടെ എത്തിയതു്."

"ഒരു ദിവസം ഒരു പൂമ്പാറ്റയുടെ ചിറകിലേറി പാരിജാതവനത്തിൽ നീ പറന്നു് കളിക്കുകയായിരുന്നു. ചക്രവാളത്തിന്റെ ചെരുവിലുള്ള പടവിൽ ഒരു കടത്തുവഞ്ചി കിടക്കുന്നതു് നീ പെട്ടെന്നുകണ്ടു. ധവളമേഘങ്ങളാൽ നിർമ്മിക്കപ്പെട്ടിരുന്ന അതു് കാറ്റിൽ ഉലഞ്ഞു. പൊടുന്നനവെ ഉണ്ടായ തീരുമാനത്തിന്റെ ഫലമായി നീ ആ തോണിയിൽ കയറി. അതു് ഇളകി ദ്രുതഗതിയിൽ ഗമിച്ചു. ഭ്രമിയുടെ പടവിൽ തോണി അടുത്തപ്പോൾ നിന്റെ അമ്മ നിന്നെ കോരിയെടുത്തു് നിലത്തിറക്കി"

കുസുമം ആനന്ദത്തോടെ കൈകൊട്ടി ചോദിച്ചു.

"ഇതു് വാസ്തവത്തിൽ സത്യമാണോ?"

"സത്യമോ? ആരുപറഞ്ഞു സത്യമാണെന്നു്. ഞാനുണ്ടോ, അതിനും, സത്യത്തെ വകവെയ്ക്കുന്നു? ഇതു് അതിസത്യമാണു്."

"എന്നാൽ എനിക്കു ദേവലോകത്തിലേയ്ക്കു് മടങ്ങിപ്പോകുവാൻ സാധിക്കുമോ?"

"നിന്റെ കിനാവുകളുടെ പാക്കപ്പലിൽ ദേവലോകത്തിലെ കാറ്റു വീശുമ്പോൾ ഒരു പക്ഷെ നിനക്കു പോകുവാൻ കഴിയും:"

'ഇതാണെന്റെ പ്രാർത്ഥന'

['ഇതാണെന്റെ പ്രാർത്ഥന' എന്ന ശീർഷകത്തിൽ മുപ്പതുവർഷംമുമ്പ് മഹാകവി ടാഗോർ മഹാത്മാഗാന്ധിക്കയച്ചിരുന്ന ഒരു വിലയേറിയ കത്ത് 'ഹരിജൻ' ഈ ജൂലൈ 4-ാംന- പ്രസിദ്ധം ചെയ്തിരിക്കുന്നു]

1919 ഏപ്രിൽ 13-ാംന- നടന്ന ജലിയൻവാലാബാഗ് സംഭവത്തിൽ പരിണമിച്ച കാര്യങ്ങളെ പരാമർശിച്ചുകൊണ്ട് ഏപ്രിൽ 1-ാംന- മഹാകവി എഴുതിയിരുന്ന പ്രസ്തുത കത്ത് ഗാന്ധിജി സൂക്ഷിച്ചിരുന്ന രേഖകളുടെ കൂട്ടത്തിൽനിന്നു കണ്ടുകിട്ടുകയാണ് ചെയ്തത്.

കത്തിന്റെ പൂർണ്ണരൂപം ഇതാണു്.

ശാന്തിനികേതൻ,
ഏപ്രിൽ 1—1919.

പ്രിയമഹാത്മജി,

ശക്തി അതിന്റെ സകല രൂപങ്ങളിലും അയുക്തംതന്നെയാണു്; കണ്ണടച്ചു വണ്ടിവലിച്ചുകൊണ്ടു പോകുന്ന കുതിരയെപ്പോലെ. അതിലെ മാനസികാംശം വണ്ടിയോടിക്കുന്ന മനുഷ്യനിൽ മാത്രമാണു് പ്രതിനിധീഭവിക്കുന്നതു്. സഹനസമരം സ്വയം അവശ്യം ധാർമ്മികമായ ഒരു ശക്തിവിശേഷമല്ല. അതു സത്യത്തിനുവേണ്ടിയെന്നപോലെ അസത്യത്തിന്റെ നേർക്കും പ്രയോഗിക്കപ്പെടാവുന്നതാണു്. എല്ലാ ശക്തിയിലും അന്തർഭവിക്കുന്ന വിപത്തു് അതിനു വിജയസാദ്ധ്യത കാണുമ്പോൾ ഉൽക്കടതരമായിത്തീരുന്നു. എന്തെന്നാൽ അപ്പോൾ അതു കാമനയായി പരിണമിക്കുന്നു.

"അപ്പോൾ ഏതു പാതയിലൂടെയാണു് ഞാൻ പോകേണ്ടതു്? വളരെ വളരെ ദൂരെയാണോ ദേവലോകം?"

"ഛെയ്—അതു തൊട്ടടുത്താണു്"

"എന്നാൽ എത്രദൂരമുണ്ടാകും?"

"ദൂരമോ? നമ്മൾ തമ്മിൽ ഇപ്പോൾ ദൂരമുണ്ടോ? അത്രതന്നെ. വഴി ഞാൻ പറഞ്ഞുതരാം. നിനക്കു് ആ കിടക്കയിൽനിന്നു് എഴുന്നേല്ക്കുകപോലും വേണ്ട. ശ്രദ്ധിച്ചുകേൾക്കു! മുറിക്കകത്തു അടുത്ത പ്രാവശ്യം ചന്ദ്രകിരണങ്ങൾ പ്രവേശിക്കുമ്പോൾ നീ പുറത്തേക്കു നോക്കിയാൽ നിന്റെ സംശയങ്ങളെല്ലാം മാറും. ചന്ദ്രികാപ്രവാഹത്തിലൂടെ വെള്ളിമേഘത്തോണിവരുന്നതു് നീ അപ്പോൾ കാണും. നീ ഇപ്പോൾ ഭൂമിയിലെ കുമാരിയായതുകൊണ്ടു് കടത്തുവഞ്ചിയിൽ കയറുവാൻ നിനക്കു് സാധിക്കയില്ല. നിന്റെ ശരീരം ഇവിടെ ഉപേക്ഷിച്ചു്, ക്ഷുദ്രകാരനായി മനസ്സിനെ മാത്രമേ ഈ യാത്രയിൽക്കൂടെ കൊണ്ടുപോകുവാനുപാടുള്ളൂ. നിന്റെ സത്യം ഇവിടെ ഭൂമിയിൽ നിവസിക്കുകയും, നിന്റെ അതിസത്യം മാത്രം ദേവലോകത്തിൽ വിഹരിക്കുകയും ചെയ്യും. ഞങ്ങൾക്കാർക്കും അതിനെ പിടിച്ചുകെട്ടുവാൻ കഴിയുകയുമില്ല."

"എന്നാൽ ശരി. പൗർണ്ണമിദിനം ഞാൻ ആകാശം ഉറ്റുനോക്കിക്കൊണ്ടിരിക്കാം. ചേട്ടൻ എന്റെ കയ്യുപിടിച്ചു എന്റെകൂടെ വരാമോ?"

"അതു സാദ്ധ്യമല്ല; എന്നാൽ ഞാൻ ഇവിടെ ഇരുന്നുംകൊണ്ടു നിനക്കു വഴികാട്ടിത്തരാം. അതു് എന്റെ അധികാരത്തിൽപ്പെട്ടതാണു്. ഞാൻ അതിസത്യത്തിന്റെ ഒരു വ്യാപാരിയാണല്ലൊ."

നന്മയുടെ സഹായംകൊണ്ടു തിന്മയെ എതിർക്കുകയെന്നുള്ളതാണു് അങ്ങയുടെ ഉപദേശമെന്നു ഞാൻ അറിയുന്നുണ്ടു്. എന്നാൽ അത്തരം സമരം വീരപുരുഷന്മാർക്കുള്ളതാണു്. ക്ഷണികമായ വികാരാവേശങ്ങൾക്കു വശംവദരായവർക്കുള്ളതല്ല. ഒരു പക്ഷത്തെ തിന്മ സ്വാഭാവികമായിത്തന്നെ മറുപക്ഷത്തും തിന്മയെ ജനിപ്പിക്കുന്നു. അനീതി അക്രമത്തിലേക്കും അവമതി പ്രതീകാരചിന്തയിലേയ്ക്കും നിഭാഗ്യവശാൽ നയിക്കുന്നു. ആവിധത്തിലൊരു ശക്തിയുടെ പ്രവർത്തനം ആവിർഭവിച്ചുകഴിഞ്ഞിരിക്കുന്നു. സംഭ്രാന്തികൊണ്ടോ ക്രോധംകൊണ്ടോ നമ്മുടെ അധികാരികൾ അവരുടെ ദംഷ്ടകൾ നമ്മുടെ നേരേ കാട്ടുന്നു. അതിന്റെ സുനിശ്ചിതഫലം നമ്മളിൽ ചിലരെ രോഷത്തിന്റെ രഹസ്യസരണിയിലേക്കും മറ്റു ചിലരെ തികഞ്ഞ മനോവീര്യനാശത്തിലേയ്ക്കും പായിക്കുകയെന്നതായിരിക്കയും ചെയ്യും.

ഈ വിഷമസന്ധിയിൽ അങ്ങു മഹനീയനായ ജനനേതാവെന്ന നിലയിൽ ആദർശത്തിലുള്ള—ഇൻഡ്യയുടെ ആദർശമെന്നു അങ്ങേയ്ക്കറിയാവുന്ന ആദർശത്തിലുള്ള—അചഞ്ചലവിശ്വാസത്തെ പ്രഖ്യാപനം ചെയ്തുകൊണ്ടു നമ്മുടെയിടയിൽ നിലകൊള്ളുന്നു. നിഗ്രഹമായ പ്രതീകാരത്തെയും ഭീതിഗ്രസ്തരുടെ കീഴടക്കത്തെയും ഒന്നുപോലെ എതിർക്കുന്ന ആദർശം. ബുദ്ധൻ അദ്ദേഹത്തിന്റെ കാലത്തു്, എന്നല്ല എല്ലാകാലത്തേക്കുംവേണ്ടി, പറഞ്ഞിരുന്നതുപോലെതന്നെ അങ്ങും പറഞ്ഞിരിക്കുന്നു. "കോപത്തെ കോപമില്ലായ്മയുടെ ശക്തികൊണ്ടും തിന്മയെ നന്മയുടെശക്തികൊണ്ടും ജയിച്ചടക്കുക."

നന്മയുടെ ഈ ശക്തി അതിന്റെ ഉണ്മയും ബലവും തെളിയിക്കേണ്ടതു് അതിന്റെ ഭയബുദ്ധികൊണ്ടല്ല. ഭീകരതയുളവാക്കുവാനുള്ള ശക്തിയിൽ വിജയം ആശ്രയിച്ചിരിക്കുന്നതും, തികച്ചും നിരായുധരായ ഒരു ജനതയുടെ നേരേ സംഹാരയന്ത്രം പ്രയോഗിപ്പാൻ ലജ്ജിക്കാത്തതുമായ ഏതൊരധികാരംചെലുത്തലിനേയും അംഗീകരിക്കുവാനുള്ള വിസമ്മതംകൊണ്ടാണതു തെളിയിക്കേണ്ടതു്. മാനസികമായ നേട്ടം പുറമേയുള്ള വിജയത്തിലല്ലെന്നു നാം അറിയേണ്ടതായിരിക്കുന്നു. പരാജയം ആ നേട്ടത്തിന്റെ അന്തസ്സിനെയോ യോഗ്യതയെയോ നശിപ്പിക്കുന്നുമില്ല. വമ്പിച്ച ഭൗതികശക്തി പിന്നിലുള്ള തിന്മയ്ക്കെതിരായി നിലകൊള്ളുന്നതു വിജയംതന്നെയാണെന്നു് ആദ്ധ്യാത്മികമായ ജീവിതത്തിൽ വിശ്വസിക്കുന്നവർക്കറിയാം. പ്രത്യക്ഷമായ പരാജയത്തെ ചെറുത്തുകൊണ്ടതന്നെ ആദർശത്തിനുവേണ്ടി നിലകൊള്ളുന്ന സജീവവിശ്വാസത്തിന്റെ വിജയമാണതു്.

സ്വാതന്ത്ര്യമെന്ന മഹാസിദ്ധി ഒരു കൃപാദാനമായി ഒരു ജനതയ്ക്കു് ഒരിക്കലും വന്നുചേരുന്നതല്ലെന്നു് എനിക്കു് എപ്പോഴും തോന്നിയിട്ടുണ്ടു്. എപ്പോഴും അതു ഞാൻ പറഞ്ഞിട്ടുമുണ്ടു്. സ്വാതന്ത്ര്യം നമ്മുടേതാകണമെങ്കിൽ നാം അതിനെ നേടിയെടുക്കുകതന്നെ വേണം. ജയിച്ചുകീഴടക്കിയ അവകാശത്തിന്മേൽ ഇൻഡ്യയെ ഭരിക്കുന്നവരെ അതിശയിക്കുന്ന മാനസിക ശ്രേഷ്ഠത തനിക്കുണ്ടെന്നു് ഇൻഡ്യയ്ക്കു തെളിയിക്കാൻ സാധിക്കുന്ന നിമിഷ

ത്തിൽ സ്വാതന്ത്ര്യം നേടുവാനുള്ള സന്ദർഭം ഇൻഡ്യയ്ക്കു വന്നുചേരുകയും ചെയ്യും. ക്ലേശസഹനമാകുന്ന തപസ്സ് ഇൻഡ്യ മനസ്സോടെ വരിക്കണം. മഹത്വത്തിന്റെ മകുടമായ ക്ലേശസഹനം അങ്ങയുടെ മാതൃഭൂമിക്കാവശ്യമായ സമയത്തു്, മാതൃഭൂമിയുടെ ജീവിതോദ്ദേശത്തെ അനുസ്മരിപ്പിക്കുവാനും, വിജയത്തിന്റെ സാക്ഷാത്തായ പാതയിലൂടെ മാതൃഭൂമിയെ നയിക്കുവാനും ഇന്നത്തെ രാഷ്ട്രതന്ത്രത്തെ അതിന്റെ ദുർബലതയിൽനിന്നു് — നയതന്ത്രപരമായ നേരുകേടിന്റെ വേഷത്തിൽ ഞെളിഞ്ഞുനില്ക്കുമ്പോൾ ഉദ്ദേശം സാധിച്ചതായി വ്യാമോഹിക്കുന്നദുർബലതയിൽനിന്നു് — വിനിർമ്മുക്തമാക്കുവാനുമായി അങ്ങു വന്നിരിക്കുന്നു.

അതുകൊണ്ടാണു് ഞാൻ അത്യന്തം ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കുന്നതു്, നമ്മുടെ ആത്മീയമായ സ്വാതന്ത്ര്യത്തെ ദുർബലമാക്കുവാൻപോരുന്ന യാതൊന്നും അങ്ങയുടെ സമരപദ്ധതികളിൽ കടന്നുകൂടാതെയിരിക്കട്ടെയെന്നു്, സത്യത്തിനുവേണ്ടിയുള്ള ആത്മബലി വെറും ബാഹ്യരൂപങ്ങളിൽ പറിച്ചുനടുന്ന വികാരാന്ധതയായി, പാവനങ്ങളായ പേരുകളുടെ മറവിൽ പതുങ്ങുന്ന ആത്മവഞ്ചനയായി ഒരിക്കലും അധഃപതിക്കാതിരിക്കട്ടെയെന്നു്.

ഈ മുഖവുരയോടുകൂടി അങ്ങയുടെ ശ്രേഷ്ഠപ്രവർത്തനത്തിനു് ഒരു കവിയുടെ സംഭാവനയായി താഴെപ്പറയുന്ന ഉപഹാരം ഞാൻ സമർപ്പിച്ചുകൊള്ളട്ടെ.

"സ്നേഹത്തിന്റെ പരമധീരത എനിക്കു നൽകുക, ഇതാണു് എന്റെ പ്രാർത്ഥന — ഇഷ്ടംപോലെ പറയുവാനും, പ്രവർത്തിക്കുവാനും, ക്ലേശിക്കുവാനും സകലതും ഉപേക്ഷിക്കുവാനും തനിച്ചാക്കപ്പെടുവാനുമുള്ള ധീരത.

"സ്നേഹത്തിന്റെ പരമമായ വിശ്വാസം എനിക്കു നൽകുക, അതാണു് എന്റെ പ്രാർത്ഥന. മരണത്തിലെ ജീവിതത്തിലും, തോൽവിയിലെ വിജയത്തിലും, സൗന്ദര്യത്തിന്റെ ലോലതയിൽ കുടികൊള്ളുന്ന ശക്തിപ്രകർഷത്തിലും, പ്രഹരം സ്വീകരിക്കുകയും എന്നാൽ അതു തിരിച്ചുനൽകുന്നതിനെ പുച്ഛിക്കയുംചെയ്യുന്ന വേദനാസഹനബുദ്ധിയുടെ പ്രൗഢിയിലുമുള്ള വിശ്വാസം."

സ്വന്തം, രവീന്ദ്രനാഥടാഗോർ.

വിവ: N. B. R.

കൈപ്പറ്റി.

1. **Zero B. C.** or Chirstopanishad — A Drama,
   By Sree T. K. N Thrivikram,
   World culture Publications, Sivaji Park, Bombay, 28:
2. പേടിസ്വപ്നങ്ങൾ — ശ്രീ: പൊൻകുന്നം ദാമോദരൻ.
3. തോണിക്കാരി — ശ്രീ: കുട്ടംപേരൂർ എം. ഗോവിന്ദൻനമ്പൂതിരി.
4. അർദ്ധരാത്രിയിൽ — ശ്രീ: മേച്ചേരിൽ ഗോപാലകൃഷ്ണൻ.
5. പരാഗം — ശ്രീ: സി. മാധവൻപിള്ള.

"ഇനിയാരു്—"

[ഗുരുദേവൻ പലവർഷംമുമ്പു എഴുതിയിരുന്ന വരികൾ! ക്രാന്തദർശിയും ശ്രീകാലജ്ഞനുമായ മഹാകവിയുടെ മഹാത്മജിയുടെ യജ്ഞസമാപ്തി ദർശനഭ്രതിയിലെത്തിയിരുന്നുവോ?] ടാ: പാ:

ദുഷ്ടതംകേറുംക്രൂ സൂക്ഷ്മമാഹ്വാനമൊന്നുണ്ടായീ
"ഒത്തുനീങ്ങുകനമ്മാൽ സംസിദ്ധ്യാവ്വിയിലെത്താൻ!"
ഉൾക്കളമിളക്കുമായാഹ്വാനം വക്ത്രേ വക്ത്രേ
ഉൽക്കടവേഗംപാഞ്ഞു, സർവ്വവൈഭവസാന്ദ്രം.
കൽശമേറുമായ്താൻ പോകുമധ്വാവോപാന്തം
ശർക്കരാകണ്ടകഘനസങ്കീർണ്ണമനുപദം.
നായകശ്രേഷ്ഠൻ,മഹാൻ, നിർഭയം മുന്നോട്ടുതാൻ
പോകുന്നു; പിന്നിലുണ്ടുശകുതൻ, ശകുതൻ,പിന്നെ
ബാലകൻ, വൃദ്ധൻ, യുവാ,വവശൻ ശിക്ഷാബലൻ
ചാലുകൾ പലതുരിക്കുന്നിയോത്തുഴവോന്നും
ഒട്ടുചെന്നപ്പോൾ തളർന്നൊട്ടുപേർ വശംകെട്ടു,
മുട്ടുനോവുന്നോർചിലർ, കാൽനൊന്തുകുഴങ്ങുവോർ
ഒട്ടുപേർകൈശലത്തിലകന്നു, വിശ്വാസമേ
വിട്ടുപോയവർ ചിലരങ്ങനെനിന്നുപോയി.

* * * * * *

ശൂരനായ്സ്വയമെണ്ണുമൊരുവൻചാടിവീണു
ഭാരുണംപ്രഹരിച്ചു, സഹസാ, നേതാവിനെ!

* * * * * *

തജ്ജഡംനിപതിച്ചു ഭൂമിയിൽ ഗതപ്രാണം
നിശ്ചലംനിലയായീ നിശ്ശബ്ദനിശീഥിനീ!
പിച്ചകപ്രസൂനങ്ങൾ നഭസ്സിൽ സൗരഭത്തിൻ
കൊച്ചലച്ചാർത്തു മേന്മേലച്ചിച്ചങ്ങനെനിന്നു!
അത്യന്തഭയാക്രാന്തരുധാഗർപരസ്പരം
ചോദ്യമായ്"ഇനിയാരു നമ്മളെനയിക്കുവാൻ?"
വൃദ്ധൻപൊരസ്സ്മൃനോതി "നമ്മളാൽകൊല്ലപ്പെട്ടോൻ!"
സ്തബ്ധരായ്നിലകൊണ്ടുസർവ്വരും; തുടർന്നവൻ;
"ഉൾസജ്ജിച്ചവിശ്വാസാൽ, കൊലചെയ്തരോഷത്താൽ,
വരിക്കുകിനി സ്നേഹത്താലവൻതന്നെനമ്മാൽ;
മൃതിയിലൂടെയവൻ ജീവനായ്നമ്മിലെല്ലാം
കൂടികൊള്ളുന്നു, മഹാമൃത്യുജേതാവായ്, നിത്യം!"

വിവ: എൻ. ബി. ആർ.

ശിവഗിരിമാസിക

എഡിറ്റർമാർ:— സ്വാമി മംഗളാനന്ദ, സ്വാമി സച്ചിദാനന്ദ, കെ. കെ. രാഘവപ്പണിക്കർ.

ശ്രീനാരായണഗുരുദേവന്റെ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ മതതത്വങ്ങളേയും സാഹിത്യതത്വങ്ങളേയും വിശദീകരിക്കുന്ന ഒരു ഉത്കൃഷ്ടമാസിക!

'ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴ്'വാൻ പ്രേരണ നൽകുന്ന ഐക്യസന്ദേശങ്ങളും, സുഖവും സമാധാനവും തരുന്ന ഉപദേശങ്ങളും; വിവേകവും വിജ്ഞാനവും നൽകുന്ന തത്വപ്രതിപാദനങ്ങളും, വാദപ്രതിവാദങ്ങളും, മഹച്ചരിതങ്ങളും, കവിതകളും മുതലായവ ശിവഗിരിയുടെ എല്ലാലക്കങ്ങളിലും ഉണ്ടായിരിക്കും.

അറിവിനും ആനന്ദത്തിനുംവേണ്ടി ശിവഗിരിമാസിക വായിക്കുവിൻ!

വരിസംഖ്യ മുൻകർ. ആണ്ടൊന്നുക്ക് രൂ. 5. ആറുമാസത്തേക്ക് രൂ. 2 ണ. 8.
ഇന്ത്യയ്ക്ക് പുറമേ ആണ്ടൊന്നുക്ക രൂ. 6. ഒറ്റപ്രതി അണ 9.
പരസ്യക്കുലിനിരക്കുകൾക്കും മാറും എഴുതിച്ചോദിക്കുക.

സ്വാമി നിജാനന്ദ,
മാനേജർ, ശിവഗിരിമാസിക, വക്കല, തിരുവിതാംകൂർ

Ramakrishna Timbers

ALLEPPEY—Travancore.

Telegrams: "RAMTIMBER"

Manufacturers & dealers of up to date High Class Furniture. Stockists and suppliers of all varieties of Travancore Timbers.

Enquiries Solicited:—

Prop:

V. S. RAMAKRISHNAN NAIR.

For
Visitors to Trivandrum

Swaraj Lodge

Near the Railway Station & Bus Stand.

Is the most comfortable centrally situated Rest House, Single, double & family rooms with sanitary arrangements. (in upstairs itself)

Prop: P. G Sreedharan Nair,
Swaraj Lodge,
Thampanoor, Trivandrum.

GRANDHALOKAM

OFFICIAL ORGAN OF THE ALL TRAVANCORE LIBRARY ASSOCIATION

GLA

ADVERTISEMENT TARIFF

Front Cover Page	....	(Reserved)
Back Cover Page	....	Rs. 70 per insertion
	....	Rs. 60 per insertion, if three insertions or more
Cover Page 2	....	Rs. 60 per insertion
	....	Rs. 40 per insertion, if three consecutive insertions or more
Cover Page 3	....	Rs. 50 per insertion
	....	Rs. 40 per insertion if 3 insertions or more
Any other Page	....	Rs. 40 per insertion
Half Page	....	Rs. 25 ,,
Quarter Page	....	Rs. 15 ,,
Below Quarter Page	....	Rs. 10 ,,

For further details apply to:

The Manager, GRANDHALOKAM, Trivandrum.

N. B. വിശ്വസ്തന്മാരായ ഏജൻറന്മാരെ എല്ലാസ്ഥലത്തും ആവശ്യമുണ്ട്.

കർഷകൻ – മാസിക

കർഷകൻ, തൊഴിലാളി, മുതലാളി, പ്രഭു, പ്രമാണി, വ്യാപാരി, ഉദ്യോഗസ്ഥൻ തുടങ്ങി മറെറല്ലാപേക്കും വായിച്ചു രസിക്കാനും ചിന്തിക്കാനുമുള്ള വിജ്ഞാനപ്രദങ്ങളും, വിനോദകരങ്ങളുമായ ഗദ്യപദ്യ ലേഖനങ്ങൾ, ചെറുകഥകൾ, കുറിപ്പുകൾ എന്നിവയെല്ലാം കർഷകൻ മാസികയുടെ എല്ലാ ലക്കങ്ങളിലും ഉണ്ടായിരിക്കുന്നതാണ്.

പരസ്യത്തിനു പററിയ മാസിക. ഏജൻറന്മാരെ ആവശ്യമുണ്ട്.

മാനേജിംഗ് എഡിററർ: വെളിയം കൃഷ്ണപിള്ള,
കർഷകൻ ആഫീസ്, കൊട്ടാരക്കര, തിരുവിതാംകൂർ.

ടാഗോർ

(ഉത്തമ സാഹിത്യ മാസിക)

ചീഫ് എഡിറ്റർ,
ടി. കെ. നാരായണക്കുറുപ്പ്

മാനേജിംഗ് എഡിറ്റർ,
കലവറ കൃഷ്ണൻനായർ ബി. എ.

വാർഷിക വരിസംഖ്യ (മുൻകൂർ.)

	ക്ര. ണ.	ക്ര. ണ.	ക്ര. ണ.
അഞ്ചലിൽ	൪ ൦	പോസ്റ്റിൽ	൫ ൦	ഇന്ത്യയ്ക്കുപുറമേ	൬ ൦
അർദ്ധവാർഷികം	,,	൨ ൦	,,	൨ ൬	,,	൩ ൬

ഒറ്റപ്രതി വില ണ. ൧.

ഏജൻറന്മാരെ കേരളത്തിലും പുറമെയും പല സ്ഥലങ്ങളിൽ ഇനിയും ആവശ്യമുണ്ട്.

പരസ്യങ്ങൾമൂലം കൂടുതൽ പ്രയോജനം സിദ്ധിക്കണമെന്നുള്ളവർ ടാഗോറിൽ പരസ്യം ചെയ്യുക.

കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ!

മാനേജർ,

ടാഗോർ—കൊല്ലം.

അഭ്യർത്ഥന

ടാഗോർമാസികയുടെ സുസ്ഥിരമായ നടത്തിപ്പിനും, സേവനത്തിനും ആത്മാർത്ഥമായ മാന്യ വരിക്കാരിൽ, ഇതേവരെയും പണം തന്നിട്ടില്ലാത്തവർ, ദയവ... ഇനിയും ഒരറിയിപ്പിനുംമറവും കാത്തിരിക്കാതെ ഉടനടി വാർഷിക വരിസം... യോ, അർദ്ധവാർഷികവരിസംഖ്യയോ, അതുമല്ലെങ്കിൽ നാളതുവരെ കിട്ടിയിട്ടു... മാസികയുടെ വിലയോ അയച്ചുതന്നു സഹായിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു. "അല്പമായ ത്യാഗങ്ങൾക്കു വ്യക്തികൾ പ്രദർശിപ്പിക്കുന്ന അനാസ്ഥനിമിത്തം ഇതുപോലെ പല വിശിഷ്ടസംരംഭങ്ങളും കേരളത്തിൽ ഉപയോഗശൂന്യവും നിർജ്ജീവവുമായിത്തീർന്നിട്ടുണ്ട്" എന്ന മാന്യരായ നിങ്ങളെക്കുറിച്ചു ആക്ഷേപം തോന്നാതിരിക്കുവാൻതക്കവണ്ണം താങ്കളുടെ കർത്തവ്യം നിർവ്വഹിച്ചു ഞങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാനഭ്യർത്ഥിച്ചുകൊള്ളുന്നു.

മാനേജിംഗ് എഡിറ്റർ.

Reg. No. T. 203.
License No. 433.

TAGORE

Reg. No. M.
Dated 3-3-19

ഗ്രാമസ്വരാജ്

— ഒരു ഉൽകൃഷ്ട ദേശീയ വാരിക —

(മാനേജിംഗ് എഡിറ്റർ, ശ്രീ. എം. പി. മന്മഥൻനായർ)

രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ നിഷ്പക്ഷനിരൂപണങ്ങൾക്കും ഫലിതരസപ്രധാനമായ ലേഖനങ്ങൾക്കും ഗ്രാമസ്വരാജ് വായിക്കുക.

സുപ്രസിദ്ധ ഫലിത വിമർശകനായ "ചിന്താമണി"യുടെ ലേഖനങ്ങളും സുപ്രസിദ്ധ ഹാസ്യചിത്രകാരനായ ശ്രീ. കെ. എസ്. പിള്ളയുടെ കാർട്ടൂണുകളും ഗ്രാമസ്വരാജിന്റെ പ്രത്യേകതയാണ്.

ഗാന്ധിമാർഗ്ഗത്തിൽക്കൂടിയുള്ള ഒരുജനകീയവിപ്ലവത്തിന്റെ ശംഖധ്വനം മുഴക്കി നിങ്ങളെ കർത്തവ്യോൻമുഖരാക്കുന്ന ഈ വാരിക ഓരോ ഭവനങ്ങളിലും ചെന്നെത്തേണ്ടതാണ്.

വരിസംഖ്യ (എപ്പോഴും മുൻകൂർ) ആണ്ടിൽ 9 രൂ. ഒറ്റപ്രതി 3 ണ.

ഓരോ കേരളീയ ഭവനത്തേയും പ്രതിവാരം സന്ദർശിക്കുന്ന ഗ്രാമസ്വരാജ് പരസ്യക്കാരുടെ ഉത്തമബന്ധുവാണ്.

കൂടുതൽ വിവരങ്ങൾക്ക്:

മാനേജർ, ഗ്രാമസ്വരാജ്, ചങ്ങനാശേരി.

'ജയകേരളം'
സ്വാതന്ത്ര്യദിനവിശേഷപ്രതിപ്പ്

സ്വാതന്ത്ര്യദിനത്തിൽ

ഞങ്ങൾ കേരളീയരുടെ മുമ്പിൽവയ്ക്കുന്ന കാണിക്ക! കേരളത്തിലെ സുപ്രസിദ്ധ കലാകാരന്മാരുടെ വിലാസവേദിയായിരിക്കും ഈ പതിപ്പ്!

ആർട്ടുകവറിൽ കമനീയമായ മുഖചിത്രത്തോടുകൂടി 64 പ്രേജുകളിലധികമുണ്ടായിരിക്കുന്ന ഈ പതിപ്പിനു് ആറണ മാത്രമേ വില നിശ്ചയിക്കുന്നുള്ളൂ. ഏജൻറുമാർ ആവശ്യമുള്ള കോപ്പികളുടെ എണ്ണം അഡ്വാൻസുസഹിതം ഉടനടി അറിയിക്കുക. അപേക്ഷ. പരസ്യനിരക്കുകൾക്കും മറ്റു വിവരത്തിനും എഴുതിച്ചോദിക്കുക.

ഹെഡാഫീസ്: 66 ബെൽസ് റോഡ്, മട്ടാഞ്ചേരി 5

കേരളാ ഓഫീസ്: ദർബാർഹാൾ റോഡ്, സൗ. റെ. സ്റ്റേഷനുസമീപം
എറണാകുളം.

Printed and published by T. K. Narayana Kurup at the Sree Rama Vilas Press